മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഓഗസ്റ്റ് 2003




ASSUMPTION OF ST. MARY
AUGUST-15





പുതുപ്പള്ളി പള്ളി കൂദാശ : ഓഗസ്റ്റ് 18, 19



പുതുപ്പള്ളി പള്ളിയുടെ
പുതിയ മദ്ബഹാ

സ്വാതന്ത്ര്യ ദിനാശംസകൾ

# വായനക്കാരുടെ കത്തുകൾ

## അപകടകരമായ ജനാധിപത്യം

2003 ജൂണിൽ മലങ്കരസഭയിൽ, "അപകടകരമായ ജനാധിപത്യം" എന്ന തലക്കെട്ടിൽ, ലേഖകൻ സംഘടിത ന്യൂനപക്ഷത്തിന്റെ ഇടവകകളിലെ ദുർഭരണത്തിലേക്കു വിരൽ ചൂണ്ടുന്നു. അക്കൂട്ടത്തിൽ, പുരോഹിതന്മാരുടെ സമയബന്ധിത സ്ഥലംമാറ്റത്തെപ്പറ്റിയും പ്രായമായ പുരോഹിതർ ചെറിയ ഇടവകകളിലേക്കു തള്ളപ്പെടുന്ന സ്ഥിതി വിശേഷത്തെപ്പറ്റിയും പരാമർശിക്കുന്നു. കൂടാതെ ഇടവകപ്പട്ടക്കാരുടെ പഴയകാലഭരണക്രമങ്ങളും അതിന്റെ നന്മകളും വിലയിരുത്തുന്നുണ്ട്.

ഇടവക പുരോഹിതൻ ഭരണകർത്താവും ആത്മീയ ഉപദേഷ്ടാവും ആയിരിക്കുന്നപോലെതന്നെ പ്രാധാന്യമേറിയതാണല്ലോ അജപാലനവും (pastoral care) സാമൂഹ്യ പ്രതിബദ്ധതയും, സ്വയമേയുള്ള മാതൃകാ ജീവിതശൈലിയും, ഓർത്തഡോക്സ് സഭയിലെ പൊതുവേയുള്ള പൗരോഹിത്യ അപ്രമാദിത്വ ഭാവവും ചില ഇടവകകളിലെ മേൽത്തട്ടുകാരോടു മാത്രമുള്ള പുരോഹിത ബന്ധവും നല്ലൊരു വിഭാഗം വിശ്വാസികളെ അസംതൃപ്തരാക്കിയിരുന്നു. ഈ പുരോഹിത മേൽക്കോയ്മയിൽ അസംതൃപ്തരായി മറ്റു സഭകളിലേക്ക് ചിലർ ചേക്കേറുകയും ചെയ്തിട്ടുണ്ട്.

പുതിയ തലമുറയിലെ ചെറുപ്പക്കാരായ പുരോഹിതരിൽ കാണുന്ന സാമൂഹ്യ പ്രതിബദ്ധതയും, ആത്മീയ ഉണർവ്വും, അജപാലന തല്പരതയും വളരെ ശോഭനമായ ഭാവിയെ വാഗ്ദാനം ചെയ്യുന്നു. ആത്മീയ പ്രബുദ്ധതയും അജപാലന തല്പരതയും ഉള്ള ഇടവക പുരോഹിതർക്ക് സ്വന്തക്കാരുടെ പിൻബലമോ മറ്റു വേരുകളോ ഇടവക ഭരണത്തിന് വേണ്ടി വരില്ല. ഇടവകയെ ശുശ്രൂഷിക്കാൻ തല്പരനായ പുരോഹിതൻ ഇടവകയുടെ ആത്മീയ പിതാവും നേതാവും ആയിരിക്കും. ആടുകളെ അറികയും പരിപാലിക്കയും ചെയ്യുന്ന ഇടയന് സംഘടിത ന്യൂനപക്ഷത്തിന്റേയും മറ്റ് ഇടവകാംഗങ്ങളുടെയും പിന്തുണ സംശയലേശമെന്യേ ലഭിച്ചിരിക്കും എന്ന ശുഭാപ്തി വിശ്വാസം ഞങ്ങളെ നയിക്കുന്നു.

പീറ്റർ മട്ടയ്ക്കൽ,
പാലാരിവട്ടം, കൊച്ചി

•

## സഭാമക്കൾ എന്തുകൊണ്ട് ശുശ്രൂഷകൾക്കു പുറത്താകുന്നു?

മലങ്കരസഭ ജൂലൈ ലക്കത്തിൽ എഴുതിയ പരിശുദ്ധാത്മ ഫലവും വരങ്ങളും എന്ന ലേഖനം വളരെ അവസരോചിതമായി. പെന്തിക്കോസ്തി ശുശ്രൂഷയിൽ വിശ്വാസികൾ കാട്ടുന്ന താത്പര്യക്കുറവാണല്ലോ അതിലെ കാതലായ ഒരംശം. ഓർത്തഡോക്സു സഭാ പാരമ്പര്യം അതിമഹത്താണ്. ഇത്ര മഹത്തായ ഈ സംസ്ക്കാരത്തിൽ, അതിലെ അംഗങ്ങൾ എന്തുകൊണ്ട് മൗനികളായിത്തീരുന്നു എന്നകൂടി ഒന്നു വ്യാഖ്യാനിച്ചാൽ നല്ലതായിരുന്നു. പരിശുദ്ധാത്മ ഫലത്തിലധികം വരം മതിയെന്ന താത്വിക സമീപനം മാത്രമേ ആ ഭാഗത്തെപ്പറ്റി പ്രതിപാദിക്കുന്നുള്ളു.

നമ്മുടെ സഭാമക്കൾ എന്തുകൊണ്ട് ശുശ്രൂഷകൾക്കു പുറത്താകുന്നു? കാരണം, ഒരു അത്മായന്റെ നോട്ടത്തിൽ, അവർക്കതിൻ വലിയ പങ്കു കാണുന്നില്ല. പെന്തിക്കോസ്തി ശുശ്രൂഷയിൽ വിശ്വാസികൾ പങ്കെടുക്കേണ്ടത് അതിലെ ഗീതങ്ങൾ ആലപിച്ചും പ്രാർത്ഥിച്ചും കൊണ്ടാണ്. ഈ ദിവസത്തെ എത്ര ഗീതങ്ങൾ വിശ്വാസികൾക്കറിയാം. എത്രയോ അർത്ഥ ഗംഭീരവും ചിന്താമധുരവുമായ ഗാനങ്ങൾ ശുശ്രൂഷക്കാർ ആലപിക്കുമ്പോൾ ജനങ്ങൾക്കു പങ്കില്ലാത്തതിനാൽ മൗനികളാകുന്നു, പുറത്തേക്കിറങ്ങുന്നു. ഈ ഗീതങ്ങൾ അവർ പഠിക്കേണ്ടതല്ലെ? പണ്ടൊക്കെ കൺവെൻഷനുകളിൽ നമ്മുടെ കൂദാശാഭാഗത്തുനിന്നുള്ള ഒന്നോരണ്ടോ ഗീതങ്ങൾ ആലപിച്ച് അതിന്റെ അർത്ഥ സാരാംശം നൽകുമായിരുന്നു. ഇന്ന് അതില്ലല്ലോ.

നമ്മുടെ സഭയിൽ ഒരു പുതിയ ആത്മീയ ചൈതന്യം കൈവരിക്കണമെങ്കിൽ വളരെയധികം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. സാന്ദർഭികമായി ഒരു പദ്ധതി നിർദ്ദേശിച്ചുകൊള്ളട്ടെ.

1) ദേവാലയത്തിൽ നടത്തുന്ന എല്ലാ കൂദാശകളുടെയും ഗീതങ്ങൾ പുസ്തക രൂപത്തിലാക്കി അതതു ദിവസങ്ങളിൽ വിശ്വാസികൾക്കു നല്കാം. അവസാനിക്കുമ്പോൾ തിരികെ വാങ്ങി വയ്ക്കുകയും ചെയ്യാം. 2) കൂദാശകളിലെ ഗീതങ്ങൽ വി.സി.ഡി. യിൽ രേഖപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് MGOCSM, MOC തുടങ്ങിയ സംഘടനകൾ വഴി വിതരണം നടത്താം. 3) നമ്മുടെ കൺവൻഷനിലും അതുപോലുള്ള യോഗങ്ങളിലും സാന്ദർഭികമായി ഒന്നോരണ്ടോ ഗീതങ്ങൾ ആലപിച്ച് അതിന്റെ സാരാംശം വെളിപ്പെടുത്തിക്കൊടുക്കാവുന്നതാണ്. 4) സൺഡേസ്ക്കൂൾ പുസ്തകങ്ങളിൽ ഒന്നോരണ്ടോ രാഗങ്ങൾ മനസിലാക്കുമാറുള്ള ഗീതങ്ങൾ ചേർക്കാം. 5) സഭാ വക മത്സരങ്ങളിലെ ഗീതങ്ങൾ നിശ്ചയമായും കൂദാശാ ഗീതങ്ങൾ ആയിരിക്കണമെന്ന് നിഷ്ക്കർഷിക്കാം.

ഇതിൽ ഏതെങ്കിലും കാര്യം സഭാ വിശ്വാസത്തനതീതമാണെങ്കിൽ സദയം ക്ഷമിക്കുക.

ഡോ. പി. എം. തോമസ്
പത്തനംതിട്ട

•

## ധൂപാർപ്പണം - ഒരു സംശയം

നമ്മുടെ ഒരു പള്ളിയിൽ സഭയിലെ ഒരു അഭിവന്ദ്യ തിരുമേനി വി. കുർബാന അർപ്പിക്കുകയായിരുന്നു. പട്ടക്കാരുടെ കുക്കിലിയോൻ ചൊല്ലുന്ന അവസരത്തിൽ സന്നിഹിതനായിരുന്ന ഒരു വൈദികനെ വിളിച്ച് ശുശ്രൂഷക്കാരനിൽ നിന്നും ധൂപക്കുറ്റി വാങ്ങി ധൂപം വീശുവാൻ ആവശ്യപ്പെട്ടു. പട്ടക്കാർ തന്നെ വേണം ആ അവസരത്തിൽ ധൂപം വീശേണ്ടത് എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു കാർമ്മികനായ ഒരു പട്ടക്കാരൻ മാത്രമേയുള്ളുവെങ്കിലും പട്ടക്കാരുടെ കുക്കിലിയോൻ സമയത്തും പല പട്ടക്കാരും ശുശ്രൂഷകനിൽ നിന്നും ധൂപക്കുറ്റി വാങ്ങി ധൂപം വീശുന്ന പുതിയ ഒരു രീതിയും കണ്ടുവരുന്നു. ഇത് ആവ

ശേഷം 29-ാം പേജിൽ


# മലങ്കരസഭ

ലക്കം 8, പുസ്തകം 59
ഓഗസ്റ്റ് 2003





**പത്രാധിപസമിതി**

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0488 - 2523001, 2524001 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348 (Res.)
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)



**വരിസംഖ്യ**

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| ഇന്ത്യയിൽ | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| വിദേശത്തേക്ക് | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


# ഉൾത്തുടിപ്പുകൾ

CONTENTS


**എഡിറ്റോറിയൽ**

4 പ്രതികരണങ്ങളിൽ മാന്യത കാത്തുസൂക്ഷിക്കുക
- ഫാ. ഡോ. ജോൺ പണിക്കർ

5 മഹാപുരോഹിത സന്ദേശം

**സ്വാതന്ത്ര്യദിന ചിന്തകൾ**

6 അഭിനവ കോളനി വാഴ്ചയും ക്രൈസ്തവ സഭയും
- ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

**കവിത**

14 സമൂഹ മനസ്സിൽ മാറ്റൊലികൊള്ളുന്ന മഹിമ
- ഫാ. പി. പി. ഗീവർഗീസ്, പാമ്പാടി

**ആരാധനാ പഠനം**

15 ഓർത്തഡോക്സ് ആരാധനയും വേദപുസ്തകവും
- ഡോ. പുന്നൂസ് യു. പാനൂർ, തോട്ടയ്ക്കാട്

**അനുസ്മരണം**

21 കെ. എം. തരകന്റെ സാഹിത്യ ദർശനം
- പോൾ മണലിൽ

**ലേഖനങ്ങൾ**

9 ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മലങ്കരസഭ
- ഡോ. സിബി തരകൻ

13 ആദിവാസികളുടെ ജീവിതവും യുവജനപ്രസ്ഥാന ധർമ്മവും
- ഫാ. കെ. വൈ. വിൽസൺ

16 The Malankara Orthodox Church of India
- Metropolitan Philipose Mar Eusebius

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, ബൈബിൾ പഠനം,
ബൈബിൾ പദപ്രശ്നം,
ബൈബിൾ കടങ്കഥകൾ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# പ്രതികരണങ്ങളിൽ മാന്യത കാത്തുസൂക്ഷിക്കുക

**ഫാ. ഡോ. ജോൺ പണിക്കർ**

2003 ആഗസ്റ്റ് 15-ന്, ഭാരതത്തിന് വിദേശാധിപത്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ലഭിച്ചിട്ട് 56 വർഷം പൂർത്തിയാകുന്നു. സ്വതന്ത്ര്യ പ്രാപ്തിക്കു ശേഷം ശാസ്ത്ര, സാംസ്ക്കാരിക, സാമ്പത്തിക, വ്യാവസായിക മണ്ഡലങ്ങളിൽ ഭാരതം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ഇവിടുത്തെ ജനതയ്ക്ക് അഭിമാനകരമാണ്. എന്നാൽ, ജീവിത സ്വാതന്ത്ര്യങ്ങൾ ഓരോ ദിവസവും അടിയറവെക്കേണ്ടി വരുന്ന ജനത തികഞ്ഞ ആശങ്കയോടെയാണ് ഭാവിയെ വീക്ഷിക്കുന്നത്. മതേതര രാഷ്ട്രമായ ഭാരതത്തിൽ വളർന്നുകൊണ്ടിരിക്കുന്ന അനാരോഗ്യകരമായ മതതീവ്രവാദവും, വിദേശകുത്തകകളുടെ മുമ്പാകെയുള്ള അടിയറവയ്ക്കലും, സ്വാർത്ഥത മൂലം മാറിമാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സിദ്ധാന്തങ്ങളും സുഗമമായ ജനജീവിതത്തിനു തടസ്സമാകുന്നു.

മാനുഷ്യരെല്ലാമൊന്നുപോലെയെന്നു വിശ്വസിച്ചിരുന്ന കേരള ജനതയ്ക്ക് അനുദിനം കൊള്ളയും കൊള്ളിവയ്പും അക്രമവും നേരിടേണ്ടി വരുന്നു. സ്വാർത്ഥതയിൽ അധിഷ്ഠിതമായ ഒരു സംസ്ക്കാരം ഇന്നു കേരളത്തിൽ തഴച്ചു വളരുന്നതുകൊണ്ട് നീതിക്കു വേണ്ടി പൊരുതുന്നവരൊക്കെ മുഖ്യധാരയിൽ നിന്നു പുറത്താകുന്നു. മുത്തങ്ങ്, കുപ്പണ, മാറാട് തുടങ്ങിയ നിരവധി ദുരന്തങ്ങൾ ഒന്നിനു പുറകെ മറ്റൊന്നായി ഉണ്ടാകുമ്പോൾ നീതി ലഭിക്കേണ്ട ജനം രാഷ്ട്രീയ-വർഗ്ഗീയവാദികളുടെ വാദപ്രതിവാദങ്ങളിൽ കുരുങ്ങി വീണ്ടും ചൂഷണത്തിനു വിധേയരാകുന്നു; വൈകിയെത്തുന്ന നീതി അവർക്കു പ്രയോജന രഹിതമായി ഭവിക്കുകയും ചെയ്യുന്നു.

ഭാരത ക്രൈസ്തവർ എന്ന നിലയിൽ നമുക്കു ചില കർത്തവ്യങ്ങളുണ്ട്:-

1) നന്മയെയും തിന്മയെയും വേർ തിരിച്ചറിയുവാനുള്ള വിവേകം:-

ബാഹ്യശക്തികളുടെയോ സാഹചര്യങ്ങളുടേയോ സമ്മർദ്ദങ്ങൾക്കതീതമായി പ്രശ്നങ്ങളെ സമഗ്രമായി അപഗ്രഥിക്കുവാനും നന്മയ്ക്കുവേണ്ടി നിലകൊള്ളുവാനുമുള്ള സന്മനസ്സാണ് ഇവിടെ ആവശ്യം. ഉദാഹരണമായി, ന്യൂനപക്ഷ സമ്മർദ്ദത്തെക്കുറിച്ച് ശ്രീ. എ. കെ. ആന്റണി പുറപ്പെടുവിച്ച പ്രസ്താവന സംബന്ധിച്ച് രാഷ്ട്രീയ നേതാക്കന്മാരുടെ ഇടയിൽ ഉണ്ടായ കോളിളക്കത്തിന്റെ അലകൾ ഇനിയും അവസാനിച്ചിട്ടില്ല. ശ്രീ. ആന്റണിയുടെ പ്രസ്താവനയേക്കൾ ഉപരി അതിനു ലഭിച്ച സമ്മിശ്ര പ്രതികരണങ്ങൾ സമൂഹത്തിൽ ന്യൂനപക്ഷ ഭൂരിപക്ഷ ചിന്താഗതിയുടെ ആക്കം വർദ്ധിപ്പിച്ചു എന്നു കരുതുന്നതാകും കൂടുതൽ ശരി. മതമേലദ്ധ്യക്ഷന്മാരും സാമുദായിക നേതാക്കളും ഇങ്ങനെയുള്ള പ്രസ്താവനകളെ മനസാന്നിദ്ധ്യത്തോടും ക്രിയാത്മകമായും വിലയിരുത്തി പ്രതികരിക്കാൻ ശ്രമിച്ചാൽ പ്രതികരണങ്ങളിലെ നന്മ അതേ അർത്ഥത്തിൽ തന്നെ ജനങ്ങളിലേക്കെത്തും. ഇക്കാര്യത്തിൽ കേരളത്തിലെ സാധാരണ ജനങ്ങൾ പുലർത്തിയ പക്വതയും തീരുമാനശക്തിയും നേതാക്കൾ മനസ്സിലാക്കണം.

ii) നന്മയെ തിരിച്ചറിഞ്ഞാൽ അതിനെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കണം:- ഇത് വ്യക്തിപരമായ നഷ്ടങ്ങൾക്കു കാരണമായേക്കാം. യേശു തമ്പുരാൻ ഉപദേശിക്കുന്ന സ്വയത്യാഗത്തിന്റെ (self denial) പ്രസക്തി ഇവിടെയാണ്. ബറബാസിനെ ആവശ്യപ്പെട്ട സമൂഹം ക്രിസ്തുവിനെ ക്രൂശിച്ചു. പക്ഷേ മൂന്നാം ദിവസം സത്യം ഉയർത്തെഴുന്നേറ്റപ്പോൾ ക്രൂശിന്റെ ചുവട്ടിലെ ശതാധിപന്റെ സാക്ഷ്യം ലോകജനതയുടെ ഭൂരിപക്ഷം ഏറ്റു പറഞ്ഞു. നന്മയെ അറിഞ്ഞുകൊണ്ട്, സ്വാർത്ഥ താൽപര്യങ്ങൾക്കായി തിന്മയുടെ ഭാഗത്തു നിൽക്കുമ്പോൾ പ്രതികരണത്തിലെ മാന്യത നഷ്ടപ്പെടുന്നു. ഇങ്ങനെയുള്ളവർ കർത്താവിന്റെ വാക്കു കേൾക്കണം: "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ നിങ്ങൾക്കു കഴിയുകയില്ല."

## മലങ്കരസഭ വരിസംഖ്യ

*ഇന്ത്യയിൽ*

| | |
|---|---|
| ഒറ്റപ്രതി | : 7 രൂപ |
| ഒരു വർഷം | : 75 രൂപ |
| 4 വർഷം | : 300 രൂപ |
| 10 വർഷം | : 750 രൂപ. |

*വിദേശത്തേക്ക്*

ഒരു വർഷം : 600 രൂപ.

## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 10000 |
| Back page (B/W) | : | 5000 |
| Front Inside | : | 3750 |
| Back Inside | : | 3500 |
| Full page | : | 3000 |
| Half page | : | 1750 |
| Quarter page | : | 1250 |
| Minimum | : | 750 |
| Favours Block (Stamp Size) | : | 300 |



# മഹാപുരോഹിത സന്ദേശം



വാത്സല്യമുള്ളവരേ,

വി. കൂടാരപ്പെരുന്നാൾ, പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം എന്നിവയാൽ ഓഗസ്റ്റ് മാസം അനുഗ്രഹിക്കപ്പെട്ടതാണ്.

ദൈവരാജ്യത്തിലേക്കുള്ള രുപാന്തരത്തിന്റെ അനുഭവമാണ് താബോർ മലയിൽ കാണുന്നത്. മനുഷ്യരെ ദൈവീകരണത്തിന്റെ സന്ദേശം ഓർമ്മിപ്പിക്കുന്നതാണ് കൂടാരപ്പെരുന്നാൾ. മനുഷ്യനും പ്രപഞ്ചം മുഴുവനും രൂപാന്തരപ്പെടുവാൻ താബോർ മലയിലെ അനുഭവം ഇന്നും കാരണമാകണം. ദൈവപുത്രന് ചെവികൊടുക്കുവാനുള്ള ആഹ്വാനം ഇവിടെ വളരെ ശക്തമാണ്. ആത്മീയ പ്രഘോഷണങ്ങൾ ധാരാളമുണ്ടെങ്കിലും ബധിരരെന്ന് നടിക്കുന്നതാണ് ഇന്നിന്റെ പ്രശ്നം. ദൈവിക പ്രകാശത്തിൽ നിന്ന് അകലെ നിൽക്കുന്ന മനുഷ്യ സമൂഹം താബോറിലെ ആരാധനാ സംസ്ക്കാരത്തിലേക്ക് അതായത് ജീവനുള്ളവരും വാങ്ങിപ്പോയവരും ചേർന്ന് ആരാധിക്കുന്ന അനുഭവത്തിലേക്കും അതിലൂടെ തേജസ്ക്കരണത്തിലേക്കും വളരണം.

പ. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുനാളിനോടനുബന്ധിച്ച് വി. സഭ പ. നോമ്പ് ആചരിക്കുന്നു. വ്യക്തികളെയും, കുടുംബങ്ങളെയും, സഭയെയും സമൂഹത്തെയും ശുദ്ധീകരിക്കുവാൻ വി. നോമ്പ് പര്യാപ്തമാണ്. പ. ദൈവമാതാവിന്റെ ജീവിത വിശുദ്ധിയും വിനയവും ത്യാഗമനോഭാവവും ജീവിതത്തിലേക്ക് ആവഹിക്കുവാൻ സഭാ മക്കൾ ശ്രദ്ധിക്കണം. സഭാ മക്കളുടെ ഹൃദയം ദൈവമാതാവിന്റെ ഉദരം പോലെയാകണം. യേശു ക്രിസ്തു ഹൃദയങ്ങളിൽ ജനിക്കുവാനും അവനുവേണ്ടി കഷ്ടം അനുഭവിക്കുവാനും ഏവരും തയ്യാറാകണം. പ. ദൈവമാതാവിന്റെ മഹത്വമേറിയ വാങ്ങിപ്പ് അനുഭവവേദ്യമാക്കുവാൻ നമുക്കേവർക്കും സാദ്ധ്യമാകണം.

ഓഗസ്റ്റ് 15-ാം തീയതി ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമാണ്. ലഭിച്ച സ്വാതന്ത്ര്യത്തെ നാം ഇനിയും പൂർണ്ണമായി ഉൾക്കൊണ്ടിട്ടില്ല. ധാർമ്മികതയിലൂന്നിയ രാഷ്ട്ര നിർമ്മാണമാണ് ഇപ്പോൾ ആവശ്യമായിരിക്കുന്നത്. എല്ലാ സംസ്ക്കാരങ്ങളെയും മതങ്ങളെയും ഉപദേശീയതകളെയും ഉൾക്കൊള്ളുന്ന ഭാരതമെന്ന മഹാദേശീയതയുടെ ഭാഗമാണ് നാമെന്ന ബോധം എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം. ഇന്നുണ്ടാകുന്ന വർഗ്ഗീയ കലാപങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും ദൗർഭാഗ്യകരമാണ്. എല്ലാ മതങ്ങളും ആത്യന്തിക സത്യത്തിൽ നിലനിന്നുകൊണ്ട് ഭാരതത്തിന്റെ കെട്ടുറപ്പിനും പുരോഗതിക്കുമായി പ്രവർത്തിക്കണം.

വി. കുടാരപ്പെരുന്നാളും പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളും ആത്മീയ പരിപോഷണത്തിന് ഉതകട്ടെ. ഏവർക്കും നമ്മുടെ സ്വാതന്ത്ര്യദിന ആശംസകൾ! ദൈവം അനുഗ്രഹിക്കട്ടെ!

## ഡോ. കെ. എം. തരകൻ നിത്യതയിലേക്ക്



സുപ്രസിദ്ധ സാഹിത്യകാരനും പത്ര പ്രവർത്തകനുമായിരുന്ന ഡോ. കെ. എം. തരകൻ കഴിഞ്ഞ ജൂലൈ 15-ന് അന്തരിച്ചു. മലങ്കരസഭയുടെ അഭിമാനഭാജനമായിരുന്ന അദ്ദേഹം മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ പുത്രനാണ്. സാഹിത്യത്തിലും സംസ്ക്കാരത്തിലും പുലർത്തേണ്ട സദാചാരമൂല്യങ്ങളെക്കുറിച്ചു വ്യക്തമായ ധാരണ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശോഭ അടുത്തറിയാവുന്ന ആരും വിസ്മരിക്കാനിടയില്ല. സഭാ പിതാക്കന്മാരുടെ ദർശനങ്ങളെ വിശകലനം ചെയ്തു സഭാംഗങ്ങൾക്കു നൽകുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. മലങ്കരസഭ മാസിക, മലങ്കര സഭ പ്രസിദ്ധീകരണ സമിതി, ഓർത്തഡോക്സ് വൈദിക സെമിനാരി തുടങ്ങിയവയുടെ ചരിത്രത്തിൽ കെ. എം തരകന് പ്രത്യേക സ്ഥാനമുണ്ട്. നിരൂപകൻ, വിവർത്തകൻ, നോവലിസ്റ്റ്, ചരിത്രകാരൻ, വേദപണ്ഡിതൻ എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ ശോഭിച്ചിരുന്ന അദ്ദേഹത്തിന്റെ വേർപാട് കേരള സമൂഹത്തിന്, പ്രത്യേകിച്ചു മലങ്കരസഭയ്ക്കു നികത്താനാവാത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യ ശാന്തിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഓർമ്മയ്ക്കു മുന്നിൽ "മലങ്കരസഭ" യുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

– പത്രാധിപർ

# അഭിനവ കോളനി വാഴ്ചയും ക്രൈസ്തവ സഭയും

ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (തൃശൂർ)

**വിദ്യാഭ്യാസവും വൈദ്യ സഹായവും ഇന്ന് വരേണ്യവർഗ്ഗത്തിനു മാത്രം അവകാശപ്പെട്ട അവസ്ഥയിലേക്ക് ചുരുങ്ങുകയാണ്. ഈ സാഹചര്യത്തിലാണ് ഉത്ഥാനത്തിന്റെ സന്ദേശവുമായി സഭയ്ക്ക് ജനമദ്ധ്യത്തിലേക്ക് ഇറങ്ങാൻ കഴിയുക. സഭയിലെതന്നെ യുവജന പ്രസ്ഥാനങ്ങളും പ്രാർത്ഥനായോഗങ്ങളും, വനിതാ വിഭാഗവുമെല്ലാം ഈ വഴിക്ക് തിരിയുന്നു എങ്കിൽ വിപ്ലവകരമായ മാറ്റം വരുത്താൻ സാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല.**

പാടിപഴകിയ ഒരു പദംപോലെ ആയിട്ടുണ്ട് ഇന്ന് അഭിനവ കോളനിവാഴ്ചയെക്കുറിച്ചുള്ള പരാമർശനങ്ങൾ. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അഭിനവ കോളനി വാഴ്ച യാഥാർത്ഥ്യമായിക്കഴിഞ്ഞു. നിറപ്പകിട്ടുകളോടും രുചിഭേദങ്ങളോടും നമുക്കുള്ള ആഭിമുഖ്യത്തെ ഉപയോഗപ്പെടുത്തി സാവകാശം കടന്നുവന്ന ഈ കോളനിവൽക്കരണം ഇന്ന് നമ്മുടെ സർക്കാരുകളേയും കാൽക്കീഴാക്കിയിരിക്കുന്നു. ഇനിയിപ്പോൾ ഇതിന്റെ കടന്നുകയറ്റത്തെ തടഞ്ഞു നിർത്തുക എന്നത് ഒരു വൃഥാവ്യായാമം മാത്രമായിരിക്കും. എന്നാൽ ജീവന്റെ സമൃദ്ധിയെയും, ഗുണപരതയെയും ആകുലതയാക്കുന്ന സഭയ്ക്ക് ഈ സാഹചര്യത്തെക്കുറിച്ച് നിരന്തരം ചിന്തിച്ചുകൊണ്ടിരിക്കാതെ വയ്യ. ഈ വിചിന്തനം നമ്മെ കൊണ്ടുവന്നെത്തിക്കുന്നത് കൂടാരം പൊളിച്ചു കളയാത്തവിധം ഈ ഒട്ടകത്തിന്റെ ശക്തിയെ എങ്ങിനെ നിയന്ത്രിക്കാം എന്ന അന്വേഷണത്തിലാണ്.

ശക്തമായ ഒരു സാമ്പത്തികതത്വം എന്ന നിലയിൽ കൊട്ടിഘോഷിക്കപ്പെട്ട മുതലാളിത്തവ്യവസ്ഥയുടെ തകർച്ച (ദ ഗ്രെയ്റ്റ് റിസഷൻ) നാം 1970 കളിൽ കാണുകയുണ്ടായി. ഈ അവസ്ഥയിൽ നിന്ന് അതിനെ കരകയറ്റാൻ റെയ്ഗൻ-താച്ചർ കൂട്ടുകെട്ടിന്റെ വാഷിംഗ്ടൺ തീസീസിന് സാധിച്ചത് തല്ക്കാലത്തേക്ക് മാത്രമാണ്. ഒരു പതിറ്റാണ്ടിനകംതന്നെ ഇതിന്റെ തകർച്ച വീണ്ടും ഉണ്ടായി എന്ന് ലോക ബാങ്ക് അദ്ധ്യക്ഷനായിരുന്ന ജോസഫ് സ്റ്റിംഗ്ലിസ് സാക്ഷിക്കുന്നു. ഈ നാശത്തിൽ നിന്നുള്ള രക്ഷപ്പെടലിന് അവതരിപ്പിക്കപ്പെട്ട പുതിയ പദ്ധതിയാണ് ഈ അഭിനവ കോളനി വാഴ്ചയിൽ നമ്മെ കൊണ്ടുവന്നെത്തിച്ചിരിക്കുന്നത്. മുൻ പ്രധാനമന്ത്രി നരസിംഹറാവുവിന്റെ ധനകാര്യമന്ത്രി മൻമോഹൻ സിംഗാണ് ഭാരതത്തിൽ ഈ പ്രവണതയുടെ വിത്ത് വിതച്ചത്. ഒരു ഭാഗത്ത് മനുഷ്യനു മുമ്പിൽ സ്വാതന്ത്ര്യത്തിന്റെ ഭാവം നടിക്കുകയും മറുഭാഗത്ത് രാഷ്ട്രീയ അധികാര കേന്ദ്രങ്ങളെ അപ്രസക്തമാക്കുകയും ചെയ്യുന്ന ഈ തത്വചിന്ത ശരിക്കും കോളനി വാഴ്ചയുടെ കാലത്ത് പ്രവൃത്തിപഥത്തിൽ കണ്ടത് തന്നെയാണ്.

ഈ പുതിയ പ്രവണതയുടെ ഏറ്റവും സ്വാധീനമുള്ള തലം കമ്പോളത്തിന്റെ ആകർഷണീയതയാണ്. ഉപഭോക്താവിന്റെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നാണ് പ്രചരണം. എന്നാൽ കുത്തകകളുടെ ഉല്പന്നങ്ങൾ മാത്രം വ്യത്യസ്ത പേരുകളിലും (അർത്ഥരഹിതമായ) ഗുണനിലവാരത്തെക്കുറിച്ചുള്ള അവകാശവാദങ്ങൾ കൊണ്ടും വില്ക്കപ്പെടുന്നു എന്നതാണ് സത്യം. അതേസമയംതന്നെ മറുഭാഗത്ത് പ്രാദേശിക സംസ്ക്കാരത്തെയും, ഉല്പന്നങ്ങളെയും കമ്പോളത്തെയും ഇത് നശിപ്പിക്കുകയും ചെയ്യുന്നു. ഇന്ന് മാർക്കറ്റുകളിൽ ലഭിക്കുന്ന, വിവിധ പേരുകളിൽ അറിയപ്പെടുന്ന നിത്യോപയോഗ സാധനങ്ങളായ സോപ്പും, ടൂത്ത്പേസ്റ്റും, പാൽപ്പൊടിയും എല്ലാം വിപണനം ചെയ്യുന്നത് പ്രോക്ടർ ആന്റ് ഗാംബിൾ എന്നോ, സ്മിത് ക്ലൈം ബിച്ചം എന്നോ, ഹിന്ദുസ്ഥാൻ ലീവർ എന്നോ ഒക്കെ പറയുന്ന ഏതാനും ചില കുത്തക വിതരണക്കാരാണ്. ഇവ ഉണ്ടാക്കുന്നത് ലോകത്തെ ഏറ്റവും കൂലി കുറഞ്ഞ നാടുകളിലും. മദ്ധ്യവർത്തിയായി നിന്നുകൊണ്ട് ഉല്പന്നത്തിന്റെ ലാഭം കൊയ്യുന്നത് ലോകത്തിലെ ചുരുക്കം ചില കോർപ്പറേഷനുകളും. പലതരം സോപ്പുകൾ കണ്ട് തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യത്തിൽ ഉന്മാദം കൊള്ളുന്നയാൾ ഏതെടുത്താലും കാശ് കൊടുക്കുന്നത് ഒരേ സംഘത്തിനു തന്നെ. ഇവിടെ പൊള്ളയായ പല അവകാശവാദങ്ങളിൽ ഏതാണ് തെരഞ്ഞെടുക്കേണ്ടത് എന്നതിലേക്ക് ചുരുങ്ങുന്നു ഉപഭോക്താവിന്റെ സ്വാതന്ത്ര്യം.

ഇതോടൊപ്പം മുൻപറഞ്ഞ പ്രാദേശികമായ എല്ലാറ്റിനേയും ഈ പ്രവണത നശിപ്പിക്കുകയും ചെയ്യുന്നു. ഒരുകാലത്ത് നമ്മുടെ സംസ്ക്കാരത്തിന്റെ അവിഭാജ്യഘടകമായ കൃഷി പിന്നീട് കച്ചവടതാത്പ്പര്യം ഉൾക്കൊണ്ടു കൊണ്ട് നാണ്യവിളകളുടെ മേഖലയിലേക്ക് പറിച്ചു നടപ്പെട്ടു. എന്നാൽ ജീവിതച്ചെലവ് കുറഞ്ഞ നാടുകളിൽ നിന്നുള്ള സ്വതന്ത്രമായ ഇറക്കുമതി മൂലം നാണ്യ വിളകളുടെ കൃഷി ഇന്ന് നാശോന്മുഖമായി. നമ്മുടെ നെല്ല്, കുരുമുളക്, കാപ്പി, ഏലം, തേയില എല്ലാം ഈ ദുർവിധി നേരിട്ടുകൊണ്ടിരിക്കുന്നു. റബ്ബർ കൃഷിയുടെ വ്യാപകമായ പ്രചാരത്തിലൂടെ മറ്റ് ഇടവിളകൾ നമുക്ക് നഷ്ടമായി എന്നു മാത്രമല്ല അത് എന്നും വിശ്വസിക്കാൻ പറ്റുന്ന ഉല്പന്നമല്ല എന്ന നിലയും വന്നു ചേർന്നു. പ്രാദേശികമായ ബോൾപേന കമ്പനികളും, ലഘുപാനീയ നിർമ്മാണ സ്ഥാപനങ്ങളും ഇന്ന് കാണാനില്ല. എന്തിനേറെ, മുട്ടിന് മുട്ടിന് കണ്ടിരുന്ന റേഡിയോ-ടി.വി. റിപ്പയറിംഗ് കടകളും ഇന്നില്ല. എല്ലാം മാറ്റിമേടിക്കുകയാണ്. മാറ്റിയാലും വാങ്ങിച്ചാലും കിട്ടുന്നത് അന്യനു തന്നെ. ഉപയോഗിക്കുക, മാറ്റി വാങ്ങുക-അല്ലെങ്കിൽ എറിഞ്ഞു കളയുക എന്ന തത്വത്തിൽ നന്നാക്കലിന് എവിടെ ഇടം? വാഴയിലയും തവിയും, കൂന്താലിയും യന്ത്രവൽകൃതശാലകളിൽ നിന്നിറങ്ങുമ്പോൾ ഇലവെട്ടുകാരനും, ഇരുമ്പുപണിക്കാരനും, അവരുടെ ചെറിയ കമ്പോളങ്ങളും അപ്രത്യക്ഷമാകുന്നു. ഒരു ലോറിസമരം വന്നാൽ മാനത്തേക്ക് നോക്കിയിരിക്കുന്ന വേഴാമ്പലിനെപ്പോലെയാകുന്നു നാം.

ഈ സാഹചര്യത്തിലാണ് ക്രൈസ്തവ സമൂഹം ഒന്നാമതായി പ്രതികരിക്കേണ്ടത്. പ്രാദേശിക കൂട്ടുകെട്ടുകളെയും, സഹകരണസംഘങ്ങളെയും (രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ കുത്തരങ്ങായ ഇന്നത്തെ "നി"സ്സഹകരണ സംഘമല്ല) സൃഷ്ടിക്കുകയും സജീവമാക്കുകയും ചെയ്യാൻ സഭകൾക്ക് സാധിക്കും. സഭ അടിസ്ഥാനപരമായി പ്രാദേശികമാണെന്നാണ് ചിന്ത. ഈ പ്രാദേശിക സഭകളെ സ്ഥാപിത താത്പര്യത്താൽ കീഴ്ഘടകങ്ങളായി വ്യാഖ്യാനിച്ച് മേൽക്കോയ്മ നടത്തുന്ന ഇക്കാലത്ത് സഭയുടെ പ്രവർത്തനം ഈ ദിശയിലാക്കിയാൽ ഒരേസമയത്ത് പ്രാദേശികവും അതേസമയം സംഘടനാ പരവുമായ താത്പര്യങ്ങളും ഫലവത്താകും. സഭയിലെ യുവജനങ്ങൾ, സ്ത്രീകൾ, വാർദ്ധക്യത്തിലെത്തിയവർ തുടങ്ങിയ വിഭാഗങ്ങളെ പ്രത്യേകമായോ ഒന്നിച്ചോ സംഘടിപ്പിച്ച് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. നിത്യജീവിതത്തിൽ ആവശ്യമായി വരുന്ന സോപ്പ്, വസ്ത്രം, ആഹാരവസ്തുക്കൾ, തേൻ, പച്ചക്കറി തുടങ്ങിയ അനേക വിഭവങ്ങൾ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ഉല്പാദിപ്പിക്കാനും, ഇടനിലക്കാരന്റെ കൊള്ള കൂടാതെതന്നെ പ്രാദേശികമായി വിപണനം ചെയ്യാനും കഴിയും. ഭാരത സ്വാതന്ത്ര്യത്തിന്റെ ശില്പി മഹാത്മാഗാന്ധി സ്വപ്നം കണ്ട ഗ്രാമങ്ങളുടെ ശക്തീകരണം ഈ നിലയിൽ സാധിക്കുകയും, അതോടൊപ്പം ഉല്പാദനത്തിന്റെയും വിപണനത്തിന്റെയും നിയന്ത്രണം പ്രാദേശിക തലത്തിൽ തന്നെ പിടിച്ചു നിർത്താൻ കഴിയുകയും ചെയ്യും. ഇത്തരം സംഘങ്ങൾ തുടർച്ചയായി ബാഹ്യ സ്വാധീനത്തിന്റെ പൈശാചികതയെക്കുറിച്ച് പഠന ശിബിരങ്ങളും പ്രചരണങ്ങളും നടത്തിയാൽ വലിയൊരളവുവരെ ഈ അധിനിവേശത്തെ ചെറുത്തു തോൽപ്പിക്കാൻ നമുക്ക് കഴിയും. അതിനു പകരം എല്ലാവരേയും പ്രാദേശികമായി വളഞ്ഞ് കൂട്ടി, കൈകൊട്ടിപ്പാട്ട് പാടിച്ച് മറുഭാഷ പഠിപ്പിച്ചാൽ (അതും അധിനിവേശത്തിന്റെ പുതിയ തന്ത്രമാണ്. ഹൈഹീൽഡും മിനിസ്കർട്ടുമിട്ട ഒരു പാശ്ചാത്യ വനിത വേദപുസ്തകത്തെ നമുക്കന്യമായ പ്രതീകങ്ങളും ഭാഷയുമുപയോഗിച്ച് നമ്മെ മണ്ടന്മാരാക്കുന്ന പരിപാടി ദിവസവും റ്റി.വി.യിൽ കാണുന്നില്ലേ?) നമ്മുടെ നാട് ആഫ്രിക്കൻ നാടുകളിലൊന്നുപോലെയൊ, അർജന്റീന പോലെയൊ ആകും ഏറെ വൈകാതെ. മെത്രാനായ എനിക്ക് കൈമുത്തു തരാൻ കഴിവുള്ളവരുടെ എണ്ണം കാര്യമായിട്ട് കുറയുകയും ചെയ്യും.

പുതിയ കോളനി വാഴ്ചയുടെ മറ്റൊരു തന്ത്രം സർക്കാരുകളെ അപ്രസക്തമാക്കിക്കൊണ്ട് വിദൂര നിയന്ത്രണ സംവിധാനം നടപ്പാക്കുക എന്നതാണ്. പ്രത്യക്ഷത്തിൽ ജനാധിപത്യ സ്വഭാവത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളാണ് ഭരിക്കുന്നത് എന്ന പ്രതീതി നിലനില്ക്കും, എന്നാൽ അവയ്ക്ക് പ്രവർത്തിക്കാനുള്ള മൂലധനം ഇല്ലാതെയാക്കുകയും പകരം മൂലധനം നൽകിക്കൊണ്ട് അതിന്റെ പേരിൽ അവയെ നിയന്ത്രിക്കുകയും ചെയ്യും. രണ്ട് മൂന്ന് മേഖലകളിൽ പ്രത്യക്ഷമായിത്തന്നെ നമുക്കിതിന്റെ സ്വാധീനം കാണാൻ സാധിക്കും. ഒന്നാമതായി താങ്ങുവിലകളും സബ്സിഡികളും നിർത്തലാക്കാൻ പ്രേരിപ്പിക്കുകയാണ്. ലോകത്തെവിടെയും (അമേരിക്കയിൽപ്പോലും) കാർഷികമേഖല പിടിച്ചു നിൽക്കുന്നത്; വിത്ത്, വളം, കൃഷി ഉപകരണങ്ങൾ, കീടനാശിനികൾ എന്നിവയുടെ കാര്യത്തിലെ സബ്സിഡി കൊണ്ടും, ഉല്പന്നങ്ങൾക്ക് താങ്ങുവില നൽകിയുമാണ്. എന്നാൽ ഭാരതത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളുടെ എല്ലാം കാരണം ഈ ധനസഹായമാണ് എന്ന് പ്രചരിപ്പിച്ചുകൊണ്ട് ഓരോന്നോരോന്നായി അവ നിർത്തലാക്കി വരികയാണ്. ഇതു മൂലം കാർഷിക മേഖല തകരുകയും ഭക്ഷണസാധനങ്ങൾ (കോൺഫ്ളേക്സ്, കെൻടക്കി ചിക്കൻ, പിറ്റ്സ് ബറി ആട്ട, സൂചി ഗോതമ്പ്, ഫലവർഗ്ഗങ്ങൾ തുടങ്ങിയവ ഉദാഹരണം) ഇറക്കുമതി ചെയ്യുകയുമാണ് സംഭവിക്കുക. ഇതോടൊപ്പം പൊതുവിതരണത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് തീസീസെഴുതി നോബൽ സമ്മാനം നേടിയ അമർത്യാസെന്നിന്റെ നാടായ ഇവിടെ പൊതുവിതരണമേഖലയിൽ നിന്നും സർക്കാരുകൾ പിൻമാറുകയും ചെയ്യുന്നു. കോടിക്കണക്കിന് ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടന്ന് അറബിക്കടലിൽ താഴ്ത്തിയാലും വിതരണം ചെയ്യാൻ സർക്കാരിനു സാധിക്കുന്നില്ല. കാരണം, വിതരണത്തിന് സബ്സിഡി ഇല്ല.

ഇതോടൊപ്പം വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ നിർമ്മിതിക്കും ആഭ്യന്തരവിഭവം ഇല്ല എന്ന് വരുത്തുകയും, അഖിലലോക സാമ്പത്തിക സംഘങ്ങളിൽനിന്ന് കടം വാങ്ങുകയും ചെയ്യാനുള്ള സാഹചര്യം, രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും കമ്മീഷനുകളിലൂടെ കൈക്കലാക്കി, ഉണ്ടാക്കുകയും ചെയ്യും. റോഡുകൾ, പാലങ്ങൾ, സ്ക്കൂളുകൾ, ആശുപത്രികൾ ഇവ നിർമ്മിക്കാൻ കാശില്ല. കടം വാങ്ങുകയല്ലാതെ വേറെ മാർഗ്ഗമില്ല (N.O.O.-No other option) എന്നാണ് പ്രചരണം. എന്നാൽ മുൻപും സർക്കാരുകൾ കടംവാങ്ങിത്തന്നെയാണ് ഇത്തരം കാര്യങ്ങൾ ചെയ്തിരുന്നത് എന്ന സത്യം മറച്ചു വയ്ക്കുന്നു. എൽ.ഐ.സി.., പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയാണ് ഇവിടെ മുൻപ് കെ. എസ്. ആർ.ടി.സി. ഡിപ്പോകൾ, ബസുകൾ, കുടിവെള്ള പദ്ധതികൾ, വാട്ടർ ടാങ്കുകൾ, പാലങ്ങൾ, ആശുപത്രിക്കെട്ടിടങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയവയ്ക്കൊക്കെ സഹായം നൽകിയിട്ടുള്ളത്. എന്നാൽ ഇപ്പോൾ അവയിൽ നിന്നൊന്നും കടം വാങ്ങില്ല. അത് നൽകാൻ കെൽപ്പില്ലാത്തവിധം അവയുടെ നടുവൊടിച്ചു. അഖിലാണ്ഡത്തിൽ കുപ്രസിദ്ധി ആർജ്ജിച്ച പ്രൂഡെൻഷ്യൽ, മെറ്റ്ലൈഫ് തുടങ്ങിയ ഇൻഷ്വറൻസ് സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി ഇവിടെ പ്രവർത്തിക്കാൻ അനുവാദം നൽകി. എൽ.ഐ.സി. ക്ക് സ്വയം രക്ഷയെക്കുറിച്ച് ആകുലപ്പെടേണ്ട അവസ്ഥയാക്കി. തെരഞ്ഞെടു

# ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

ഒരുവൻ പണ്ടൊരുനാട്ടിൽ മുഴുവൻ മഴപെയ്യാതാക്കാൻ
വരവും പ്രാർത്ഥന മൂലം നേടി യെന്നൊരു കഥയുണ്ട്
മൂന്നര വർഷക്കാലം മുഴുവൻ മഴയില്ലാഞ്ഞതിനാൽ
അന്നവിടെല്ലാം ക്ഷാമം വന്നാ ജനത വലഞ്ഞല്ലോ!
ഇത്തരമൊരുവരമാർക്കു ലഭിച്ചെന്നോതുക വത്സലരേ
ഉത്തര മറിയാൻ നോക്കുക യാക്കോബഞ്ചിൽ പതിനേഴ്

ഭാര്യയുടേയാ പ്രേരണയാലൊരു പാവം ഭർത്താവാം
നരനൊരു ശാപം വന്നുഭവിച്ചതു തീരാശാപവുമായ്!
നാരികൾ ചൊല്ലതു കേട്ടു നടക്കും മാനവരേവർക്കും
പെരുവഴിതന്നെ ശരണവുമെന്നത് വാസ്തവമാണിതിലും
ഭർത്താവാരിതി ലംഗനയാരെ ന്നോതുക വത്സലരേ
ഉത്തര മറിയാൻ മുന്നിന്റാറിൽ നോക്കുവിനുല്പത്തി.

പ്പിൽ തോൽക്കുന്ന രാഷ്ട്രീയക്കാരെ തലപ്പത്ത് കയറ്റിവച്ച് പൊതുമേഖലാ സ്ഥാപനങ്ങളെയും, പ്രാദേശിക നേതാക്കൾക്ക് രാഷ്ട്രീയം പഠിക്കാനുള്ള വേദിയാക്കി തീർത്ത് സഹകരണ സംഘങ്ങളെയും കടക്കെണിയിലാക്കി. ഇങ്ങനെ ഇവയ്ക്കൊന്നും രാഷ്ട്ര നിർമ്മാണത്തിൽ പങ്കു ചേരാൻ പറ്റാത്ത അവസ്ഥയുണ്ടാക്കി. ഇതൊടൊപ്പം സർക്കാരിന് വൻ തുക ലാഭവിഹിതമായി നൽകിയിരുന്ന സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുകയും (1400 കോടി രൂപ വാർഷീക വരുമാനം ഉണ്ടായിരുന്ന VSNL നെ വിറ്റത് അതിനെക്കാൾ കുറഞ്ഞ തുകയ്ക്കാണ്) നഷ്ടത്തിലോടുന്നവയെ വിൽക്കാൻ പറ്റാത്തതിനാൽ സംരക്ഷിക്കേണ്ടി വരികയും ചെയ്തിട്ട് മറ്റ് മാർഗ്ഗങ്ങളില്ല എന്ന അവസ്ഥ സൃഷ്ടിക്കുന്നു. കടം തന്നവർ നിയമാവലിയും കൂടെ നൽകും. അങ്ങിനെ IMF, World Bank, ADB തുടങ്ങിയ സ്ഥാപനങ്ങൾ അച്ചടിച്ച് നൽകുന്ന ഭരണഘടനകൾ പ്രകാരം ദേശീയ സർക്കാരുകൾ ഭരിക്കുന്ന അവസ്ഥ വരും V.R.S., സ്വതന്ത്ര ഇറക്കുമതി, സേവന മേഖലകളുടെ സ്വകാര്യവൽക്കരണം തുടങ്ങിയവയെല്ലാം ഈ ഭരണഘടനാ വകുപ്പുകളിൽ പറഞ്ഞിട്ടുള്ളതാണ്.

മൂന്നാമതായി സേവന, അടിസ്ഥാന സൗകര്യ നിർമ്മാണ മേഖലകളിൽ നിന്ന് സർക്കാരുകൾ പിൻമാറുന്നു. കാശില്ല എന്നും സ്വകാര്യ സംരംഭകരാണ് മെച്ചമായി നടത്തുക എന്നുമൊക്കെയാണ് വാദം. ഇതോടെ സ്ക്കൂളുകൾ, ആശുപത്രികൾ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, അടിസ്ഥാന യാത്രാ സൗകര്യം, വാർത്താ വിനിമയം, ഇന്ധന വിതരണം തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം ഭരണകൂടം ഓരോ കാരണം പറഞ്ഞ് പിൻമാറുന്നു. ഇതിൽ ഏറ്റവും ഗൗരവതരം സ്ക്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ കാര്യത്തിലാണ്. പാവപ്പെട്ടവർക്കും, സാധാരണക്കാർക്കും വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും അസാദ്ധ്യമാകും.

മനുഷ്യവർഗ്ഗത്തിന്റെ സമ്പൂർണ്ണ വിമോചനത്തെക്കുറിച്ചും, ദരിദ്രരുടെ ഭാഗ്യാവസ്ഥയെക്കുറിച്ചും ആകുലപ്പെട്ട നസറായന്റെ ലേബലിൽ സംഘടിച്ചിരിക്കുന്ന സഭയ്ക്ക് ഇന്നത്തെ ഈ അവസ്ഥയിൽ നിർണ്ണായക ഉത്തരവാദിത്തമുണ്ട്. ഒന്നാമത്തേത് പ്രവാചക ദൗത്യമാണ്. "ദരിദ്രനെ ഒരു കൂട്ട് ചെരിപ്പിനു വിൽക്കുകയും" "പണയം വച്ച പുതപ്പ് വിരിച്ച്" അധികാരകസേര മോടി പിടിപ്പിക്കുകയും ചെയ്യുന്ന സർക്കാരിനെതിരേ ശബ്ദമുയർത്താൻ സഭയ്ക്ക് ചുമതലയുണ്ട്. ഇത്തരം ശബ്ദങ്ങൾക്ക് ശക്തിയുണ്ട് എന്നതിന്റെ തെളിവാണ് ഛത്തീസ്ഘട്ടിലെ നദി വിൽപ്പന റദ്ദാക്കിയതും, കറന്റ് ചാർജ് വർദ്ധന വേണ്ടെന്ന് വച്ചതും കരിമണൽ വില്പന പുനഃപരിശോധിക്കാൻ തയ്യാറായതും. എന്നാൽ ഈ ശബ്ദങ്ങളുടെ കൂട്ടത്തിൽ സഭയുടെ ശബ്ദമില്ലാതിരുന്നു എന്നതാണ് ഖേദകരം. പ്രവാചകൻ പറയുന്നതുപോലെ യിസ്രായേലിലെ ബലഹീനർക്കുവേണ്ടി ശബ്ദിക്കാൻ നമുക്കാകുന്നില്ല. ഈ അവസ്ഥ മാറിയിട്ട്, അധികാരത്തിലിരിക്കുന്നവന്റെ ഉടുപ്പിന്റെ നിറം നോക്കാതെ ക്രിയാത്മകമായ തിരുത്തൽ ശബ്ദമാകാൻ സഭയ്ക്ക് കഴിഞ്ഞാൽ ഇവിടെ ഒത്തിരി മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

മുൻപറഞ്ഞത് എതിർപ്പിന്റെ കാര്യമെങ്കിൽ, സഭയ്ക്ക് ചെയ്യാൻ കഴിയുന്ന രണ്ടാമത്തെ കാര്യം ക്രിയാത്മക പ്രവൃത്തിയുടേതാണ്. അടിസ്ഥാന സേവന മേഖലകളിൽ നിന്നും സർക്കാരുകൾ പിൻമാറുന്നതുമൂലം, പണ്ട് മിഷനറിമാർ നടത്തിയ സേവന പ്രവർത്തനങ്ങൾക്ക് സമാനമായ അന്തരീക്ഷം ഇവിടെ വന്നുചേർന്നിരിക്കുന്നു. എന്നു പറഞ്ഞാൽ സർക്കാരിന്റെ സാന്നിദ്ധ്യമില്ലാതെ വരുന്നിടത്ത് സഭയുടെ സാന്നിദ്ധ്യം എത്തിക്കുക എന്നർത്ഥം. താഴ്ന്ന വരുമാനക്കാരൻ, ദളിതർ, ആദിവാസികൾ തുടങ്ങിയ ദുർബലവിഭാഗങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസവും, വൈദ്യ സഹായവും നിഷേധിക്കപ്പെടുന്നിടത്ത് സഭ ലാഭേഛ കൂടാതെ മറ്റ് മേഖലകളിൽ നിന്ന് വരുമാനം ഉപയോഗിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനും വൈദ്യ സഹായത്തിനുമുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.

വിദ്യാഭ്യാസവും വൈദ്യ സഹായവും ഇന്ന് വരേണ്യവർഗ്ഗത്തിനു മാത്രം അവകാശപ്പെട്ട അവസ്ഥയിലേക്ക് ചുരുങ്ങുകയാണ്. ഈ സാഹചര്യത്തിലാണ് ഉത്ഥാനത്തിന്റെ സന്ദേശവുമായി സഭയ്ക്ക് ജനമദ്ധ്യത്തിലേക്ക് ഇറങ്ങാൻ കഴിയുക. സഭയിലെതന്നെ യുവജന പ്രസ്ഥാനങ്ങളും പ്രാർത്ഥനായോഗങ്ങളും, വനിതാ വിഭാഗവുമെല്ലാം ഈ വഴിക്ക് തിരിയുന്നു എങ്കിൽ വിപ്ലവകരമായ മാറ്റം വരുത്താൻ സാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല. കോളനിവൽക്കരണത്തിന്റെ കരാള ഹസ്തങ്ങളെ നിശ്ചേതനമാക്കാനും അതുവഴി ദൈവദാനമായ മനുഷ്യ സ്വാതന്ത്ര്യവും അഭിമാനവും നിലനിർത്താനും സഭയ്ക്കാകും. ഇതാണ് സഭയുടെ ഇന്നത്തെ നിയോഗം.

(K.C.C. യുടെ യുത്ത് അസംബ്ലിയുടെ സമാപനത്തിൽ നൽകിയ സന്ദേശം)

❖





ഡോ. സിബി തരകൻ

# ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മലങ്കര സഭ

തുടർച്ച....

സഭയുടെ എക്യുമെനിക്കൽ വീക്ഷണം

എക്യുമെനിക്കൽ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്ന മേൽപ്പട്ടക്കാരും വൈദികരും നമ്മുടെ സഭയിൽ ഉണ്ടെങ്കിലും സഭയ്ക്ക് ഒരു എക്യുമെനിക്കൽ വീക്ഷണം ഉണ്ടാക്കിയെടുക്കാൻ ഇനിയും കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഇതര സഭകളുമായുള്ള ബന്ധത്തിലും വിശാല എക്യുമെനിസം (wider ecumenism) എന്ന ആശയത്തിന്റെ പ്രയോഗത്തിലുമൊക്കെ നമ്മൾ കുറെക്കൂടി മുമ്പോട്ടു പോകേണ്ടിയിരിക്കുന്നു.

ഇതര സഭകളുടെ വിശ്വാസാചാരങ്ങളിൽ നമുക്ക് യോജിക്കാൻ കഴിയാത്ത നിരവധി കാര്യങ്ങളുണ്ട്. എന്നാൽ ഇതര സഭകളുമായി ചേർന്നുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്ന നിരവധി മേഖലകളുണ്ട്. യോജിച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന മേഖലകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നമുക്ക് സാധിക്കണം. പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള സഭയുടെ പ്രവർത്തനങ്ങളിൽ ഇത്തരത്തിലുള്ള സഹകരണം ഏറെ ഫലപ്രദവും സഭയുടെ പ്രതിച്ഛായ ഉയർത്തുന്നതിന് സഹായകരവുമായിരിക്കും.

മലങ്കര ഓർത്തഡോക്സ് സഭ രണ്ടായിരം വർഷത്തെ പാരമ്പര്യത്തിൽ എപ്പോഴും അഭിമാനം കൊള്ളാറുണ്ടെങ്കിലും നൂറോ നൂറ്റമ്പതോ വർഷത്തെ പാരമ്പര്യം മാത്രം അവകാശപ്പെടാവുന്ന സഹോദരീ സഭകൾ (മാർത്തോമ്മാ സഭയും, സി.എസ്.ഐ. സഭയും മറ്റും) ഇതര സഭകളുമായുള്ള ബന്ധത്തിലും എക്യുമെനിക്കൽ പ്രവർത്തനങ്ങളിലും അതിന്റെ നേതൃത്വത്തിലുമൊക്കെ ഏറെ മുമ്പോട്ടു പോയിരിക്കുന്നു. അംഗസംഖ്യയുടെ കാര്യത്തിൽ ഓർത്തഡോക്സ് സഭയുടെ പകുതി വലിപ്പം മാത്രമുള്ള മാർത്തോമ്മാസഭ എക്യുമെനിക്കൽ രംഗത്തും ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമൊക്കെ വലിയ ഒരു സ്വാധീന ശക്തിയായി മാറിയിരിക്കുന്നു. വ്യക്തമായ പ്ലാനിങ്ങോടുകൂടി ഭാവിയെക്കുറിച്ചുള്ള വ്യക്തമായ ധാരണയോടുകൂടി ചിട്ടയായ പ്രവർത്തനങ്ങളാണ് അവരെ ഒരു സ്വാധീനശക്തിയാക്കി മാറ്റിയത്. ഓർത്തഡോക്സ് സഭയ്ക്ക് ഇത്തരത്തിലുള്ള ഒരു സ്വാധീന ശക്തിയായി മാറാൻ കഴിയാതിരുന്നത് വേണ്ട രീതിയിലുള്ള ആസൂത്രണത്തിന്റെ അഭാവം കൊണ്ടു മാത്രമാണ്. കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലും അവർക്കു വേണ്ടത്ര പിൻതുണ നൽകുന്നതിലുമൊക്കെ നമ്മൾ വേണ്ടത്ര ശുഷ്ക്കാന്തി ഇപ്പോഴും കാട്ടുന്നില്ല.

എക്യുമെനിക്കൽ രംഗത്ത് നമുക്ക് പറ്റിയിട്ടുള്ള പാളിച്ചകൾ എന്താണെന്ന് സ്വയം തിരിച്ചറിഞ്ഞ് കൂടുതൽ ക്രിയാത്മകമായി, വ്യക്തമായ ആസൂത്രണത്തോടുകൂടി പ്രവർത്തിക്കുവാൻ പുതിയ നൂറ്റാണ്ടിൽ നമുക്ക് സാധിക്കണം.

സാമൂഹിക വികസന പരിപാടികൾ

സാമൂഹിക സേവന രംഗത്തുള്ള സഭയുടെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. പുലയ സമുദായത്തിൽ നിന്ന് ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കുവേണ്ടി പ. പരുമലതിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളും പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സ്ലീബാ ദാസ സമൂഹം ആരംഭിച്ച സാമൂഹിക സേവന പ്രവർത്തനങ്ങളുമാണ് സഭയുടെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് മാതൃകയായി തീർന്നിട്ടുള്ളത്. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടായുള്ള മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങളും ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കൽക്കത്താ ഭദ്രാസനത്തിന്റെ ചുമതലയിൽ നടക്കുന്ന സാമൂഹിക സേവന പ്രവർത്തനങ്ങളും സഭാ ഭേദമെന്യേ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. അഗതി മന്ദിരങ്ങൾ, ബാലമന്ദിരങ്ങൾ, കുഷ്ഠരോഗികളുടെ കുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റലുകളും സ്ക്കൂളുകളും, ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ തുടങ്ങിയ സഭയുടെ നേതൃത്വത്തിലുള്ള സാമൂഹിക സേവന പ്രവർത്തനങ്ങൾ ഏവരുടെയും പ്രശംസ പിടിച്ചുപറ്റുന്നതാണ്.

ഈ പരിപാടികളോടൊപ്പം തന്നെ സാമൂഹിക വികസന പരിപാടികളും (Social Development programmes) നമ്മൾ നടപ്പിലാക്കേണ്ടതുണ്ട്. ജനസംഖ്യയുടെ എൺപതു ശതമാനം ആളുകൾ ദരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്ന നമ്മുടെ രാജ്യത്ത് സാമൂഹിക വികസന പ്രവർത്തനങ്ങൾക്ക് നമ്മൾ ഏറെ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു. വിശക്കുന്നവന് ഭക്ഷണം കൊടുക്കുന്നതോടൊപ്പംതന്നെ ദാരിദ്ര്യം ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളിലും നമ്മൾ ഏർപ്പെടേണ്ടിയിരിക്കുന്നു.

> ഓർത്തഡോക്സ് സഭയ്ക്ക് ഒരു സ്വാധീന ശക്തിയായി മാറാൻ കഴിയാതിരുന്നത് വേണ്ട രീതിയിലുള്ള ആസൂത്രണത്തിന്റെ അഭാവം കൊണ്ടു മാത്രമാണ്. കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലും അവർക്കു വേണ്ടത്ര പിൻതുണ നൽകുന്നതിലുമൊക്കെ നമ്മൾ വേണ്ടത്ര ശുഷ്ക്കാന്തി ഇപ്പോഴും കാട്ടുന്നില്ല.

നല്ല ശമരിയാക്കാരന്റെ മാതൃക പിൻപറ്റുന്നതോടൊപ്പംതന്നെ സാമൂഹിക വികസനത്തിൽ പങ്കാളികളാകാനും സാധിക്കണം.

സാമൂഹിക സേവനം (Social Service) എന്ന പരമ്പരാഗത സമീപനത്തിന്റെ പ്രയോജനങ്ങൾ വിസ്മരിക്കുന്നില്ല. പാവപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ സഹായം മുതൽ പ്രകൃതിക്ഷോഭങ്ങളാൽ തകർക്കപ്പെട്ട ഗ്രാമങ്ങളുടെ പുനരുദ്ധാരണം വരെയുള്ള സേവനത്തിന്റെ വിവിധ മേഖലകളിൽ സഭ വ്യാപരിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ ഇതുകൊണ്ടു മാത്രം സമൂഹത്തോടുള്ള സഭയുടെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. സമൂഹത്തെ വികസിപ്പിക്കുന്നതും (Communiy Development approach) രൂപാന്തരപ്പെടുത്തുന്നതുമായ (Community transformation through organisation) സമീപനങ്ങളിലും നമ്മൾ ഏർപ്പെടേണ്ടിയിരിക്കുന്നു. സാമൂഹിക സേവന പരിപാടികൾ വികസനത്തിനു വേണ്ടിയുള്ള ഒരുക്കലാണ്. അത് അതിൽത്തന്നെ പൂർണ്ണമാകുന്നില്ല. സാമൂഹിക വികസന പരിപാടികൾ നിലവിലുള്ള സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് അവയുടെ പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, ഉൽപ്പാദനം മെച്ചപ്പെടുത്തുക, വിപണനം കാര്യക്ഷമമാക്കുക എന്നിവയോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നീ മേഖലകളിലും ക്രിയാത്മകമായ സംഭാവനകൾ നൽകാൻ ഇതിനു കഴിയുന്നു. എന്നാൽ ഇത്തരം സാമൂഹിക വികസന പരിപാടികൾ ആത്യന്തികമായി ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ അതിന്റെ പ്രയോജനം ലഭിക്കുന്നവർ സ്വയം പര്യാപ്തതയിൽ എത്തേണ്ടിയിരിക്കുന്നു. പുറമേ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ എപ്പോഴും ആശ്രിത മനോഭാവം വളർത്തുന്നതിനേ സഹായിക്കുകയുള്ളു. ദരിദ്രരും അധഃസ്ഥിതരുമായ ആളുകൾക്ക് സ്വയം വികസനത്തിനുള്ള താല്പര്യം ജനിക്കുന്നതിനും വികസനത്തിനു തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ എന്താണെന്ന് തിരിച്ചറിയുന്നതിനും അതിനെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുന്നതുമായ സമീപനം വളർത്തിയെടുക്കണം. സഭയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇതിന് സഹായകരമായ പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുകയാണു വേണ്ടത്. അതിന്റെ ആദ്യപടി എന്ന നിലയിൽ സഭയ്ക്ക് ഒരു സാമൂഹിക വികസന വിഭാഗം (Social Development Department) ഉണ്ടാകേണ്ടിയിരിക്കുന്നു. സഭയിൽ ഇപ്പോഴുള്ള സാമൂഹ്യ സേവന പരിപാടികളിൽ പ്രാഗത്ഭ്യം തെളിയിച്ചുള്ളവരെയും ഈ രംഗത്തു വിദഗ്ദ്ധ പരിശീലനം ലഭിച്ചിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സാമൂഹിക വികസന വിഭാഗം രൂപീകരിക്കുകയാണു വേണ്ടത് സഭയുടെ സാമൂഹികമായ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഇതും ഏറെ സഹയിക്കും എന്നുള്ളതിൽ സംശയമില്ല.

### സഭയുടെ വിദ്യാഭ്യാസ ദർശനം

പ. പരുമല തിരുമേനി 19-ാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് മൂന്നു രാജ്യങ്ങളായി കിടന്നിരുന്ന കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ക്കൂളുകൾ സ്ഥാപിക്കാൻ ഉത്സാഹിച്ചു. ദരിദ്രരും നിർദ്ധനരുമായ "പുതുക്രിസ്ത്യാനി"കൾക്കു വേണ്ടിയും അദ്ദേഹം സ്ക്കൂളുകൾ സ്ഥാപിച്ചു. ഇംഗ്ലീഷ് സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു. പ്രധാനമായും മൂന്ന് കാരണങ്ങളാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിന് പ്രേരണയായിത്തീർന്നത്.

1) വിദ്യാഭ്യാസം മനോവികാസം ഉണ്ടാക്കും എന്നുള്ള അദ്ദേഹത്തിന്റെ അറിവ്. 2) ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകളെ വിദ്യാഭ്യാസം നൽകി ഉയർത്തിക്കൊണ്ടു വരാമെന്ന അദ്ദേഹത്തിന്റെ വിശ്വാസം. 3) ഇംഗ്ലീഷുകാർ ക്രിസ്തുമതാനുയായികളായതുകൊണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ക്രൈസ്തവ പരമായ ആശയങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കും എന്ന അദ്ദേഹത്തിന്റെ തോന്നൽ. ഇതിൽ മൂന്നാമത്തേതിന് എത്ര മാത്രം പ്രസക്തിയുണ്ടായിരുന്നു എന്നുള്ളതിൽ സംശയമുണ്ടെങ്കിലും ആദ്യത്തെ രണ്ടു കാരണങ്ങളെക്കുറിച്ച് ആർക്കും വിയോജിപ്പ് തോന്നാനിടയില്ല. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ച് തിരുമേനിക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണത്.

എന്നാൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ സങ്കല്പങ്ങളുടെ വികസിത രൂപമാണോ സഭയുടെ ഇന്നത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കാണുന്നത് എന്ന കാര്യത്തിൽ സംശയമുണ്ട്. മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാതൃകയായി സഭയുടെ പ്രവർത്തനത്തെ ചൂണ്ടിക്കാട്ടാനാവുമോ? വിദ്യാഭ്യാസ രംഗം വലിയൊരു കച്ചവട മേഖലയായി മാറിയിരിക്കുന്നു എന്നും സാമ്പത്തികമായ ലാഭത്തിലാണ് ഇന്ന് എല്ലാവർക്കും കണ്ണ് എന്നും സമാധാനം പറഞ്ഞേക്കാം. സ്ഥാപനങ്ങളുടെ വികസനത്തിന് പണം ആവശ്യമാണെങ്കിലും അദ്ധ്യാപന നിലവാരത്തേക്കാൾ വലുതായി പണത്തെ കാണുന്ന പ്രവണത ഭാവി തലമുറകൾക്കുതന്നെ ദോഷം ചെയ്യുന്നതാണ്.

സാമ്പത്തിക ലാഭം എന്ന ലക്ഷ്യത്തേക്കാൾ, നിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തിലേക്കെത്താൻ നമ്മുടെ സ്ഥാപനങ്ങൾക്ക് സാധിക്കണം. അതിന് അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. ആ മാനദണ്ഡങ്ങൾ അനുസരിച്ച് നിയമനങ്ങൾ നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താനും സാധിക്കണം. കോളേജുകളിലെ പരമ്പരാഗതമായ കോഴ്സുകൾക്കു പകരമായി ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് പുതിയ പഠന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കണം. നമ്മടെ സഭയുടെ കീഴിൽ നിരവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നുണ്ടെങ്കിലും ഒരു സോഷ്യൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. സോഷ്യൽ സയൻസിന് വരുംകാലങ്ങളിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ആ രംഗത്തും വിദഗ്ദ്ധ പരിശീലനം നൽകാൻ കഴിവുള്ള ഒരു സ്ഥാപനം സഭയ്ക്ക് ഉണ്ടാകണം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഭാംഗങ്ങളെ വിദ്യാഭ്യാസ കാര്യങ്ങളിൽ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികളെന്നുംതന്നെ സഭ ഇന്ന് ആവിഷ്ക്കരിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിലെ ഏതാനും ഇടവകകൾ നൽകുന്ന നാമമാത്രമായ സഹായമൊഴിച്ചാൽ ഈ രംഗത്തും നമ്മൾ കാര്യമായൊന്നും ചെയ്തിട്ടില്ല. ദരിദ്രരും സമർത്ഥരുമായ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിന് സഭ ഒരു സ്കോളർഷിപ്പ് ഫണ്ട് ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. അതിന്റെ നടത്തിപ്പിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാ

ശേഷം 34-ാം പേജിൽ



# വിശ്വാസപാഠം

*ചോദ്യം: എന്റെ പിതാവേ കഴിയുമെങ്കിൽ ഈ പാനപത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ എന്ന് കർത്താവ് ഗത്സമനയിൽ വച്ച് പ്രാർത്ഥിച്ചത് കുരിശുമരണത്തിനുള്ള വൈമനസ്യമല്ലേ പ്രകടമാക്കുന്നത്? ഈ ചോദ്യത്തിന് മെയ് ലക്കത്തിൽ ഉത്തരം നൽകിയിരുന്നെങ്കിലും വായനക്കാരുടെ പ്രതികരണങ്ങളിൽ മികച്ച ഉത്തരം വീണ്ടും പ്രസിദ്ധീകരിക്കുന്നു.*

ഇങ്ങനെയൊരു ചോദ്യം ഉദിക്കുന്നതുതന്നെ ബൈബിളിന്റെ ആകമാന ലക്ഷ്യത്തിൽനിന്ന് വേർപെട്ടുപോകലാണ്. യേശുകർത്താവ് എവിടെ നിന്നു വന്നു എന്നും എന്തിനു വന്നു എന്നും എവിടേക്ക് പോകുന്നു എന്നും വ്യക്തമായി അറിഞ്ഞിരുന്നു. (യോഹ. 16:28; മർക്കോ. 10:48) മനുഷ്യന്റെ രക്ഷയ്ക്കായി നിയമിച്ചാക്കിയ ന്യായപ്രമാണം അവനെ രക്ഷിക്കയെല്ലാ, കൂടുതൽ ശിക്ഷായോഗ്യനാക്കുകയത്രേ ചെയ്തത്. അതുകൊണ്ട് പുതിയതായ സ്നേഹത്തിന്റെ ഒരു പ്രമാണം ദൈവം മനുഷ്യനു നൽകി. അതിൻപ്രകാരം നശിച്ചു പോകുന്ന മനുഷ്യവർഗ്ഗത്തോട് ആർദ്ര കരുണയും സ്നേഹവും നിമിത്തം അവന്റെ പാപം ഏറ്റെടുത്ത് അവന്റെ സ്ഥാനത്ത് പകരക്കാരനായി നിൽക്കുവാൻ ഒരു മനുഷ്യനെ ദൈവം അന്വേഷിച്ചു. അങ്ങനെ പകരക്കാരനാകുന്ന ആൾ ആദാമിന്റെ ശരിയായ പ്രാതിനിധ്യം വഹിക്കുന്ന ഒരു പൂർണ്ണ മനുഷ്യൻ തന്നെ ആവേണ്ടത് ആവശ്യമായിരുന്നു. "ഞാൻ ദേശത്തേ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വഷിച്ചു. ആരേയും കണ്ടില്ല താനും (യഹ. 22:30) അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാ പുരോഹിതനും ആകേണ്ടതിന് സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശനായിത്തീർന്ന യേശുക്രിസ്തു ആ സ്ഥാനത്തുവന്നു. (എബ്ര. 2:17)"

"പിതാവ് എന്നെ സ്നേഹിക്കുന്നതു പോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിൽ വസിപ്പിൻ" (യോഹ. 15:9) എന്നും ഞാൻ നിങ്ങളേ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം". എന്ന പുതിയ കല്പനയും അവൻ തന്നു. (യോഹ. 13:34) "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല." "ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു." (യോഹ. 15:13; 10:11) എന്ന് വ്യക്തമാക്കി കർത്താവ് ആ സ്ഥാനത്തേക്ക് വരികയായിരുന്നു. വൈമനസ്യത്തോടയല്ല, പൂർണ്ണമനസ്സോടെ".

വി. മത്തായി 16-ാം അദ്ധ്യായത്തിൽ ശിമോനേ പേർ ചൊല്ലിവിളിച്ച് നീ ഭാഗ്യവാൻ എന്ന് കല്പിച്ച കർത്താവ് തന്റെ ഭാവി ദൗത്യത്തെ വെളിപ്പെടുത്തി. അതിൽ ദുഃഖം തോന്നി അവനേ വിലക്കിയ പത്രോസിനെ "സാത്താനേ നീ എന്നെ വിട്ടു പോ" എന്നു ശകാരിച്ച് പുറത്താക്കുകയാണ് ചെയ്തത്. "മനുഷ്യ പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത്" (മർക്കോ. 10:45) ഈ ദൗത്യം കർത്താവ് സ്വയമേ ഏറ്റെടുത്തതും അതിൽ സംതൃപ്തനുമായിരുന്നു. തന്റെ പിതാവിന്റെ ആലോചന തനിക്ക് ഇക്കാര്യത്തിൽ സദാ ലഭിച്ചിരുന്നു. മറുരൂപ മലയിൽ മോശയും ഏലിയാവും നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന വിശുദ്ധന്മാർ വർത്തമാന കാലത്ത് പ്രത്യക്ഷരായി ഭാവിയിൽ സംഭവിപ്പാനുള്ളത് ആലോചിക്കുന്നു. അതു കർത്താവിന്റെ ക്രൂശു മരണത്തെക്കുറിച്ചായിരുന്നു. ഈ സന്ദർഭങ്ങളിലെല്ലാം കർത്താവ് തന്റെ ദൗത്യം സന്തോഷത്തോടെ ഭരമേല്ക്കുകയാണ് ചെയ്തത്.

എ.ഡി. 451-ൽ കൂടിയ കൽക്കദോന്യ സുന്നഹദോസിലെ ചർച്ചാവിഷയംതന്നെ കർത്താവിന്റെ ഇരുസ്വഭാവ/ഏകസ്വഭവ വാദമായിരുന്നല്ലോ. അവിടെ ഓറിയന്റൽ ഓർത്തഡോക്സ് ചർച്ചസ് (കോപ്റ്റിക്, അന്ത്യോക്യൻ, അർമ്മീനിയൻ, ഇൻഡ്യൻ, എത്യോപ്യൻ) യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഐക്യതയോടെ തുടർന്നിരുന്നു അതായത് രണ്ടു സ്വഭാവങ്ങളിൽ നിന്നും ജഡധാരണം ചെയ്ത ഏക സ്വഭാവം എന്നാണ് തീരുമാനിച്ചത്.

യേശു ക്രിസ്തുവിന്റെ ജീവിതത്തിൽ വിശപ്പ്, ദാഹം, ദുഃഖിതരോടുള്ള അനുകമ്പ, രോഗികളോടുള്ള സഹതാപം ഇവ കാണിക്കുമ്പോൾത്തന്നെ വിശക്കുന്നവർക്ക് ഭക്ഷണം, ദാഹജലം, ദുഃഖിതർക്കാശ്വാസം, രോഗികൾക്ക് സൗഖ്യം ഇവ നൽകി അമാനുഷികവും ദൈവീകവുമായ ശക്തി വെളിപ്പെടുത്തി. യരുശലേമിനു വരുവാനുള്ള നാശത്തേ മുന്നിൽ കണ്ട് മനസലിഞ്ഞു കരഞ്ഞ കർത്താവ് സർവ്വ ലോകത്തിന്റെയും നാശത്തിൽ നിന്ന് അതിനെ വിടുവിച്ച് വീണ്ടെടുക്കാനുള്ള തന്റെ ദൗത്യത്തിനു മുമ്പിൽ പതറുകയോ? പ്രിയ സ്നേഹിതാ ബൈബിൾ നീ വിശ്വസിച്ച് മനസിലാക്കുകയാണ് വേണ്ടത്. മറിച്ച്, മനസിലാക്കി വിശ്വാസിക്കയല്ല. നിന്റെയും പാപ പരിഹാരം കാൽവറിയിൽ വരുത്തിയിരിക്കുന്നു. അതുകൊണ്ട് ധൈര്യമായി പാടുക.

"ഫറവോനു ഞാനിനി അടിമയല്ല
പരമ സീയോനിൽ ഞാനന്യനല്ല"

പ്രൊഫ. ജി. എം. തരകൻ
കൊട്ടാരക്കര



Omana Rajkot — Alice Mathai Bhubaneswar — ഏലിക്കുട്ടി മാണി വെള്ളൂർ — ഇ. എം. മാണി വെള്ളൂർ

രുടെ മരണത്തിനിടയാക്കിയ ആ സംഭവത്തിൽ പോലീസ് അനേകരെ കഠിനമായി പീഡിപ്പിച്ചു. ആദിവാസികൾ പോലീസുകാരേയും ഫോറസ്റ്റ് ഉദ്യോഗസ്ഥരേയും കഠിനമായി വെട്ടി മുറിവേല്പിച്ച് ആക്രമിച്ചു എന്നതും നാം വിസ്മരിച്ചുകൂടാ.

ആദിവാസികളുടെ ക്ഷേമത്തിനായി കോൺഗ്രസിന്റെ ആദിവാസി കോൺഗ്രസും സി. കെ. ജാനുവിന്റെ ഗോത്രസഭയും, ബി.ജെ.പി. യുടെ വനവാസിയും, സി.പി.എം. ന്റെ ആദിവാസി ക്ഷേമസമിതിയും ഉണ്ടെങ്കിലും അവരുടെ ദുർഗതിക്ക് മാറ്റമില്ലാ എന്നത് അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. ആദിവാസികളെ അവരുടെ ജന്മവീടായ കാട്ടിലേക്ക് തിരിച്ചു പോകുവാൻ അനുവദിക്കുക.
2. അവരുടെ ഉന്നമനത്തിനായി സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ വേഗം നടപ്പിലാക്കി അവർക്ക് ഭൂമി നൽകുക.
3. വൻകിട തോട്ടങ്ങളിലെ അനധികൃത മിച്ചഭൂമി കണ്ടെത്തി ആദിവാസികൾക്ക് നൽകുക.
4. പിന്നോക്ക വിഭാഗങ്ങൾക്കെല്ലാം നിർബന്ധ വിദ്യാഭ്യാസം നൽകുക.
5. വിദ്യാഭ്യാസത്തിലൂടെ അധികാരസ്ഥാനങ്ങളിൽ അവരെ എത്തിക്കുക.
6. കോളനികളിൽ നിന്ന് അവരെ മാറ്റി പാർപ്പിക്കുക
7. അന്ധവിശ്വാസങ്ങളിൽ നിന്നും, ദുരാചാരങ്ങളിൽ നിന്നും, ദുശ്ശീലങ്ങളിൽ നിന്നും, അവരെ രക്ഷിക്കുവാൻ സർക്കാരും, സന്നദ്ധ സംഘടനകളും, സഭകളും പദ്ധതികൾ ആവിഷ്ക്കരിക്കുക.


*For Favours Received*






**A Firm Believer**
**Chennai-92**


കവിത

## സമൂഹമനസ്സിൽ മാറ്റൊലിക്കൊള്ളുന്ന മഹിമ

ഫാ. പി. പി. ഗീവർഗീസ്, പാമ്പാടി

പാറേട്ടു മാത്യൂസ് മാർ ഈവാനിയോസ്
ആറടിയേറെയുയരമാർന്നോൻ
മാരിവില്ലൊത്ത മനോഹരമാം
താരപ്രഭയാലനുഗ്രഹീതൻ
ആറുദശാബ്ദ സുദീർഘകാലം
പോരും പ്രശാന്തിയുമൊത്തുചേർന്ന്
പാരമാരാധ്യം സഭാ ഭരണം
ധീരജേതാവായി നിർവഹിച്ചു.
ആരെയും കൂസാത്ത കർമ്മയോഗി
നേരായ് നയിച്ചോരിടയശ്രേഷ്ഠൻ
സൂര്യനെപ്പോലെ സഭാനഭസ്സിൽ
വിരോചിതം ജ്യോതിസ്സായിരുന്നു
കൃത്യനിഷ്ഠയൊട്ടും വിട്ടിടാത്ത
നിത്യമാംവർത്തനമെത്ര ശ്രേഷ്ഠം!
സത്യമല്ലാത്തൊരു വാക്കുപോലും
ഗത്യന്തരത്തിലും ചൊല്ലുകില്ല.
ആരെയും പ്രീതിപ്പെടുത്തുവാനായ്
തീരെക്കരുതാത്ത ധീരതയാൽ
പോരിനൊരുങ്ങിപ്പെരുമയാർന്നോൻ
ധീരമായ് നേരിട്ടാ കർമ്മയോഗി
ആദർശസമ്പന്നനായ നേതാ-
വാദിവ്യകാന്തി പുലർത്തിയെന്നും
നീതിയ്ക്കുതകും 'നിയമവാഴ്ച'
ഏതു ചലനവും ധന്യമാക്കി.
ജീവിതമാകുന്ന ദീപയഷ്ടി
നീതിയാമെണ്ണ കൊണ്ടുജ്ജ്വലിച്ചു
ആ ദിവ്യ ദീപ്തിയിൽ മുങ്ങിയെത്ര
വേദോപദേശകർ നിഷ്പ്രഭരായ്!
ഉച്ചനീചത്വങ്ങൾ വിസ്മരിച്ചു
ഉത്തമ നീതിപുലർത്തിയെന്നും
സത്തമന്മാരെ തിരിച്ചറിയാൻ
ബുദ്ധിയും ജ്ഞാനവും തെറ്റിയില്ല.
നൂറോടടുത്തോറെ വൽസരങ്ങൾ
പാറിപ്പറന്നൊരു പൂങ്കുയിലേ,
കൂറെഴുമാദർശഗാനമെല്ലാം
മാറ്റൊലിക്കൊള്ളും മനസ്സിലെന്നും
ആരെയുമമ്പരപ്പിച്ചിടുന്ന
തേരുതെളിച്ചോരീസാരഥിയാം
വീരയോദ്ധാവിനെ വിസ്മരിച്ചു
നേരും നെറിയുമില്ലാത്ത ലോകം!






ഡോ. പുന്നൂസ് യു. പാണൂർ, തോട്ടയ്ക്കാട്


# ഓർത്തഡോക്സ് ആരാധനയും വേദപുസ്തകവും

നമ്മുടെ ആരാധനാ ക്രമത്തിലെ പ്രാർത്ഥനകൾ പരിശോധിച്ചാൽ അവ മുഴുവൻ തന്നെയും വി. വേദപുസ്തകാടിസ്ഥിതവും, വേദവാക്യങ്ങൾ നിറഞ്ഞതുമാണെന്നു കാണാവുന്നതാണ്. ആരാധനാ ക്രമത്തിനു രൂപം കൊടുത്ത പിതാക്കന്മാർ വേദപണ്ഡിതന്മാരായിരുന്നു എന്നാണ് ഇതു കാണിക്കുന്നത്. കൂടാതെ നമ്മുടെ പ്രാർത്ഥനകളുടെ ആഴം മനസ്സിലാക്കുവാൻ വി. വേദപുസ്തക പഠനം ആവശ്യമാണെന്ന് ഇതു തെളിയിക്കുന്നു.

നമ്മുടെ പ്രാർത്ഥനയിലെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...." എന്നു തുടങ്ങുന്ന കർത്തൃ പ്രാർത്ഥന വി. മത്താ. 6:9-13, വി. ലൂക്കോ. 11:2-4 എന്നീ ഭാഗങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതാണ് "കൃപ നിറഞ്ഞ മറിയമേ...." എന്ന് പ്രാർത്ഥന വി. ലൂക്കോ. 1:28, 42 എന്നീ ഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

പ്രാർത്ഥനകളിൽ മിക്കതും ആരംഭിക്കുന്നതു ദൈവസന്നിധിയിലേക്കു പശ്ചാത്താപ ചിന്തയോടെ കടന്നു ചെല്ലുന്നതിനു സഹായിക്കുന്ന 51-ാം സങ്കീർത്തനം ചൊല്ലിക്കൊണ്ടാണ്. കൂടാതെ 91, 113, 115, 116, 118, 120, 132, 140, 141, 148, 149, 150 എന്നീ സങ്കീർത്തനങ്ങൾ സന്ധ്യാ പ്രാർത്ഥനയുടെ ഭാഗങ്ങളാണ്. അതു പോലെ 19, 51, 63, 113, 148, 149, 150 എന്നീ സങ്കീർത്തനങ്ങളും ഏശായ 40:10-13, 45:8, ലൂക്കോ. 1:4,6-15, മത്താ. 5:3-12 എന്നീ ഭാഗങ്ങളും പ്രഭാത പ്രാർത്ഥനയുടെ ഭാഗങ്ങളാണ്.

ഓർത്തഡോക്സ് ആരാധനയുടെ മകുടവും പൂർത്തീകരണവുമായ വി. കുർബാനയിലെ പ്രാർത്ഥനകളിൽ നല്ലൊരു പങ്ക് വേദവാക്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. വി. കുർബാന സ്ഥാപനത്തിന്റെ സാരം മനസ്സിലാക്കുവാൻ വി. യോഹ. 1:1-18, വി. മത്താ. 26:26-28, വി. മർക്കോ. 14:22-24, വി. ലൂക്കോ. 22:17-20, വി. യോഹ. 6:32-35, 6:53-58, 1 കൊരി. 10:16,17, 11: 23-29 എന്നീ ഭാഗങ്ങൾ ഒരുമിച്ചു വായിക്കേണ്ടതാണ്.

വി. കുർബാനയുടെ ഒരുക്ക ശുശ്രൂഷാ സമയത്തു പഴയ നിയമവും പ്രവചനങ്ങളും വായിക്കുന്നു. വി. കുർബാനയുടെ ആരംഭത്തിൽ ക്രിസ്തീയ സഭയെ പഴയ നിയമ സഭയുടെ തുടർച്ചയായി കാണുവാൻ സഹായിക്കത്തക്കവണ്ണം പുതിയ നിയമത്തിൽ നിന്നും വായനകൾ ഉണ്ട്. അതിനുശേഷം മശിഹായെ സ്വീകരിപ്പാൻ ജനത്തെ ഒരുക്കത്തക്കവണ്ണം അപ്പോസ്തോലന്മാരുടെ ലേഖനങ്ങളും, തുടർന്നു ക്രിസ്തീയ വിശ്വാസികൾക്കു സജീവനായ മശിഹായെ പ്രദാനം ചെയ്യുന്ന വി. ഏവൻഗേലിയോനും വായിക്കുന്നു. ആകെ കുറഞ്ഞതു എട്ടു വേദഭാഗങ്ങൾ വായിക്കുവാൻ തക്കവണ്ണം വേദഭാഗങ്ങൾ വേദവായനക്കുറിപ്പിൽ കൊടുത്തിരിക്കുന്നു.

വി. കുർബാന ക്രമത്തിലെ ഗീതങ്ങളിൽ പലതും വേദപുസ്തക ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:-

എന്നും സ്തുതി നിൻ കനിവിനു കനിവേറും... യോഹ. 3:10,12
അഹരോന്റെയുമസ്ക്കറിയാ.... സംഖ്യ 25:11
മുൾമരമെരിയാതെരിതീതൻ.... പുറപ്പാട് 3:2
എരിതി നിരവിട്ടീറേദൂതനിറങ്ങിച്ചെന്നു... വി. ലൂക്കോ 1:26-30
ലോകം താത സഹോദരൻ..... എബ്രാ. 13:7
തൂക്കപ്പെട്ടു മരത്തിൽ.... സംഖ്യാ 13:1, വി. യോഹ. 19:34
വെളിവുനിറഞ്ഞോരീശോ... സങ്കീ. 104:2, 36:9
വെളിവിൻ തട്ടിൽ വസിക്കും.... എഫേ. 2:10
ഹാബേലിൻ കുഞ്ഞാടും.... ഉല്പ. 4:4, 8:20, 22:6-8
കർത്താവേ നിൻ രക്ത ശരീരങ്ങൾ....വി. മത്താ. 24:30-31
നിൻ മാതാവു വിശുദ്ധന്മാർ..... വി. ലൂക്കോ. 2:13-14
ഭൂവിലശേഷം..... വി. മത്താ. 28:16-20
പൗലോസ് ശ്ലീഹാ...... ഗലാ. 1:8
യജമാനൻ വരുമന്നേര..... വി. ലൂക്കോ. 12:37
മൂശേ ആലോഹാ...... പുറ. 3:2
പരിശുദ്ധാലയമുള്ളിൽ.... വി. ലൂക്കോ. 1:10
അഖിലം ഞാനാരാഞ്ഞിട്ടും.... സഭാപ്ര. 1:13, 12:13, ഉല്പ. 41:41
അന്യോന്യം ശ്ലോമ്മോ നൽകിൻ...... മത്താ. 5:23-24, യോഹ. 13:34, 1 കൊരി. 16:20, ഫിലി. 2:5
സ്രാപ്പികളേ കണ്ടേശായാ..... യെശയ്യാ 6:1-18
നിന്നാൾ സ്തുതിയൊടു രാജമകൾ... സങ്കീ. 45:9-11
നയവാൻ പനപോലെ... സങ്കീ. 92:12-14
ചാർത്തും നീതിയെ നിന്നാചാര്യന്മാരും... സങ്കീ. 132:9-10
മക്കളിലപ്പൻ കൃപ ചെയ്തതുപോലെ... സങ്കീ. 103:13-15, 88:10-12
വെല്ലും ശത്രുക്കളെ.... സങ്കീ. 44:5-7
ഭൂവാകെ നമിക്കും നിന്നെ......ഫിലി. 2:10-11

വി. കുർബാനയുടെ രണ്ടാം ഭാഗം രണ്ടാം അദ്ധ്യായത്തിൽ പട്ടക്കാരൻ കൊടുക്കുന്ന അപ്പോസ്തോലിക ആശീർവാദം 2 കൊരി. 13:14 അടിസ്ഥാനമാക്കിയാണ്.

"കർത്താവേ എന്നോട് ഉത്തരം അരുളിച്ചെയ്യണമേ" എന്ന പട്ടക്കാരന്റെ പ്രാർത്ഥന 1 രാജാ. 18:36-39 ഭാഗത്ത് ഏലിയാ പ്രവാചകന്റെ പ്രാർത്ഥനയെയാണു അനുസ്മരിപ്പിക്കുന്നത്.

2 ദിന. 29:30-31 ഭാഗത്തു കാണുന്നതുപോലെ ദൈവ

# The Malankara Orthodox Church of India: Its life and witness in the modern period-II

Metropolitan Philipos Mar Eusebius

## The Rise of Spiritual Organizations and Growing Christian Witness

Reference has already been made to the formation of the Syrian Students Conference in 1908. Its first president was V. Rev. V.J. Geevarghese Ramban Vattaseril who was assisting the Metropolitan in all aspects of Church government. He was subsequently elected by the Malankara Church Assembly to succeed the Malankara Metropolitan and was consecrated Metropolitan in 1909 with the name Geevarghese Mar Dionysius. On the demise of Metropolitan Joseph Mar Dionysius on July 12, 1909, the former was made his successor. A man of indomitable determination, great vision, spirituality, knowledge, wit and wisdom and commitment to God and the church, he welcomed Anglican Fathers of the Dublin, Oxford and Cambridge University missions and Cowley Brotherhood Mission as main speakers and leaders for conference sessions commencing from 1910. The first person ever to be invited as such was Rev. Herbert Pakenham-Walsh (later Bishop) of the Dublin University Mission, who together with his dear wife Ridley Clare became a very close associate of the Church and gave invaluable leadership and all his belongings towards the establishment of the first foreign mission centre (outside Kerala mission) of our church in Thadagam, Coimbatore, Tamil Nadu. Together with two of their students in Bishop's College, Calcutta, M/s KC. Varghese and T. O. Mathew, very active members of the Students Conference, they started this first mission centre (Ashram), in a different language milieu. This was in fact the implementation of the decision taken at the Silver Jubilee Celebration of the Student Conference in 1933 while K. C. Varghese was serving as the general secretary for that year. This served as an eye opener for the Church calling it to its missionary obligation to the people around, other than Malayalam speaking church members as well. As a religious community with obedience, chastity, devotion, and service as the motto, the Thadagam Ashram developed and catered to the spiritual, mental, and physical needs of the people in the twenty-one villages around, in addition to the tribal community in Attappady hills. Now, it runs a thirty-bed small hospital (Bishop Walsh Memorial), a home for the destitute children (Mar Gregorios Balabhavan), a primary school and a branch Ashram in Thenkara apart from the religious community life in the ashram. Minimum facilities for camps, conferences and retreat sessions are also provided. The present writer is a life member of the ashram and its visitor-Metropolitan. Alround developmental works of the ashram, particularly that of the hospital expansion work and Thenkara Branch are afoot as we are heading towards the Sapthathy (70 yrs) celebration of the ashram and Outside Kerala Mission in 2006.

The Student Movement (MGOCSM) itself is heading towards its centenary celebration (100 yrs) In 2008. It already has various auxiliaries (medical, technical, etc), forums for mission activities, literary work, arts, and publications, college and high school wings and student centers in Trivandrum, Kottayam, Aluva, Bangalore, and Madras besides several programs such as regional and annual conferences, Bible study, seminars, debates, retreats, pilgrimages and social uplift programs. Its headquarters is in Kottayam, and has local units in almost all the important educational centers in India and church centers abroad wherever the Church has worshipping communities. It is spreading in all the continents with its acclaimed motto of Worship, Study, and Service and the three fold aim in strengthening the spiritual lives of the members, preparing them to be. responsible citizens in the church and the nation, and also moulding and encouraging them to dedicate themselves for full-time sacrificial service in the church and society. It has prepared and provided numerous leaders in the ranks of spiritual, academic, executive, political, and social service realms. Preparing people of intellectual and spiritual caliber with Christian commitment to serve the church and society at large on all levels is the major contribution of the MGOCSM.

The movement gave impetus to the formation and development of various spiritual organizations such as Sunday School, Youth Movement, monastic and evangelistic movements. Mention has already been made about the significant role it played in Sunday school work. The call and messages came out of the conference sessions did inspire and challenge many participants to take decisions for life and assume important responsibilities in church and society. To mention only a few examples, it was in response to the call and message of Fr. Holmes in the annual conference of 1914 that Mookencheril M. P. Peter, a young graduate teacher at that time, left his government job and dedicated himself for full-time evangelistic work in the church. That eventually led to the formation of the "Servants of the Cross" in 1924 engaging in evangelistic work among the "untouchables" of that time. Well over 25000 harijans were won for Christ and brought to Churchlife through their ministry. Another enthusiastic leader of the conference, Rev. Fr. P. T. Geevarghese together with M. M. Alexander (later Mar Theodosius Metropolitan) and other like-minded friends and participants of the student conference took up the challenge of the time and dedicated themselves for monastic life to offer selfless Christian service to the Church and society. This led to the founding of the Bethany Ashram, Ranni-Perunadu for men in 1918and later for women as well. This founding of the "Order of the Imitation of Christ" provided inspiration for establishing several more monastic communities in the Church, such as the Society of the Sacred Transfiguration, Pathanapuram, Society of St.. Basil, Pathanamthitta etc. Now the Church has over 20 monasteries for men and 15 convents for women, all engaged in spiritual and social uplift programs of the society and the glorification of His name. It is high time for such developments in the young diocese in the USA as well. The members of the MGOCSM should think seriously in those lines and take decisions for life as it is the need of the hour.

The call and messages came out of the conference sessions did inspire and challenge many participants to take decisions for life and assume important responsibilities in church and society.

In connection with the Navathy (90 yrs.) Celebration of the movement in 1998 a religious community called the society of St. Gregorios has been initiated to strengthen and deepen the fellowship among those who work in the movement. Membership of this is open to all the members of the movement who desire for it.

## Theological Training

Following the enthronement and installation of the Catholicos in 1912, litigations arose in the Church and for a time the work of the theological seminary was interrupted. In that context, alternate arrangements had to be sought for ministerial training. During that period, a considerable number of our young people joined various theological colleges under Serampore University for training. That turned out to be a blessing in disguise for the future as several of the Serampore graduates gave decisive leadership in spiritual activities in the church and quite a few of them including the present and previous Catholicoses were raised to the Episcopate. In 1942, theological training in the Church was revived and reorganized and ever since the

*Continu...page No.27*

▶

ത്തിനു നമ്മെത്തന്നെ നിവേദിക്കുന്നതിന്റെ ലക്ഷണമാണ് തലകുനിക്കുന്നത്.

സമാധാനചുംബനം ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതയാണ്. വി. കുർബാനയിലേക്കു പ്രവേശിക്കുമ്പോൾത്തന്നെ തമ്മിൽ തമ്മിൽ സമാധാനം കൊടുക്കയും പരസ്പരം സ്നേഹം പകരുകയും ചെയ്യുന്നു. വി. മത്താ. 5:23, 24:6:12 എന്നീ വാക്യങ്ങളുടെ അനുസ്മരണമാണത്.

വി. കുർബാനയിൽ പട്ടക്കാരൻ നടത്തുന്ന "നിങ്ങൾക്കു സമാധാനം" എന്ന ആശംസ ഉയിർത്തെഴുന്നേറ്റ കർത്താവു ശിഷ്യന്മാർക്കു നൽകിയ ആശംസയെയാണ് അനുസ്മരിപ്പിക്കുന്നത് (വി. ലൂക്കോ. 24:36, വി. യോഹ. 20:19, 20)

നമ്മുടെ ആരാധനയിലെ പ്രാർത്ഥനകളും ഗീതങ്ങളും എല്ലാം തന്നെ വി. വേദപുസ്തകത്തിലെ വചന പ്രകാരമാണെന്നു പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

❖

**ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്താൻ**

Welcome matrimonial library, Kaloor Tower, Kochi-17,
Ph: 0484-2342800, 2531456
www.welcomemarriages.com

USA, UAE, UK എന്നീ വിദേശ രാജ്യങ്ങളിൽ നിന്നും അപേക്ഷകൾ എത്തിയിരിക്കുന്നു. Dr., Nurses, Engrs., CA., P.G., Degree, PDC യോഗ്യതയുള്ളവർ ഫോട്ടോ സഹിതം അപേക്ഷിക്കുക.

**കമ്മീഷൻ വാങ്ങുന്നില്ല, ഒരു ചാരിറ്റബിൾ സ്ഥാപനം**

*NB:- ഫ്രാഞ്ചൈസിയായി ചാരിറ്റബിൾ സ്കീമിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ അപേക്ഷിക്കുക*

**Bride Wanted**

Orthodox boy, 32, 178, Doctor, MD, Appollo Hyderabad, seek Doctors/Post Graduates/Teachers, Well employed.

# പുതുപ്പള്ളി വലിയ പള്ളി കൂദാശ: ഓഗസ്റ്റ് 18, 19



പൗരസ്ത്യ ക്രിസ്തീയ ദർശനത്തിൽ ഒരു ഭക്തനെ ആത്മീയ നിറവിലേക്കും ധന്യതയിലേയ്ക്കും സംതൃപ്തിയിലേക്കും ഉയർത്തുന്നതിന് ദേവാലയങ്ങൾ നിർമ്മിക്കപ്പെടുന്നു എങ്കിലും, നിർവ്വചിക്കുവാൻ കഴിയാത്ത വിധം ചില ദേവാലയങ്ങൾ മാത്രം ഭക്തരുടെ ഹൃദയങ്ങളിൽ സ്ഥാനം നേടുന്നു. ഈ ഒരു പ്രതിഭാസം മറ്റു മതങ്ങളിലും സംഭവിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ഭൂമിശാസ്ത്രപരമായ നിലയിലും പ്രകൃതിയുടെ മനോഹാരിതയും നദികളുടെ സാമീപ്യവും ദേവാലയ നിർമ്മാണത്തിലെ വൈശിഷ്ട്യവും ചില ദേവാലയങ്ങളെ മറ്റ് ദേവാലയങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുകയും ചൈതന്യമുള്ളതാക്കിത്തീർക്കുകയും ചെയ്യുന്നു.

പുതുപ്പള്ളി പള്ളി ഇക്കാരണങ്ങളാലും സഹദേന്മാരുടെ മദ്ധ്യസ്ഥതയാലും ദൈവീകമായ ചൈതന്യത്താലും നൂറ്റാണ്ടുകളായി ശോഭിക്കുന്നു എന്നത് എല്ലാവരും അംഗീകരിക്കുന്ന സത്യമാണ്.

മാർ ഗീവർഗീസ് സഹദാ എന്ന് കേൾക്കുമ്പോൾ കേരള ക്രൈസ്തവരുടെ മനസ്സിൽ ഉടൻ മന്ത്രിക്കുന്ന ഒരു ശബ്ദമാണ് പുതുപ്പള്ളി പള്ളി. ഒരു വ്യക്തിയെ സഹദാ ആക്കുന്നത് അടിയുറച്ച ദൈവവിശ്വാസവും, തൻമൂലം അനുഭവിക്കുന്ന പീഢനങ്ങളും രക്തസാക്ഷിത്വവുമാണല്ലോ. വി. ഗീവർഗീസ് സഹദാ ക്രൈസ്തവ ചരിത്രത്തിലെ വലിയ സഹദായായി ഇന്ന് വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാനം നേടുമ്പോൾ സഹദായിലെ ജീവതമൂല്യങ്ങൾ ഈ കൂദാശയിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കും. നമ്മിൽ നിന്ന് സമൂഹത്തിലേക്കും ഒഴുകട്ടെ. പല പാശ്ചാത്യ രാജ്യങ്ങളുടെയും മദ്ധ്യസ്ഥനായി വി. ഗീവർഗീസ് സഹദാ സ്ഥാനം നേടിയിരുന്നുവെന്നതും, തമിഴ്നാട് സംസ്ഥാന ഭരണകേന്ദ്രം സെന്റ് ജോർജ്ജ് കോട്ട എന്നറിയപ്പെടുന്നതും വിശുദ്ധന്റെ മഹത്വത്തിന്റെ മറ്റൊരു തലമാണ്.

മലങ്കരസഭയിൽ ഉണ്ടായ പ്രശ്നങ്ങളാൽ കാറും കോളും നിറഞ്ഞ കാലഘട്ടത്തിലും, പള്ളി പൂട്ടിക്കിടന്നപ്പോഴും, റിസീവർമാർ ഭരിച്ചപ്പോഴും, കേട്പാടുകൾ പരിഹരിക്കാതെ മുഷിഞ്ഞ ചുവരുകൾ ദൃശ്യമായിരുന്നപ്പോഴും പള്ളിയുടെ മുറ്റത്തോ, കൽക്കുരിശിന് മുമ്പിലോ നിന്ന് നിറകണ്ണുകളാൽ, ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിച്ചവരുടെ മേൽ സഹദേന്മാരുടെ മദ്ധ്യസ്ഥതയാൽ കരുണയുടെ മാരി പെയ്തു എന്നത് ഏവരും സമ്മതിക്കുന്ന സത്യമാണ്.

ഇന്ന് സമൂഹത്തിലേക്ക് ശ്രദ്ധിച്ചാൽ വ്യക്തി-വിരോധങ്ങളും, കുടുംബപ്രശ്നങ്ങളും, സഭാ പ്രശ്നമായി രൂപാന്തരപ്പെട്ട പല ദേവാലയങ്ങളും അസ്സമാധാനത്തിൽ തുടരുന്നു. സമാധാനത്തിന്റെ വാതിലുകൾ നിഷ്കരുണം അടയ്ക്കുന്ന വ്യക്തിത്വങ്ങൾ ക്രൈസ്തവ സാക്ഷ്യം നശിപ്പിക്കുന്നു എന്നതാണ് സത്യം. വി. ഗീവർഗീസ് സഹദായെപ്പോലെ സത്യ വിശ്വാസ സംരക്ഷണത്തിനായി അനേകം പീഢനങ്ങളും വേദനകളും അനുഭവിച്ച ഒരു മാതൃ ദേവാലയമായ പുതുപ്പള്ളി പള്ളി എക്കാലവും സഹദേന്മാരുടെ മദ്ധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കും എന്നത് നമുക്ക് പ്രചോദനമാണ്.

പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും, രോഗാവസ്ഥയിലും, ജീവിതഭാരങ്ങളിലും പതറിപ്പോകുന്നവർക്ക്, പിറുപിറുക്കുന്നവർക്ക്, സഭാപരിവർത്തനം ആഗ്രഹിക്കുന്നവർക്ക്-പുതുപ്പള്ളി പള്ളി ഒരു അഭയകേന്ദ്രവും, ആശ്വാസകേന്ദ്രവുമാണ്.

കരളത്തിലെ ഈ ചരിത്ര പ്രസിദ്ധമായ ദേവാലയം മത സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃകയായി, മകുടമായി ഇന്നും ശോഭിക്കുന്നു.

ഭാരതത്തിന്റെ പൈതൃകവും പാരമ്പര്യവും ക്രിസ്തീയ ദർശനത്തിന്റെ പ്രകാശവും, ശിൽപികളുടെ നിർമ്മാണ ചാതുര്യവും സമ്മേളിക്കുന്ന ഈ ദേവാലയത്തിൽ എത്തുന്ന ഏവരും അഭൗമികമായ ഒരനുഭൂതിയിലേക്ക് ഉയർത്തപ്പെടുന്നു. ദേവാലയ പുനർനിർമ്മാണ ചിന്തയിൽ ഈ യാഥാർത്ഥ്യമാണ് സംരക്ഷിക്കപ്പെട്ടത്. മലങ്കരസഭയിലെ 9 ത്രോണോസുകളുള്ള ഏക ദേവാലയമായ ഈ പള്ളി പുനർനിർമ്മാണം നടത്തി കൂദാശ ചെയ്യപ്പെടുമ്പോൾ 3 ശുദ്ധിമതികളുടെയും, 6 പരിശുദ്ധന്മാരുടെയും സജ്ജീവ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അനുഗൃഹീതരാകുവാൻ ഭക്തന്മാർക്ക് ഇടയാകുന്നു.

ദേവാലയ സമുച്ചയമായി, പഴമനിലനിർത്തിക്കൊണ്ട് നിർമ്മിക്കുന്ന ഈ ദേവാലയം വരും തലമുറയ്ക്ക് ഒരത്ഭുതമായി, പുതുമയായി, വിസ്മയമായി തീരും എന്നതിൽ സംശയമില്ല.

മലങ്കരസഭാ പിതാക്കന്മാരായ അനേകം പുണ്യവാന്മാരുടേയും പരിശുദ്ധന്മാരായ പരുമല തിരുമേനിയുടെയും, വട്ടശ്ശേരിൽ തിരുമേനിയുടേയും പാദസ്പർശത്താലും പ്രാർത്ഥനകളാലും പുതുപ്പള്ളി പള്ളിയും പരിസരവും അന്തരീക്ഷവും പരിപാവനമാണ്.

പ. പരുമല തിരുമേനി ദിവസങ്ങളോളം ഈ ദേവാലയത്തിൽ താമസിച്ച് ഇടയത്വ ശുശ്രൂഷ നിർവ്വഹിച്ചത്, പ. വട്ടശ്ശേരിൽ തിരുമേനി കണ്ണിലെ കൃഷ്ണമണിപോലെ കരുതിയതും ഹൃദയത്തിൽ പ്രഥമസ്ഥാനം നൽകിയതും ഈ ദേവാലയത്തിന്റെ ഭാഗ്യമായി നമുക്ക് സ്മരിക്കാം. പ. വട്ടശ്ശേരിൽ തിരുമേനിയോടും പ. പാമ്പാടിതിരുമേനിയോടുമുള്ള ഭക്തിയും ആദരവും പ്രകടിപ്പിക്കുവാൻ തക്കവണ്ണം മദ്ധ്യസ്ഥത അപേക്ഷിക്കുവാനാണ് ഓരോ ത്രോണോസുകൾ പ്രതിഷ്ഠിക്കപ്പെടുന്നത്. മലങ്കരസഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ മദ്ധ്യസ്ഥത യിൽ പ്രതിഷ്ഠിക്കപ്പെടുന്ന ആദ്യത്തെ ത്രോണോസ് പുതുപ്പള്ളി പള്ളിയിലാണ്. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ഏവർക്കും അനുഗ്രഹവും കോട്ടയും ആകട്ടെ.

നവീകരിക്കുന്ന ഈ വി. ദേവാലയത്തിന്റെ വികാരിയായി റവ. ഫാ. തോമസ് വർഗീസ് കാവുങ്കലും, സഹവികാരിയായി റവ. ഫാ. ജെയ് സഖറിയ മൂലക്കാട്ടും സേവനമനുഷ്ഠിക്കുന്നു.

❖



# 2003 ജൂലൈയിൽ കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രധാന നിശ്ചയങ്ങൾ

2003 ജൂലൈ 22 മുതൽ 25 വരെ കോട്ടയം പഴയ സെമിനാരി സോഫിയാ സെന്റർ ചാപ്പലിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഡോ. തോമസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഇയ്യോബ് മാർ പീലക്സീനോസ് എന്നീ മെത്രാപ്പോലീത്തന്മാരൊഴിച്ച് ബാക്കി എല്ലാവരും സംബന്ധിച്ചു.

സുന്നഹദോസിന്റെ പ്രധാന തീരുമാനങ്ങൾ സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ) മെത്രാപ്പോലീത്താ വിശദീകരിച്ചു.

1. B-ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും 2002–2003–ലെ കണക്ക് പാസ്സാക്കി. ഓർത്തഡോക്സ് സഭാ മിഷൻ സൊസൈറ്റി പുനഃസംഘടിപ്പിച്ചു.

2. വള്ളിക്കാട്ടു ദയറായിൽ കബറടങ്ങിയിരിക്കുന്ന പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ പ്ലാറ്റിനം ജൂബിലി വിവിധ പരിപാടികളോടെ ഡിസംബർ 16, 17 തീയതികളിൽ വിപുലമായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

അതോടനുബന്ധിച്ച് ജൂബിലി സ്മാരകമായി സഭാ സംബന്ധമായ വസ്തുക്കൾ നിർമ്മിക്കുന്ന ഒരു ഉൽപ്പാദന കേന്ദ്രവും, റിലീജിയസ് ആർട്ട് ആൻഡ് ആർക്കിടെക്ചർ ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കുവാൻ തീരുമാനിച്ചു.

3. അമേരിക്കൻ ഭദ്രാസനത്തിന് പുതിയ ആസ്ഥാനം വാങ്ങുവാനുള്ള അനുമതി നൽകി.

4. മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം, റിട്ടയർമെന്റ് ഇവ സംബന്ധിച്ച്, കൂടുതൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവരംഗങ്ങളായുള്ള ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തി. കമ്മറ്റിയുടെ കൺവീനറായി മാത്യൂസ് മാർ സേവേറിയോസ് പ്രവർത്തിക്കും.

5. ജൂലൈ മാസം ആദ്യവാരം കൂടിക്കൊണ്ടിരുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇനി മുതൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിനു ശേഷം (ജൂലൈ 12) കൂടുവാൻ തീരുമാനിച്ചു.

6. 2004 പീഢാനുഭവവാര ശുശ്രൂഷകൾക്ക് കോട്ടയം പഴയ സെമിനാരിയിൽ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും പരുമല സെമിനാരിയിൽ അഭി. ഡോ. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായും പ്രധാന കാർമ്മികത്വം വഹിക്കും.

7. എൻ.സി.സി.ഐ. യുടെ നാഷണൽ അസംബ്ലിയിലേക്ക് സഭാ പ്രതിനിധികളായി അഭി. ഗീവർഗീസ് മാർ കൂറിലോസ്, ഫാ. സാബു കുറിയാക്കോസ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, സൂസൻ ജേക്കബ് (മദ്രാസ്), പ്രിയാ ജേക്കബ് തുടങ്ങിയവർ സംബന്ധിക്കുവാൻ തീരുമാനമായി.

8. റഷ്യൻ സഭയുടെ കിറിൽ മെത്രാപ്പോലീത്ത 2004 ജനുവരി 10 മുതൽ 16 വരെ ഇന്ത്യ സന്ദർശിക്കുന്നു. അതോടനുബന്ധിച്ച് രണ്ടു ദിവസം അദ്ദേഹം കേരളത്തിലും ഉണ്ടായിരിക്കും.

9. പള്ളികൾ പണിയുമ്പോൾ സഭയുടെ ഓർത്തഡോക്സ് പാരമ്പര്യങ്ങളും വാസ്തുശില്പ മാതൃകകളും ഉപയോഗപ്പെടുത്തി പള്ളികൾ പണിയുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി സഭയിലെ താൽപര്യമുള്ള ആർക്കിടെക്റ്റുമാരെ വിളിച്ചുകൂട്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് ചുമതലപ്പെടുത്തി.

10. അടുത്ത സുന്നഹദോസ് 2004 ഫെബ്രുവരി 23–ാം തീയതി ശുബ്ക്കോനോ ശുശ്രൂഷയോടെ ആരംഭിച്ച് ഫെബ്രുവരി 28–ാം തീയതി പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളോടുകൂടി സമാപിക്കും.

❖

# മിസിസ് കെ. എം. മാത്യു അന്തരിച്ചു



കോട്ടയം:- മലയാളത്തിൽ പാചകകലാ സാഹിത്യത്തിന്റെയും വനിതാ പത്രപ്രവർത്തനത്തിന്റെയും തലതൊട്ടമ്മയായ മിസിസ് കെ. എം. മാത്യു (അന്നമ്മ 81) ജൂലൈ 10–ാം തീയതി വ്യാഴാഴ്ച അന്തരിച്ചു.

ശവസംസ്ക്കാരം പ. കാതോലിക്കാ ബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിലും മറ്റു അഭി. മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിലും കോട്ടയം പുത്തൻ പള്ളിയിൽ നടത്തി.

മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിനോടൊപ്പം കേരളത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ജീവിതത്തിലെ സജീവപങ്കാളിയായിരുന്ന ഇവർ ഒരു ഉത്തമ ഓർത്തഡോക്സ് സഭാസ്നേഹിയും, വിശ്വാസിയും ആയിരുന്നു.

❖

ഗ്രന്ഥവിചാരം



ഫാ. ഡോ. ജേക്കബ് കുര്യൻ

## ഇൻഡ്യൻ ഓർത്തഡോക്സ് സഭ ചരിത്രവും സംസ്ക്കാരവും

**കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, വില രൂപ 500**

മലങ്കര സഭാംഗങ്ങളായി ഇന്നു ജീവിച്ചിരിക്കുന്ന ചിരിത്ര പണ്ഡിതന്മാരിൽ പ്രമുഖരാണ് ഫാ. ഡോ. ജോസഫ് ചീരനും, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലും, ശ്രീ. കെ. വി. മാമ്മൻ കോട്ടയ്ക്കലും, ഇവർ മൂന്നു പേരും ചേർന്നെഴുതിയ ശ്രദ്ധേയമായ ഗ്രന്ഥമാണ് "ഇന്ത്യൻ ഓർത്തഡോക്സ് സഭ ചരിത്രവും സംസ്ക്കാരവും" എന്നത്.

ലളിതമായ ഭാഷയിൽ, ചരിത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ "പ്രാചീനഘട്ടം" "മുതൽ നാളത്തെ സഭ" വരെ എത്തുന്ന ചരിത്രാന്വേഷണം ആദിയോടന്തം ഹൃദ്യമായി തോന്നുന്നു. മറ്റു പലരും ചരിത്രരചന നടത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി സഭാചരിത്ര ഘട്ടങ്ങളെ തരംതിരിച്ച്, പലരും ചേർക്കാൻ വിട്ടുപോയവയെ ചരിത്രത്തിന്റെ സുപ്രധാന കണ്ണികളായി കണ്ടെത്തി നടത്തിയിട്ടുള്ള ചരിത്ര രചന പ്രശംസാർഹമാണ്. ആദിമ കേരളസഭാ ചരിത്രത്തിന് സംഘകാലകൃതികളുടെ പ്രസക്തിയെക്കുറിച്ച് ആദ്യ അധ്യായത്തിൽ നടത്തുന്ന ഗവേഷണ പരിചിന്തനങ്ങൾ ഇതഃപര്യന്തം മലങ്കരസഭാ രചനയിൽ ഗൗരവമായിട്ടെടുക്കാത്തതായിരുന്നു. കോതമംഗലത്തു കബറടങ്ങിയ യൽദോ മാർ ബസേലിയോസും, മുളന്തുരുത്തിയിൽ കബറടങ്ങിയ മാർ ഈവാനിയോസും, തനി സിറിയൻ പശ്ചാത്തലത്തിൽ നിന്നു വന്നവരല്ല എന്ന നിഗമനത്തിന് അനേകം അടിസ്ഥാനങ്ങൾ ഈ കൃതി ചൂണ്ടിക്കാട്ടുന്നു. കണ്ടനാട്ടു ഗ്രന്ഥവരിയുടെ അടിസ്ഥാനത്തിൽ, പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസിന്റെ മെത്രാൻ സ്ഥാനലബ്ധി സംശയാസ്പദമാണെന്ന നിഗമനവും ചരിത്രാന്വേഷികൾക്ക് കൗതുകം ഉണർത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ സംഭാവന, പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലം മുതലുള്ള ചരിത്രത്തെ അനേകമാർക്കും അറിയാൻ പാടില്ലാത്ത വസ്തുതകളുടെ വെളിച്ചത്തിൽ പ്രകാശമാനമാക്കുന്നു വെന്നതാണ്. സി.പി.ക്ക് മംഗളപത്രം കൊടുത്തതും, കാതോലിക്കേറ്റ് ആഫീസെന്ന അനേകരുടെ സ്വപ്നത്തിന്റെ അസംഭവ്യതയുടെ കാരണങ്ങളെന്തെന്നും, സഭാ സമാധാനത്തിനാഗ്രഹിക്കുന്നവരും നിക്ഷിപ്തതാല്പര്യക്കാരും തമ്മിലുള്ള ആശയാന്തരത്തിന്റെ ഒന്നാമൂഴം എന്തെന്നും ഒക്കെ വ്യക്തമാക്കുന്ന പച്ചയായ പല സത്യങ്ങളും ഈ ഗ്രന്ഥം അനാവരണം ചെയ്യുന്നു. വ്യക്തി വർണ്ണനകൾക്കുള്ള അസന്തുലിത ശ്രമങ്ങൾ ഈ ഗ്രന്ഥത്തിന്റെ ശോഭയെ കുറച്ചുവെന്ന വിമർശനം ഉള്ളതുതന്നെ ഈ ഗ്രന്ഥം വായിക്കുവാനുള്ള താല്പര്യം വർധിപ്പിക്കും.


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)


അനുസ്മരണം

**പോൾ മണലിൽ**

# കെ. എം. തരകന്റെ സാഹിത്യ ദർശനം

മലയാളത്തിൽ ദാർശനിക വിമർശനത്തിന്റെ ഉപാസകൻ എന്ന നിലയിലാണ് കെ. എം. തരകനെ ഞാൻ കാണുന്നത്. ദർശനത്തെ ആസ്പദമാക്കിയുള്ള വിമർശകൻ എന്ന നിലയിലല്ല ദർശകനെന്ന നിലയിലാണ് അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെ സമീപിക്കുവാൻ കഴിയുന്നത്.

പമ്പാനദിയുടെ തീരത്തുള്ള പുത്തൻകാവിലെ കിഴക്കേതലയ്ക്കൽ കുടുംബത്തിൽ മഹാകവി പുത്തൻ കാവ് മാത്തൻ തരകന്റെയും മറിയാമ്മയുടെയും മകനായി 1930 ഒക്ടോബർ 6-ന് ജനിച്ച കെ. എം. തരകന്റെ ആദ്യത്തെ പുസ്തകം അർച്ചന എന്ന ഗദ്യകവിതയായിരുന്നു. 1951 ലിറങ്ങിയ പ്രസ്തുത പുസ്തകം പുത്തൻകാവ് തിരുമേനിയുടെ ദേഹവിയോഗത്തിൽ അണപൊട്ടിയ ദുഃഖത്തിന് തടയണയിട്ട കാവ്യാവിഷ്ക്കാരമായിരുന്നു. പരിശുദ്ധ പരുമല തിരുമേനിയെ മലയാള സാഹിത്യത്തിലെ പുത്തൻ തീ എന്ന് വിശേഷിപ്പിച്ച അദ്ദേഹം ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി, പത്തനാപുരത്തെ തോമ്മാ മാർ ദീവന്നാസ്യോസ്, പൗലൂസ് മാർ ഗ്രിഗോറിയോസ്, ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്, ഫാ. ഡോ. വി. സി. ശാമുവൽ, ഫാ. ഡോ. കെ. എം. ജോർജ്ജ് എന്നീ പിതാക്കൻമാരുടെ ദർശനങ്ങളെപ്പറ്റിയും എഴുതിയിട്ടുണ്ട്.

തരകനിലെ ഏകത്വത്തിൽ സാഹിത്യവും മതവും എന്ന ദ്വൈത്വം സമന്വയിക്കുകയായിരുന്നു. സാഹിത്യവും മതവും സമന്വയത്തിന്റെ ഉദാത്ത ഭാവത്തിൽ എത്തി നിൽക്കുന്നത് അദ്ദേഹത്തിന്റെ വിഖ്യാതമായ ദി പോയറ്റിക് ആക്ട് എന്ന പ്രാമാണിക ഗ്രന്ഥത്തിലാണ്. സാഹിത്യവും മതവും അതിന്റെ വിശുദ്ധിയിൽ ഒന്നാണെന്ന പക്ഷക്കാരനാണ് ഡോ. തരകൻ. സുറിയാനി ക്രിസ്ത്യാനി പാരമ്പര്യത്തിൽ ജനിച്ച തരകന് പാരമ്പര്യങ്ങളെ നിഷേധിക്കാനോ അവഗണിക്കാനോ കഴിയുമായിരുന്നില്ല. പാരമ്പര്യമാണ് തരകന്റെ സാഹിത്യ സിദ്ധാന്തത്തിന്റെ ശക്തി. അറിയപ്പെടുന്ന സാഹിത്യ വിമർശകനായിരുന്ന തരകനെ എം. പി. പോളിന്റെ തുടർച്ചക്കാരൻ എന്ന് ഒരു കൂട്ടർ വിളിക്കുന്നു.

പ്ലേറ്റോയുടെ തത്വശാസ്ത്രത്തിന് അനുരൂപമാണ് പ്ലേറ്റോയുടെ സാഹിത്യശാസ്ത്രം. അരിസ്റ്റോട്ടിലിന്റെ കാവ്യമീമാംസയെ രൂപപ്പെടുത്തിയിരിക്കുന്നത് അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രമാണ്. ഡെക്കാർട്ടയുടെ യുക്തിചിന്ത പതിനെട്ടാം നൂറ്റാണ്ടിൽ ശക്തിപ്പെട്ട നിയോക്ലാസിസത്തിനും ഇമ്മാനുവൽ കാന്റിന്റെ തത്വശാസ്ത്രം പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പ്രബലപ്പെട്ട റൊമാന്റിസത്തിനും ശക്തി കേന്ദ്രമായിത്തീർന്നു. ഇങ്ങനെയുള്ള പഠനമാണ് ഡോ. തരകനെ, സാഹിത്യചിന്തയും തത്വശാസ്ത്രവും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്ന നിഗമനത്തിൽ എത്തിച്ചത്.

ദർശനം സാഹിത്യശാസ്ത്രത്തിന് രൂപം നൽകുന്നു എന്ന ആശയക്കാരനാണ് ഡോ. തരകൻ. അദ്ദേഹത്തിന്റെ ദർശനത്തിന്റെ അടിസ്ഥാനം ജീവിതംതന്നെയാണ്.ഓരോ കാലഘട്ടത്തിലും കവി ജീവിക്കുന്ന ധൈഷണികാന്തരീക്ഷത്തിൽ ചില ശക്തമായ ദർശനങ്ങൾ ആധിപത്യം പുലർത്തുന്നുണ്ടെന്ന വസ്തുത യാതൊരു പഠിതാവിനും നിഷേധിക്കാനാവില്ല.

സാഹിത്യ വിമർശനം ആത്യന്തികമായും സാഹിത്യ ദർശനത്തിന്റേയും ജീവിത ദർശനത്തിന്റേയും മുഖ്യധാരയായി വ്യാവർത്തിക്കുന്നുവെന്നാണ് ഡോ. തരകന്റെ പക്ഷം. സാഹിത്യത്തെ ഇവിടെ ദർശനവുമായി കൂട്ടികുഴയ്ക്കുന്നുവെന്നോ ഒന്നിനെ മറ്റൊന്നായി മാറ്റിയെടുക്കുന്നുവെന്നോ തെറ്റിദ്ധരിക്കുന്നവർ ഉണ്ടാകാം. സാഹിത്യം ദർശനമോ ദർശനം സാഹിത്യമോ അല്ലെന്ന് ആവർത്തിച്ചു പറയേണ്ട കാര്യമില്ല.

ഡോ. തരകന്റെ പ്രപഞ്ചദർശനം മനുഷ്യ കേന്ദ്രിതമാണ്. മനുഷ്യന് ഏറ്റവും കൂടുതൽ ഉത്കണ്ഠയുള്ളത് മനുഷ്യരാശിയുടെ നിലനില്പിനെ ചൊല്ലിയാണ്. മനുഷ്യനെ സംബന്ധിച്ച് ഏറ്റവും വിലപ്പെട്ടത് മനുഷ്യൻ തന്നെയാകുന്നു. മനുഷ്യ കേന്ദ്രിതമായ പ്രപഞ്ചത്തിൽ സാഹിത്യമുൾപ്പെടെ സമസ്ത വ്യാപാരങ്ങളും മനുഷ്യ കേന്ദ്രിതങ്ങളായിരിക്കും. സ്വാഭാവികമായും ഡോ. തരകൻ കാവ്യത്തെ കാണുന്നതും മാനുഷിക വ്യാപാരമായാണ്. കവിതയിൽ മനുഷ്യൻ യാഥാർത്ഥ്യത്തെ തെരയുന്നു. പ്രപഞ്ചയാഥാർത്ഥ്യത്തെ എന്നപോലെ സ്വന്തം യാഥാർത്ഥ്യത്തെയും. സാഹിത്യത്തിന്റെ പ്രാണൻ മനുഷ്യനല്ലാതെ മറ്റൊന്നുമല്ലെന്ന് ഡോ. തരകൻ ഉറച്ചു വിശ്വസിക്കുന്നു.

ബ്രഹ്മാണ്ഡ സ്വരൂപന്റെ പ്രകാശപൂരിതമായ സ്നേഹമേഖലയിലേക്ക് നയിക്കുന്ന കൃതികളെയാണ് ഡോ. തരകൻ വിശിഷ്ടമെന്ന് വിവിരിച്ചിട്ടുള്ളത്. മനുഷ്യരാശിയെ സംബന്ധിച്ച് ആത്യന്തിക താല്പര്യം ധ്വനിപ്പിക്കുന്ന സാഹിത്യ രചന ഉദാത്തമാണെന്നു പറയുന്നതിൽ ഡോ. തരകൻ ഒട്ടും ലോഭം കാണിച്ചിട്ടില്ല. ഡോ. കെ. എം. തരകനെന്ന ആധുനിക സാഹിത്യ വിമർശകനെ സാഹിത്യത്തിലും ജീവിതത്തിലും നിലനിർത്തുന്നത് ശക്തമായ അത്തരം സത്യദർശനമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.


ഡോ. തരകന്റെ ഉദ്ഗ്രന്ഥവൈശിഷ്യത്തിനും വിശകലന സാമർത്ഥ്യത്തിനും ഉദാത്തമായ ഉദാഹരണമാണ് പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം. മികച്ച വിമർശന ഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡും സാഹിത്യ പ്രവർത്തക സഹകരണ സംഘം ബനിഫിറ്റ് അവാർജും ലഭിച്ചിട്ടുള്ള ഈ പ്രൗഢ ഗ്രന്ഥത്തിൽ സാഹിത്യ വിമർശകന്റെ സിദ്ധികളെപ്പറ്റിയും വിമർശനത്തിന്റെ ധർമ്മങ്ങളെപ്പറ്റിയും വിമർശനത്തിന്റെ ധർമ്മങ്ങളെപ്പറ്റിയും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

വിശുദ്ധ വേദപുസ്തകത്തിലെ

ശേഷം 29-ാം പേജിൽ

## പാവനസ്മരണയ്ക്ക്

ആചാര്യേശാ മശിഹാ!
കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക
പുണ്യം-നാഥാ!സ്തോത്രം



**ജോസഫ് മാർ പക്കോമിയോസ്**
**മെത്രാപ്പോലീത്താ**

*Inserted by*

**പൂവത്തുങ്കൽ കുടുംബയോഗം**

പന്ത്രണ്ടാമത് ഓർമ്മപ്പെരുന്നാൾ, ആഗസ്റ്റ് 18,19.
മുളക്കുളം കർമ്മേൽ കുന്ന് സെന്റ് ജോർജ്ജ് പള്ളിയിൽ ആചരിക്കുന്നു

**17-ാം ചരമ വാർഷികം**
**(22-8-2003)**



**P.C. ചാക്കോ (കുഞ്ഞച്ചൻ)**
**പാലാക്കുന്നേൽ**
**എറികാട്, പുതുപ്പള്ളി**

*"നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തായ്"*

സന്തപ്ത കുടുംബാംഗങ്ങൾ

**4th DEATH ANNIVERSARY**
**(26.07.2003)**



**ALEYAMMA VARGHESE**
AYIRATTE (PURAMATTOM), CHENGAROOR
(THIPPASANDRA, BANGALORE-75)

**Your presence was our strength:**
**Now your memory our inspiration.**
**Let your prayers be with us**

*Fondly Remembered by:*

**Loved ones**

ധ്യാനപംക്തി

# ഞായർദിന ചിന്തകൾ

**ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ**

**ഓഗസ്റ്റ് 17**
**വാങ്ങിപ്പിനു ശേഷം ഒന്നാം ഞായർ**
**സന്ധ്യ: വി. ലൂക്കോ. 14:25-35**
**പ്രഭാതം „ 15:1-10**

സന്ധ്യയുടേയും, പ്രഭാതത്തിന്റെയും ഏവൻഗേലിയോനുകൾ യോജിപ്പുള്ളവയും, തുടർച്ചയായി വരുന്നതുകൊണ്ടും രണ്ടിന്റെയും പ്രധാനാശയങ്ങൾ ഇവിടെ കുറിക്കുന്നു. സ്വയം പരിത്യാഗത്തിലൂടെയുള്ള ദൈവരാജ്യ ശുശ്രൂഷയെ സംബന്ധിച്ചാണ് സന്ധ്യയുടെ വായനയിലുള്ളത്. യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതും, യേശുക്രിസ്തുവിനോടൊപ്പം ദൈവരാജ്യ നീതിക്കു വേണ്ടി നിലനിന്നു സമാധാനത്തിലേക്കു ലോകത്തെ നയിക്കുന്നതിനുള്ള വിളിയാണ് ഈ ശുശ്രൂഷയിലുള്ളത്. യേശുവിലൂടെ അപ്പനേയും, അമ്മയേയും, ഭാര്യയേയും, സഹോദരങ്ങളെയും, സ്വന്തജീവനേയും കാണുന്നവർക്കു മാത്രമേ ഈ ശുശ്രൂഷയിൽ പങ്കുള്ളു. കുടുംബബന്ധങ്ങളിലൂടെ യേശുവിനെ കാണുന്നവർക്കാണ് ശിഷ്യത്വത്തിന്റെ മാനം.

ശിഷ്യത്വം വിലപ്പെട്ടതാണ്, അനുദിന സാക്ഷ്യത്തിനായി വേദനയേൽക്കേണ്ട പാതയാണ്. ക്രിസ്തീയ ശിഷ്യത്വം എളുപ്പവഴിയല്ല, കുറുക്കുവഴിയിലൂടെ പൂർത്തീകരിക്കാവുന്നതുമല്ല. നിശ്ചയദാർഢ്യവും, സമർപ്പണവും അനിവാര്യമാണ്. ക്രൂശില്ലാത്ത ശിഷ്യത്വം പൂർണ്ണമല്ല, ക്രൂശിലൂടെയാണ് ഉയിർത്തെഴുന്നേൽപ്പ് സാദ്ധ്യമാകുന്നത്. ജീവിത സാഹചര്യങ്ങളിൽ യേശുവിനെ പിൻപറ്റുന്നതിനായി പല സൗകര്യങ്ങളും, പദവികളും, ലാഭങ്ങളും ത്യജിക്കേണ്ടിവരും. യേശുവിനെ അനുഗമിക്കുന്നവർ ഈവിധത്യാഗത്തിനു സന്നദ്ധരാകണം.

ശിഷ്യത്വത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതിന് യേശു തമ്പുരാൻ രണ്ടുപമകൾ പറയുന്നു. ഗോപുരം പണി ആരംഭിക്കുമ്പോൾ സ്വന്തമായിതീർപ്പാൻ വകയുണ്ടോയെന്നു നോക്കിയതിനു ശേഷമേ പണിയാരംഭിക്കയുള്ളു. എന്നും, ശത്രുരാജ്യത്തിന്റെ ആക്രമണങ്ങളിൽ സ്വന്ത കഴിവിന് അപ്പുറമായി ശത്രുസൈന്യം ബലമുള്ളതെങ്കിൽ എതിർപ്പാൻ തന്റെ ശക്തി മതിയാകുമോ എന്ന് ആലോചിക്കുകയില്ലയോ എന്നും കർത്താവ് ചോദിക്കുന്നു. പണിയാൻ വകയില്ലാതെ വരുന്നത് പരിഹാസത്തിലേക്കും, ആലോചനയില്ലാത്ത പ്രവർത്തനം നാശത്തിലേക്കും വഴി തെളിക്കുമെന്നും കർത്താവ് മുന്നറിയിപ്പ് തരുന്നു. ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ക്രിയാത്മകമായി നേരിടുവാൻ എപ്പോഴും സജ്ജരായിരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമാക്കുന്നു. ദൈവരാജ്യ ശുശ്രൂഷയിൽ നേരിടുന്ന ആദ്ധ്യാത്മിക, രാഷ്ട്രീയ, സാമ്പത്തിക, ശാസ്ത്രീയ, സാമൂഹ്യ വെല്ലുവിളികളെ ചലനാത്മകമായി അഭിമുഖീകരിക്കുന്നതിനു വൈദിക സമൂഹം പരിശുദ്ധാത്മ നിറവിൽ എപ്പോഴും തയ്യാറായിരിക്കണം. ഈ ഉപമകളിലുള്ള രണ്ട് പ്രധാന ആശയങ്ങൾ ഒന്നു കൂടെ വ്യക്തമാക്കാം. 1. ക്രിസ്തീയ ശിഷ്യത്വം നൈമിഷികമോ വൈകാരികമോ ആയ തീരുമാനങ്ങൾകൊണ്ട് പൂർത്തിയാക്കാവുന്നതല്ല. ബോധപൂർവ്വമായ തീരുമാനമാണാവശ്യം.

2. ക്രിസ്തീയ ശിഷ്യത്വത്തിന് നിരന്തര ത്യാഗവും, നിശ്ചയ ദാർഢ്യവും, അർത്ഥ പൂർണ്ണമായ സമർപ്പണവും അനിവാര്യമാണ്.

പ്രഭാത ഏവൻഗേലിയോൻ വി. ലൂക്കോ. 15:1-10 വരെയുള്ള വാക്യങ്ങളാണ്. പാപികളോടുള്ള ദൈവിക കരുണ വ്യക്തമാക്കുന്ന മൂന്ന് ഉപമകളാണ് ഈ അദ്ധ്യായത്തിലുള്ളത്. ദൈവത്തിന്റെ സ്നേഹം പ്രകടമാകുന്ന രീതി വളരെ പ്രത്യേകതയുള്ളതാണ്. ആട്ടിൻ കൂട്ടത്തിന്റെ ഉടമസ്ഥൻ കർത്താവാണ്. അവിടുത്തെ ആട്ടിൻകൂട്ടമാകുന്ന ജനത്തെ മേയിക്കേണ്ടവരായ ഇടയന്മാർ അവയെ അലഞ്ഞു തിരിഞ്ഞ് നശിച്ചു പോകുവാൻ തക്കവണ്ണം വിട്ടയച്ചപ്പോൾ അവിടുന്ന്തന്നെ അവയെ അന്വേഷിച്ച് രക്ഷിക്കുവാനായി വന്നു. (ഹസ്ക്കിയേൽ 34). 99 ആടുകൾ പ്രീശേന്മാരെപ്പോലെ സ്വയം നീതീകരിക്കുന്നവർ. കാണാതെപോയിട്ട് തിരിച്ചു കിട്ടിയ ഒരാട് സത്യ അനുതാപത്തിലേക്കു വന്ന് രക്ഷ പ്രാപിക്കുന്ന പാപി.

**ഇന്ന് പലപ്പോഴും തിരക്കിട്ട പരിപാടികളിൽ, സാമൂഹ്യ ഉദ്ധാരണ പ്രക്രിയകളിലും, ഇടവക ശുശ്രൂഷയിലും മറ്റും നാം വളരെ വ്യാപൃതരായി കഴിയുകയാണ്. തിരക്കിട്ട പരിപാടികളിൽ നിന്ന് വല്ലപ്പോഴും വേറിട്ട് ദൈവസന്നിധിയിൽ കാത്തിരുന്ന് ശക്തിപ്രാപിക്കുവാനും ലഭ്യമായിരിക്കുന്ന താലന്തിനെ വിപുലപ്പെടുത്തുവാനും നാം ഒരുമ്പെടാറുണ്ടോ? ഇന്നു സമൂഹത്തിലും സഭയിലും വ്യക്തികളിലും അർത്ഥവത്തായ കാത്തിരിപ്പിന്റെ അഭാവമില്ലേ?**

കാണാതെ പോയ ആടിനെ അന്വേഷിക്കയും അതിനെ തോളിൽ വഹിച്ചു കൊണ്ടു വരികയും ചെയ്യുന്നത് പാപികളോടുള്ള കർത്താവിന്റെ സ്നേഹ പൂർണ്ണമായ പെരുമാറ്റത്തെ സൂചിപ്പിക്കുന്നു. നഷ്ടപ്പെട്ട ഒന്നിനു വേണ്ടി 99 നെ ഉപേക്ഷിക്കുന്നത് 'മടയത്തര'മെങ്കിലും എല്ലാ മാനുഷീക മാനദണ്ഡങ്ങൾക്കും, പരിധികൾക്കും അപ്പുറത്തേക്ക് കടന്നു ചെല്ലുന്ന ദൈവത്തിന്റെ കാരുണ്യവും ദയയുമാണ് ഉപമപറയുന്നത്.

കാണാതെ പോയ സൂസൊയുടെ ഉപമയും മുൻ ഉപമപോലെ തന്നെ മാർഗ്ഗ ഭ്രംശം ഭവിച്ച പാപിയുടെ തിരിച്ചുവരവിനെപ്പറ്റിയുള്ള ഒരു ഉപമയാണ്. സ്ത്രീ ദൈവത്തേയും, കളഞ്ഞുപോയ സൂസൊ പാപത്താൽ ദൈവത്തിങ്കൽ നിന്നകറ്റപ്പെട്ട മനുഷ്യനേയും ഉദാഹരി



## ഞായർദിന ചിന്തകൾ

ക്കുന്നു. ഒരു നാണയം ആ രാജ്യത്തെ രാജാവിന്റെ രൂപം വഹിക്കുന്നതുപോലെ ദൈവരൂപം വഹിക്കുന്നവനായ മനുഷ്യനെ നാണയത്തോടുപമിച്ചിരിക്കുന്നു. വിളക്ക് കർത്താവിന്റെ തിരുശരീരരക്തങ്ങളാണ്. അതു ലോകത്തിനു പൊതുവേയും, മനുഷ്യന് വ്യക്തിപരമായും പ്രകാശം നൽകുന്നു. ഭവനം ലോകമാണ്. താത്പര്യമായ അന്വേഷണം ദൈവത്തിനു പാപികളുടെ തിരിച്ചുവരവിലുള്ള അതിയായ താൽപര്യവും, അതിനായി സ്നേഹപൂർവ്വം അവിടുന്ന് പ്രവർത്തിക്കുന്ന കാര്യങ്ങളുമാണ്. സഖികളും അയൽക്കാരും മാലാഖമാരെ കുറിക്കുന്നു.

ഈ ഉപമയ്ക്ക് പല വ്യാഖ്യാനങ്ങളും നൽകുന്നുണ്ട്. സ്ത്രീയെ വി. സഭയോടും, 10 സൂസൊകളെ സഭയുടെ ചുമതലയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന മനുഷ്യാത്മക്കളോടും ഉപമിക്കാം. നഷ്ടപ്പെട്ട സൂസോ സഭയുടെ ശ്രദ്ധക്കുറവു കാരണം ദൈവകൃപയിൽ നിന്നകറ്റപ്പെട്ട മനുഷ്യാത്മാവ്. ഈ നഷ്ടത്തിനു പരിഹാരമുണ്ടാക്കുവാനായി ദൈവവചനമാകുന്ന വിളക്കുകൊളുത്തി അതി താൽപ്പര്യമായി സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്നതിനേയും സൂചിപ്പിക്കുന്നു. മറ്റൊരു വ്യാഖ്യാനത്തിൽ സ്ത്രീ ഇസ്രായേലിനേയും 10 സൂസൊ പത്തു കൽപ്പനകളേയും, നഷ്ടപ്പെട്ട സൂസൊ അവയിൽ ഒന്നാമതിനേയും (ഒന്നാം കൽപ്പന) കുറിക്കുന്നു. ഇസ്രായേൽ സത്യദൈവത്തെ മറന്ന് വിഗ്രഹാരാധനയിൽ പതിച്ചുപോവുകയുണ്ടായല്ലോ. അന്വേഷണവും അടിച്ചുവാരലും കർത്താവിന്റെ മനുഷ്യാവതാര പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു. നഷ്ടപ്പെടുക, അന്വേഷിക്കുക, കണ്ടെത്തുക, സന്തോഷിക്കുക എന്നീ ക്രിയാപദങ്ങൾ ഇടയന്റെ ജാഗ്രതയെയാണ് കാണിക്കുന്നത്. ഇടയന്റെ സ്വയപരിത്യാഗത്തിലൂടെയുള്ള പ്രവർത്തനമുണ്ടെങ്കിലേ നഷ്ടപ്പെട്ടതിനെ കണ്ടെത്തുവാൻ സാധിക്കൂ. അതിനുള്ള ദൈവിക വ്യഗ്രത ഇടയൻമാർക്കാവശ്യം.

### ഓഗസ്റ്റ് 24
### വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ
### വി. ലൂക്കോ. 18: 9–17; 2 പത്രോ. 3:8–14

വി. ലൂക്കോസ് എഴുതിയ സുവിശേഷം 18, 19 അദ്ധ്യായങ്ങൾ യേശുക്രിസ്തുവിന്റെ യാത്രയുടെ അവസാന ഭാഗങ്ങളാണ് വിവരിക്കുന്നത്. 18:15 മുതൽ 34 വരെയുള്ള വാക്യങ്ങളിൽ സ്വർഗ്ഗരാജ്യവും അതിലേക്കുള്ള പ്രവേശനവുമാണ് പ്രദിപാദിക്കുന്നത്. ഇന്നത്തെ പ്രഭാത ഏവൻഗേലിയോനിലും ഈ വിഷയം തന്നെ നിഴലിക്കുന്നു.

(9–14) പ്രീശന്മാർ എല്ലാ സമയത്തുമുള്ള പ്രാർത്ഥനകൾ കണിശമായി നടത്തിയിരിക്കുന്നു. ചുങ്കക്കാരനാകട്ടെ ഇവയിലൊന്നും ശ്രദ്ധിക്കാത്തവനും, അവയെ കാര്യമായി ഗണിക്കാത്തവനുമാണ്. പ്രത്യേകമായ ഒരു മാനസാന്തരത്തിന്റെ ഫലമല്ലായിരുന്നെങ്കിൽ അവൻ ദേവാലയത്തിൽ തന്നെ പോകാൻ ഇടയില്ല. പ്രീശന്റെ വാക്കുകൾക്കു പ്രാർത്ഥനയുടെ യാതൊരു ഭാവം പോലുമില്ല. മുഴുവൻ സ്വയം പ്രശംസയാണ്. അവൻ യാതൊന്നും ആവശ്യപ്പെടുന്നില്ല. തനിക്ക് എന്തെങ്കിലും കുറവുള്ളതായി അവനു ബോധവുമില്ല. ഇതിനും പുറമേ മറ്റുള്ളവരുടെ കുറ്റം പറയുവാൻ കൂടി ഈ അവസരത്തെ അവൻ വിനിയോഗിക്കുന്നു. നീതിമാൻമാരായ മറ്റുള്ള ആളുകളോട് സ്വയം താരതമ്യപ്പെടുത്തി നോക്കേണ്ടതിനു പകരം അവൻ അടുത്തു നിൽക്കുന്ന ചുങ്കക്കാരനോടാണ് തന്നെ തന്നെ താരതമ്യപ്പെടുത്തുന്നത്. നാം എപ്പോഴും പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യമാണിത്. മറ്റുള്ളവരുടെ പ്രവൃത്തികളെ–പ്രത്യേകിച്ച് നമ്മിൽ താഴെയുള്ളവരുടെ പ്രവൃത്തികളെ–നോക്കി നാം സ്വയം സമാശ്വസിക്കുകയല്ല, നമ്മെക്കാൾ ഉയർന്ന ആളുകളുമായി താരതമ്യപ്പെടുത്തി നമ്മുടെ കുറവുകളെ കണ്ടുപിടിക്കുവാനും ആ നിലയിലേക്ക് ഉയരുവാനും ശ്രമിക്കുകയാണ് വേണ്ടത്. നമ്മുടെ ദൃഷ്ടി എപ്പോഴും കീഴോട്ടല്ല, മേലോട്ടായിരിക്കണം. നമ്മുടെ പ്രാർത്ഥനകൾ ദൈവദൃഷ്ടിയിൽ നീതീകരിക്കപ്പെട്ടു കിട്ടുവാൻ പരിശ്രമിക്കുക.

(15–17) ദൈവരാജ്യത്തിൽ വലിയവരാകുക എന്നത് ഏവരുടേയും ജീവിത ലക്ഷ്യമാണ്. തങ്ങളുടെ മതഭക്തിയിലൂടെയും, ആചാരാനുഷ്ഠാനങ്ങളിലൂടെയും അതു പ്രാപിക്കാം എന്നു പരീശന്മാർ ചിന്തിച്ചു. ശിഷ്യന്മാർ പോലും യേശുവിനെ പ്രസാദിപ്പിക്കുന്നതിലൂടെ ഈ ലക്ഷ്യം നേടുവാൻ പരിശ്രമിക്കുന്നുണ്ട്. യേശുതമ്പുരാൻ ഒരു ശിശുവിനെ നടുവിൽ നിർത്തി പഠിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഇന്നത്തെ വായനയുടെ രണ്ടാം ഭാഗത്ത് ശിശുക്കളെ അവഗണിക്കുന്ന ശിഷ്യന്മാരുടെ പെരുമാറ്റത്തെയാണ് യേശു തമ്പുരാൻ ശാസിക്കുന്നത്.

വി. മത്തായി 19:13–15 വരെയുള്ള വാക്യങ്ങളിലും ഈ കാര്യം എടുത്തു പറയുന്നുണ്ട്. വിവാഹ ബന്ധത്തിന്റെ പരിപാവനതയെകുറിച്ചുള്ള ഉപദേശത്തെ തുടർന്ന് അങ്ങിനെയുള്ള ബന്ധത്തിൽനിന്ന് സംജാതരാകുന്ന ശിശുക്കൾ കർത്താവിന് ഏറ്റം പ്രിയപ്പെട്ടവരാണെന്നു സൂചിപ്പിക്കുന്ന ഈ ഭാഗം വളരെ അനുയോജ്യമാണ്. ശിസുസ്നാനത്തിനെതിരായി വാദിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു ഭാഗമാണിത്. യേശു തമ്പുരാന്റെ അടുക്കൽ വരുവാനും, അവിടുത്തെ അനുഗ്രഹം പ്രാപിക്കുവാനും ശിശുക്കൾക്കും അർഹതയുണ്ടെന്ന് ഈ ഭാഗം തെളിയിക്കുന്നു. യേശുവിന്റെ സ്പർശനത്തിനു വേണ്ടിയാണ് ശിശുക്കളെ കൊണ്ടുവരുന്നത്. ഒരു അത്ഭുത ജീവിയെ സ്പർശിക്കുവാനുള്ള കൗതുകമല്ല, പകരം ആളത്വത്തെ സംപുഷ്ടമാക്കുന്ന ആർദ്രമായ തലോടലിനു വേണ്ടിയുള്ള ആകാംക്ഷയാണ് കുഞ്ഞുങ്ങളെ നയിക്കുന്നത്.

യേശുതമ്പുരാന്റെ അടുത്തേക്ക് വരുവാനുള്ള താത്പര്യം, അവന്റെ സ്പർശനമേൽക്കുവാനുള്ള ആകാംക്ഷ, യേശുവിനോട് ചേർന്നിരിക്കുവാനുള്ള അഭിവാഞ്ഛ ഇവയെല്ലാം ദൈവരാജ്യാംഗത്വത്തിനുള്ള മാനദണ്ഡങ്ങളാണ്. ദൈവരാജ്യ സ്വീകരണം ശിശുസഹജമായ മനസ്സോടെയായിരിക്കണമെന്നു സ്പഷ്ടം.

ഇന്നു സഭയിലും സമൂഹത്തിലും അവഗണിക്കപ്പെടുന്നത് പൈതങ്ങളാണ്. ആരാധനകളിൽ കുഞ്ഞുങ്ങളുടെ അഭിരുചിക്കനുസരിച്ച് ഒന്നും ക്രമീകരിക്കപ്പെ



ടുന്നില്ല. സമൂഹത്തിൽ സർക്കാർ അനുവദിക്കുന്ന ഫീസിളവുകളും, യാത്രാസൗജന്യങ്ങളും പോലും മറ്റുള്ളവരുടെ അവഗണനയ്ക്കും, നിന്ദയ്ക്കും കാരണമാകുന്നു ബാലവേലയിലേക്ക് പലകുട്ടികളും തള്ളിയിടപ്പെടുന്നത് മത്സര സമൂഹത്തിന്റെ തിന്മയാണ്. ശിശുക്കളെ നാം ശ്രദ്ധിക്കുമ്പോൾ ഒരു തലമുറയുടെ രൂപപ്പെടലിലാണ് നാം ശ്രദ്ധിക്കുന്നത്. നമ്മുടെ കരുതലും സ്നേഹവും ഏറെ ആവശ്യമുള്ള ഒരു രംഗത്തേക്കാണ് ഈ വായന നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

ശ്ലീഹാവായനകൂടി ശ്രദ്ധിക്കുക. 2 പത്രോ. 3:8–14 വരെയുള്ള വാക്യങ്ങൾ. എന്താണ് ലോകത്തെ കുറിച്ചുള്ള ദൈവഹിതം? നാം പുലർത്തുന്ന യുഗാന്ത്യ പ്രത്യാശ ഏതു വിധം? ഈ ചോദ്യങ്ങൾക്കാണ് ശ്ലീഹാ മറുപടി നൽകുന്നത്. ദൈവം സൃഷ്ടിച്ച ലോകം, പുത്രനെ അയച്ച് വീണ്ടെടുത്ത ലോകം, പ. റൂഹായിലൂടെ നവീകരിക്കപ്പെടുന്ന ലോകം നശിച്ചു പോകുന്നത് ദൈവ ഇഷ്ടമല്ല. ഈ ലോകം ഇനിയും പാഴും ശൂന്യവുമായ അവസ്ഥയിലേക്ക് തിരിച്ചു പോകണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിൽ നിന്നാരംഭിച്ച ലോകം അതിന്റെ പൂർണ്ണതയിലെത്തണമെന്നതാണ് ദൈവഹിതം. ഭൂമിയിൽ ദൈവഭരണം സാധ്യമാകുന്ന ഭാവിയിലേക്കാണ് പത്രോസ് ശ്ലീഹാ വിരൽ ചൂണ്ടുന്നത്. (വാ. 13). ഏദനിലാരംഭിച്ച പാപത്തിന്റെ വൈരുദ്ധ്യം ക്രിസ്തുവിൽ അവസാനിക്കുന്നു. എല്ലാ ചരിത്രവും ദൈവത്തിന്റെ ചരിത്രമായിമാറുന്നു. ഈ യാഥാർത്ഥ്യമാണ് നമ്മുടെ പ്രത്യാശയുടെ അടിത്തറ. നിരാശ കൂടാതെ ജീവിക്കുന്നതിനും ഈ അനുഭവത്തിൽ നമ്മുടെ ഇന്നത്തെ ജീവിതത്തെ ക്രമീകരിക്കുന്നതിനും നമുക്ക് ഇടയാകണം.

### ഓഗസ്റ്റ് 31
### വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ
### വി. ലൂക്കോ. 19:11–27, പുറ. 24:12–18, യാക്കോ. 5:1–6

താലന്തുകളുടെ ഉപമയാണിന്നത്തെ പ്രഭാത ഏവൻഗേലിയോൻ. മത്താ. 25:14–30 ൽ വിവരിക്കുന്നതും ഇവിടെ വായിക്കുന്നതും വളരെ സാമ്യമുള്ളതാണെങ്കിലും അതു വേറൊന്നു തന്നെയാണ്. രണ്ടുപമയിൽ നിന്നും ലഭിക്കുന്ന ഗുണപാഠവും രണ്ടാണ്. കർത്താവ് സ്ഥാപിക്കുന്ന രാജ്യത്തെക്കുറിച്ച് അതൊരു ലൗകീക രാജ്യമാണെന്നു ഇപ്പോഴും വിചാരിച്ചിരുന്ന ശിഷ്യന്മാർ, അവിടുത്തെ ഈ ഊർശ്ലേം യാത്ര രാജ്യസ്ഥാപനം നടത്തുവാൻ വേണ്ടിയാണെന്ന് ആശിച്ചിരുന്നു. ആകയാൽ ശരിയായ ദൈവരാജ്യ സ്ഥാപനം വരാൻ പോകുന്നതേയുള്ളു, അതിന് അവിടുന്ന് അവരെ വിട്ടുപോകേണ്ടിയിരിക്കുന്നു, എന്നു പഠിപ്പിക്കുവാനായിട്ടാണ് സക്കായിയുടെ ഭവനത്തിൽ വച്ച് ഈ ഉപമ പറയുന്നത്.

ഈ ഉപമയിലെ ദൂരദേശത്തേക്ക് യാത്രപോയ കുലീനനായ മനുഷ്യൻ സ്വർഗ്ഗാരോഹണം ചെയ്ത കർത്താവാണ്. ദാസന്മാർ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് വി. സഭയുടെ അഭിവൃദ്ധിക്കുവേണ്ടി അവനവന്റെ കഴിവുപോലുള്ള സേവനങ്ങൾ ചെയ്യുവാൻ ചുമതലപ്പെട്ടവരായ സർവ്വ ക്രിസ്ത്യാനികളേയും, നൽകപ്പെടുന്ന കക്രോകൾ (താലന്തുകൾ) ഓരോരുത്തരുടെ കഴിവനുസരിച്ച് അവരിൽ സമർപ്പിതമായിരിക്കുന്ന ചുമതലകളേയും സൂചിപ്പിക്കുന്നു. ഈ ഉപമയിലെ പ്രത്യകമായ സൂചന അപ്പോസ്തോലന്മാരേയും അവരുടെ പിൻഗാമികളായി നിയമിക്കപ്പെടുന്ന ആചാര്യന്മാരേയും അവരിൽ സമർപ്പിതമായിരിക്കുന്ന ആചാര്യത്വ നൽവരങ്ങളേയും ആകുന്നു. ഈ നിലയിൽ, കക്രോകൾ നൽകപ്പെട്ട മൂന്നു ദാസന്മാർ, ആചാര്യത്വ ഗണത്തിലെ മൂന്നു പ്രധാന വിഭാഗങ്ങളായ പ്രധാനാചാര്യൻ, ആചാര്യൻ, ശെമ്മാശൻ ഇവരെ സൂചിപ്പിക്കുന്നു.

മത്തായി 25:14–30 കൂടെ ശ്രദ്ധിക്കുക. 'ഒരുത്തന് അഞ്ചും'–ഇതു പ്രധാനാചാര്യൻ (എപ്പിസ്ക്കോപ്പാ) പ്രധാനാചാര്യന് നൽകപ്പെടുന്ന അഞ്ചു കക്രോകൾ അദ്ദേഹത്തിന്റെ പ്രധാന ചുമതലയാകുന്ന പ്രധാനാചാര്യത്വം (പട്ടം കൊടുക്കുവാനുള്ള ചുമതല) വി. മൂറോൻ മുതലായ തൈലങ്ങളുടെ കൂദാശ, പള്ളി കൂദാശ) ഭരണം, ഉപദേശം, ആചാര്യത്വം (വി. കുർബ്ബാന അനുഷ്ഠിക്കുക, മാമോദീസാ. "ഒരുത്തനു രണ്ടും" ഇതു പട്ടക്കാരൻ – അവനു ലഭിച്ച കക്രോകൾ – ആചാര്യത്വവും, മാമോദീസായും–ഒരുത്തന് ഒന്നും ഇതു ശെമ്മാശൻ – ഒരു കക്രോ – ശുശ്രൂഷണം (മ്ശംശോനൂസൊ) അവനവന്റെ ശക്തിക്കു തക്കവണ്ണമാണ് കൊടുത്തിട്ടുള്ളത്. ദൈവിക



## ഞായർദിന ചിന്തകൾ

നൽവരങ്ങളുടെ ദാനത്തിൽ മനുഷ്യന്റെ പ്രകൃതി ദത്തമായ കഴിവുകളുടെ പരിഗണനയ്ക്ക് ഒരു ശരിയായ സ്ഥാനമുണ്ട്. ഒരു കക്രോ ലഭിച്ച ദാസൻ തനിക്കു കിട്ടിയ നൽവരത്തെ വേണ്ട വണ്ണം വിനിയോഗിച്ചില്ല. ഒരു പരീക്ഷണം നടത്തുവാൻ പോലും സന്നദ്ധനായില്ല. പകരം അതിനെ ഭൂമിയിൽ കുഴിച്ചുമൂടി നിഷ്പ്രയോജനമാക്കി. ആത്മീക ജീവിതത്തിനു പല വ്യതിയാനങ്ങളും വരുത്തിക്കൂട്ടുവാൻ പര്യാപ്തമായ ലോകത്തെ ഭൂമിയോടുപമിക്കുന്നു. തന്റെ നൽവരം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിന് അവനു തടസമായി തീർന്നത് ലോകത്തോടുള്ള അതിരുകവിഞ്ഞ ബന്ധമാണ്.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നവരെ മാത്രമേ ദൈവം ദൈവിക രാജത്വത്തിൽ പങ്കാളികളാക്കുന്നുള്ളൂ. ദാനത്തെ ഉപയോഗിക്കുന്നത് അതിനെ വർദ്ധിപ്പിച്ചു കൊണ്ടാണ്. അവയെ അവഗണിക്കുന്നത് അവയെ നഷ്ടപ്പെടുത്തുന്നതിനു തുല്യമാകുന്നു. ഇവിടെ ഓരോരുത്തർക്കും നൽകിയ ദാനത്തിന്റെ അളവും, അവസരവും തുല്യമായിരുന്നു. എന്നാൽ അവയുടെ വിനിമയം ഓരോരുത്തരുടേതും വ്യത്യസ്തമായിരുന്നു.

വ്യക്തിജീവിതത്തിൽ, കുടുംബജീവിതത്തിൽ, സഭാജീവിതത്തിൽ സാമൂഹ്യജീവിത പ്രവർത്തന മേഖലകളിൽ എല്ലാം ദൈവം നമുക്ക് എത്ര താലന്തുകൾ, കഴിവുകൾ, അനുഗ്രഹങ്ങൾ, അവസരങ്ങൾ തന്നിരിക്കുന്നു. എന്നാൽ ഈ ദൈവദാനത്തിന്റെ ക്രിയാത്മകമായ വിനിമയം നാം ചെയ്യുന്നുണ്ടോ? ദാനങ്ങൾ സ്വീകരിച്ച നാം അതു തന്നവനോട് കണക്കുബോധിപ്പിക്കണ്ടവരാണ് എന്നത് വിസ്മരിച്ചുകൂടാ.

പഴയ നിയമ വായനയിലെ പുറ. 24:12–18 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചുവോ? യഹോവയുടെ ആജ്ഞാനുസരണം മോശയും യോശുവയും വീണ്ടും പർവ്വതത്തിൽ കയറുന്നു. ആറുദിവസം



## ഞായർദിന ചിന്തകൾ

അവർ അവിടെ ചില വഴിക്കുന്നു. തങ്ങൾക്കു ലഭ്യമായ താലന്തിനെ വിപുലപ്പെടുത്തുവാൻ ദൈവസന്നിധിയിൽ കാത്തിരിക്കുന്നു. ഇന്ന് പലപ്പോഴും തിരക്കിട്ട പരിപാടികളിൽ, സാമൂഹ്യ ഉദ്ധാരണ പ്രക്രിയകളിലും, ഇടവക ശുശ്രൂഷയിലും മറ്റും നാം വളരെ വ്യാപൃതരായി കഴിയുകയാണ്. തിരക്കിട്ട പരിപാടികളിൽ നിന്ന് വല്ലപ്പോഴും വേറിട്ട് ദൈവസന്നിധിയിൽ കാത്തിരുന്ന് ശക്തിപ്രാപിക്കുവാനും ലഭ്യമായിരിക്കുന്ന താലന്തിനെ വിപുലപ്പെടുത്തുവാനും നാം ഒരുമ്പെടാറുണ്ടോ? ഇന്നു സമൂഹത്തിലും സഭയിലും വ്യക്തികളിലും അർത്ഥവത്തായ കാത്തിരിപ്പിന്റെ അഭാവമില്ലേ?

ശ്ലീഹാ വായനകളിൽ ഒന്നായ യാക്കോ. 5:1-6 കൂടി പരിശോധിക്കുക. മാനുഷിക ബന്ധങ്ങൾ പാലിക്കാതെ ധനം സമ്പാദിക്കുന്നവരെ നിശിതമായി വിമർശിക്കുന്ന ഒരു വേദഭാഗമാണിത്. ധനികരെ നോക്കി മൂന്നു പ്രധാന വിമർശനങ്ങൾ യാക്കോബ് ശ്ലീഹാ നടത്തുന്നു. (1) വേലക്കാരുടെ കൂലി പിടിച്ചുവെക്കുന്നു. (2) അമിതമായ ആഡംബരം (3) നീതി നിഷേധം. ധനികർ ആശ്രയിച്ച സമ്പത്തും, നിക്ഷേപങ്ങളും നശിക്കുന്നതിലൂടെ ധനികരുടെ ആളത്വവും തകരും എന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. നിക്ഷേപങ്ങൾ കൂട്ടി വെച്ചതിലൂടെ സമൂഹത്തോടും അയൽക്കാരോടും കാട്ടിയ അനീതിയാണ് ദൈവം ഇവിടെ ചോദ്യം ചെയ്യുന്നത്.

ധൂർത്തും ആഡംബരവും നമ്മുടെ മുഖമുദ്രയായി തീർന്നിരിക്കുന്നു. വിവാഹത്തിനു ധരിക്കുന്ന വസ്ത്രങ്ങൾ, പണിയുന്ന വീടുകൾ ഇവയെല്ലാം ധൂർത്തിന്റെ ഉദാഹരണങ്ങളാണ്. പണത്തിന്റെ അമിതമായ സ്വാധീനവും, അതുള്ളവരുടെ അമിതമായ പ്രകടന രീതിയും സാധാരണക്കാരെ ഇന്ന് വല്ലാതെ വിഷമിപ്പിക്കുന്നു. ഇതു പുതിയ വ്യാമോഹങ്ങൾ അവരിൽ ജനിപ്പിക്കുന്നു. നീതിക്കും സത്യത്തിനും യാതൊരുവിലയുമില്ല. പ്രത്യക്ഷമോ പരോക്ഷമോ ആയ ചൂഷണത്തിലൂടെയാണ് ഇന്ന് ഏറെപ്പോരും ധനികരാകരുത്. ചൂഷണത്തിനു വിധേയരായവരുടെ കരച്ചിൽ ദൈവസന്നിധിയിൽ എത്തിയിരിക്കുന്നു. ന്യായവിധി മാറ്റിമറിക്കുവാൻ സാധിക്കില്ലല്ലോ. കാര്യങ്ങൾ വിവേചിച്ചറിഞ്ഞുള്ള രൂപാന്തരമാണ് ദൈവം എല്ലാവരിൽ നിന്നും ആഗ്രഹിക്കുന്നത്. ധനത്തിൽ മാത്രമുള്ള ആശ്രയം നാശഹേതുകമായതിനാൽ ആ താലന്തിനെ ശരിയായി വിനിയോഗം ചെയ്യാം.

### സെപ്റ്റംബർ 7
### ഢാങ്ങിപ്പിനു ശേഷം നാലാം ഞായർ
**മത്താ. 18:1-11, 1 കോരി. 3:16-23**
**മത്താ. 18:12-22, 1 പത്രോ. 2:1-5**

ഇന്നത്തെ ഏവൻഗേലിയോനുകളുടെ സന്ദർഭം ഇന്നതായിരുന്നുവെന്ന് വി. മർക്കോസ് ഏവൻഗേലിസ്തായാണ് വിവരിക്കുന്നത്. (മർക്കോ. 9:33-47) വഴിക്കുവെച്ച് തങ്ങളിൽ ആരാണ് വലിയവൻ എന്ന് അവർ പരസ്പരം തർക്കിച്ചുകൊണ്ടിരുന്നു. പത്രോസിനും, യാക്കോബിനും, യോഹന്നാനും ഒന്നിലധികം പ്രാവശ്യം യേശു കൽപ്പിച്ച പ്രത്യേകത, തലവരിപ്പണം തനിക്കും പത്രോസിനും വേണ്ടി മാത്രം കൊടുക്കുവാൻ നിർദ്ദേശിച്ചതും ഈ വാഗ്വാദത്തിനു പ്രേരിപ്പിച്ചിരിക്കണം. ഈ വാദപ്രതിവാദത്തെപ്പറ്റി യേശു തമ്പുരാൻ ചോദിച്ചപ്പോൾ അവർക്കു ലജ്ജ തോന്നിയതായി വി. മർക്കോസ് പറയുന്നു.

ലൗകീക ചിന്തകളാണ് ശിഷ്യരെ ഭരിച്ചിരുന്നത്. ഇത്തരം ധാരണകൾ തികച്ചും അസ്ഥാനത്താണെന്ന് ഒരു ശിശുവിനെ മുന്നിൽ കാട്ടിക്കൊണ്ട് യേശു വ്യക്തമാക്കുന്നു. യേശുതമ്പുരാൻ ചൂണ്ടിക്കാണിച്ച ഈ ശിശു പിന്നീട് അന്ത്യോഖ്യയിലെ പാത്രിയർക്കീസായി തീർന്ന തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസ് ആയിരുന്നുവെന്ന് പറയപ്പെടുന്നു.

പരമാർത്ഥ ഹൃദയത്തിന്റെ ഒരു മാതൃകയായി സാധാരണ ശിശുഹൃദയം ഗണിക്കപ്പെടുന്നു. ശിശുഹൃദയം സ്നേഹപൂർണ്ണവും, കാപട്യമില്ലാത്തതുമാണ് ശിശുക്കൾ എപ്പോഴും മറ്റുള്ളവർ തങ്ങളേക്കാൾ ശ്രേഷ്ഠർ എന്നുള്ള വിചാരത്തിൽ അവർ ചെയ്യുന്നതും, പറയുന്നതും എല്ലാം അനുകരിപ്പാൻ ശ്രമിക്കുന്നു. ഈ നിലയിൽ അവർ വിനീത ഹൃദയരുമാണ്. ഇതിനു നേരേ എതിരായ ഒരു മനോഭാവമാണ് ശിഷ്യന്മാർ പ്രത്യക്ഷപ്പെടുത്തിയത്. അതു വെടിഞ്ഞു പരമാർത്ഥികളും, സ്നേഹപൂർണ്ണരും, വിനീത ഹൃദയരും ആയി തീർന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രധാന സ്ഥാനം അലങ്കരിക്കാനെന്നല്ല, അതിൽ പ്രവേശിക്കുവാൻ പോലും സാദ്ധ്യമല്ല.

ഈ ചെറിയവരിൽ ഒരുവൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് ഇഷ്ടമല്ല എന്നുള്ള ദൈവ താത്പര്യം, നഷ്ടപ്പെട്ട ആടിന്റെ ഉപമയോടു ചേർത്ത് അവരെ താൻ അറിയിക്കുന്നുണ്ട്. ആരും നഷ്ടപ്പെടരുതെന്നും, കാണാതെ പോയതിനെ എങ്ങനെയെങ്കിലും വീണ്ടെടുക്കണമെന്നുമാണ് ദൈവത്തിന്റെ ഇഷ്ടം. ക്രിസ്തുവിനാൽ വിലമതിക്കപ്പെട്ട ശിശുക്കളെ ഇന്നു സഭ വേണ്ടവണ്ണം കരുതുന്നില്ല എന്നത് ഒരു ദുഃഖ സത്യമാണ്. നമ്മുടെ സണ്ടേസ്ക്കൂളുകളിൽ സഭയിലെ എല്ലാ കുട്ടികളും സംബന്ധിക്കുന്നില്ല. അവരെ അതിലേക്കു പറഞ്ഞയയ്ക്കുന്നതിൽ മാതാപിതാക്കളും, അവരോട് ഹൃദ്യമായി ഇടപെടുന്നതിൽ അദ്ധ്യാപകരും മറ്റു ചുമതലക്കാരും ശ്രദ്ധിക്കേണ്ടതാണ്. അവരെ സ്നേഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നമുക്കു കഴിയണം.

സ്ഥാനമോ, ധനമോ, അധികാരമോ ഉള്ളവരുമായി മാത്രം സംസർഗ്ഗം പുലർത്താനുള്ള താത്പര്യമാണ് പലപ്പോഴും നമ്മിലുണ്ടാകുന്നത്. ദേവാലയത്തിൽ വച്ച് യേശു ശ്രദ്ധിച്ചതും വിളിച്ചെഴുന്നേൽപ്പിച്ചതും എങ്ങനെയുള്ളവരെയാണ് എന്നു നാം മറന്നുപോയേക്കാം. ദരിദ്രരും നിന്ദിതരും നിഷിദ്ധരുമായവർ ലോകത്തിൽ വർദ്ധിക്കുന്നു. സഭകളുടെ എണ്ണം കൂടിക്കൊണ്ടുമിരിക്കുന്നു. തങ്ങളുടെ സഭയിൽ പെട്ടവരെയാണ് ദൈവം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതെന്നുള്ള ചിന്തകളും വളർന്നു വരുന്നു. ഈ സ്വാധീനത്തിൽ ആളുകൾ സഭയിൽ നിന്ന് സഭകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ദൈവം സ്നേഹമാണെന്നും, ആരും നഷ്ടപ്പെട്ടുപോകരുതെന്നുമുള്ള താത്പര്യമാണ് ദൈവത്തിനുള്ളതെന്നും അവനിൽ വിശ്വസിക്കുന്നവർ തെറ്റിപ്പോകുന്നവരെ വീണ്ടെടുക്കാൻ ബദ്ധ്യസ്ഥരാണെന്നു

ശേഷം 29-ാം പേജിൽ





seminary work is progressing with leaps and bounds. The Orthodox Seminary, Kottayam is in the forefront in terms of the faculty, offering graduate, post graduate, and doctoral level education. The Seminary is second to none under the Serampore family; but stands in dire need of upgrading library facilities and instituting more endowment funds for the ongoing work of the seminary. A second theological seminary was started in Nagpur in 1995 and that also is progressing. Perhaps a third theological seminary is needed in the USA for training ministers in that Continent.

## Mission Society

The Church has established its mission society and the mission board incorporating all the various missionary enterprises. It has broken new grounds in establishing and promoting balabhavans, homes for the differently abled physical, intellectual, etc. for the aged and destitute, children of leprosy and AIDS patients, hospitals, dispensaries, balavadies, schools, colleges, and guidance centres for the sick and homes for the terminally sick people. The spiritual organizations, particularly the Sunday School and youth and student movements prepare and provide candidates for theological training, and also vocations for monastic communities and volunteers for social work. The teaching missions, parish missions and conventions are increasing with the changing times. Retreats and Gospel teams also play an important role in the spiritual formation of the faithful. But compared to the numerical strength, resources of its members and the long tradition of its faith and history, the Church is lagging behind in many respects. The Church is spread and scattered in different parts of the world having over one thousand five hundred parishes and congregations in twenty-one dioceses with a total strength of 2.5 million, with two theological seminaries and two mission training centers, a number of mission outposts and a few publications. The Church's social involvement for the uplift of the suffering people in the events of natural calamities, like cyclones, earthquakes, etc., is well acknowledged and appreciated by the national government of India.

## Ecumenical Witness

The Church can be proud of its ecumenical involvement in the local, state, national, regional and global levels. She is one of the founding members of the World Council of Churches in 1948 and Christian Conference of Asia in 1949. The Church participates effectively in all programs and activities of such bodies and all the assemblies without fail through official delegates and representatives. This Church did provide leaders of international reputation to give leadership on various levels. The late Metropolitan Paulos Mar Gregorios served the WCC as Associate General Secretary, Director of the Department on Ecumenical Action, member of various committees and commissions and finally as one of the Presidents of the WCC and gave significant leadership. The late Sara Chakko, Principal and renowned leader of the YWCA became the First Lady President of the WCC in 1952. The Rev. Fr. Dr. V. C. Samuel served on the Faith and Order Commission and its executive body for over twenty years and made invaluable contributions particularly in the field of Christology which led to better understanding and greater co-operation between churches. Mr. C. I. Itty served the WCC for eighteen years in different capacities in various departments such as youth, laity and finally retired as director of the Department on Development. His significant contributions in all those levels were gratefully acknowledged by all concerned. The Rev. Fr. Dr.K. C. Joseph served in the Theological Education Board of the WCC for several years as its senior secretary and made substantial contribution towards the promotion of theological education. Their Graces the Metropolitans Philipos Mar Theophilus and Geevarghese Mar Osthathios also made valuable contributions to promote ecumenism. The Rev. Dr. K. M. George, Principal, Orthodox Theological Seminary,Kottayam served as Associate Director of the Ecumenical Institute, Bossey, near Geneva and still continues to serve on the Central Committee of the WCC and makes very valuable contributions as chairperson of the present program committee. The Rev. Fr. Dr. Jacob Kurian, Vice-Principal, Orthodox Seminary, Kottayam currently serves as a member of both the faith and order commission and its standing committee. On the national scene, Metropolitan Geevarghese Mar Coorilos serves as the chairperson of the Maharashtra Christian Council and the National Council of Churches in India. The Church's Department on Ecumenical Relations continues dialogues with the Roman Catholic Church and other Christian denominations and people of other faiths and ideologies to promote unity among all people. The Church participates very effectively in promoting the work of the Ecumenical Christian Centre, Bangalore and St. Thomas Ecumenical Centre, Nilackal, Kerala through its

പ്രതിമാസ ചിന്തകൾ

# മരണാനന്തരം നിങ്ങൾ എങ്ങനെ അറിയപ്പെടാൻ ആഗ്രഹിക്കുന്നു

നൂറിൽപ്പരം വർഷങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവം. പ്രഭാതത്തിൽ പത്രം നിവർത്തി വായിക്കാൻ തുടങ്ങിയ ആൾ അമ്പരന്നു. ഇതാ ചരമകോളത്തിൽ തന്റെ പേര്. മറ്റൊരാളുടെ മരണവാർത്ത തന്റേതെന്നു കരുതി പത്രക്കാർ തെറ്റായി റിപ്പോർട്ടു ചെയ്തതായിരുന്നു കാരണം. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രതികരണം ഒരു ഞെട്ടലായിരുന്നു. നിജസ്ഥിതി വീണ്ടെടുത്തതോടെ തന്നെക്കുറിച്ച് മരണവാർത്തയിൽ എന്താണെഴുതിയിരിക്കുന്നതെന്നറിയാനായി ജിജ്ഞാസ. 'ഡൈനാമറ്റ് സാമ്രാട്ട് അന്തരിച്ചു' എന്ന തലക്കെട്ട്. കൂടെ 'മരണത്തിന്റെ കച്ചവടക്കാരൻ' (Merchant of death) എന്ന അടിക്കുറിപ്പും. എന്തും പൊട്ടിത്തെറിപ്പിക്കാൻ കഴിവുള്ള ഡൈനാമറ്റ് കണ്ടുപിടിച്ച വ്യക്തിയായിരുന്നു അദ്ദേഹം. 'മൃത്യുവിന്റെ വ്യാപാരി' എന്ന വിശേഷണം അദ്ദേഹത്തെ ഇരുത്തി ചിന്തിപ്പിച്ചു. മരണാനന്തരം താൻ ഇങ്ങനെയാണോ അറിയപ്പെടാൻ പോകുന്നത്? - അദ്ദേഹം തന്നോടുതന്നെ ചോദിച്ചു. വികാരങ്ങളെ സ്വാന്ത്വനപ്പെടുത്തി അദ്ദേഹം ഒരു തീരുമാനമെടുത്തു. ഇല്ല, മരണാനന്തരം ഇത്തരം ഒരു ദുഷ്പ്പേര് താൻ ആഗ്രഹിക്കുന്നില്ല. അന്നുമുതൽ അദ്ദേഹത്തിന്റെ ജീവിതരീതിക്കും പ്രവർത്തന ശൈലിക്കും ഒരു ദിശാമാറ്റം ഉണ്ടായി. ലോകസമാധാനത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പേരാണ് ആൽഫ്രട്ട് നോബൽ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന്റെ ഉപജ്ഞാതാവായി. ഇന്നദ്ദേഹം ലോകം മുഴുവൻ അറിയപ്പെടുന്നു.

നല്ല പേര് സുഗന്ധതൈലത്തേക്കാൾ ഉത്തമം (സഭാപ്രസംഗി 7:1) എന്ന് ശലോമോൻ പ്രഖ്യാപിക്കുന്നു. മരണത്തെക്കുറിച്ചുള്ള ചിന്തകളെ അകറ്റി നിർത്താനാണ് പലരും ആഗ്രഹിക്കുന്നത്. മരണമെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ അവർ തയ്യാറല്ല. ഇതൊരിക്കലും സംഭവിക്കയില്ല എന്ന ധാരണ ഉളവാകുന്ന രീതിയിലാണവരുടെ ജീവിതം. പക്ഷേ മരണത്തെക്കുറിച്ച് ജീവിച്ചിരിക്കുമ്പോൾ തന്നെ പ്ലാൻ ചെയ്യുകയാണ് വേണ്ടതെന്നാണ് ശലോമോന്റെ അഭിപ്രായം. "നിങ്ങൾ മരിക്കാൻ തയ്യാറല്ലെങ്കിൽ ജീവിക്കാനും തയ്യാറല്ല" എന്ന് വി. പൗലൂസ് പ്രഖ്യാപിക്കുന്നു. "എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു." (ഫിലിപ്പിയർ 21.) ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്ക് ഈ ലോകത്തിലെ സുഖങ്ങൾ (സാമ്പത്തീകാഭിവൃദ്ധി, പ്രശസ്തി, അധികാരം, സുഖസൗകര്യങ്ങൾ, സ്ഥാനമാനങ്ങൾ) കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടിവരും. എന്നാൽ വിശ്വാസികൾക്ക്, നിത്യജീവൻ വാഗ്ദാനം ചെയ്യുന്ന പരലോകവും ലഭ്യമാകുന്നു. അതുകൊണ്ടാണ് വി. പൗലൂസ് പറയുന്നത് മരിക്കുന്നത് എനിക്ക് ലാഭമാണെന്ന്. മരണത്തിലൂടെ ഈലോകത്തിലെ കഷ്ടനഷ്ടങ്ങളിൽ നിന്ന് മോചിതനാകുന്നു. പരലോകത്തിൽ ദൈവത്തെ മുഖാമുഖം കാണാനും സാധിക്കുന്നു. (1 യോഹന്നാൻ 3:2,3).

ജീവിച്ചിരിക്കുമ്പോൾതന്നെ ആത്മീയ മരണം പ്രാപിച്ചവരാണ് പലരും. "ജീവനുള്ളവൻ എന്നു നിനക്കു പേര് ഉണ്ടെങ്കിലും നീ മരിച്ചവനാകുന്നു." (വെളിപാട് 3:1) ജീവിച്ചിരിക്കുമ്പോൾ വലിയ പദവിയും അധികാരവും സമ്പത്തും ഒക്കെ ഉണ്ടായിരിക്കാം. മരണാനന്തരം നിങ്ങളുടെ കുട്ടികളിൽ നിങ്ങളെക്കുറിച്ച് എന്ത് ചിന്തയാണ് അവശേഷിക്കുന്നത്? നിങ്ങളുടെ സുഹൃത്തുക്കളും സഹപ്രവർത്തകരും ബന്ധുക്കളും ആദരവോടും ബഹുമാനത്തോടും നിങ്ങളെക്കുറിച്ചോർക്കുമോ? അവരുടെ ജീവിതത്തിലെ പ്രചോദനകേന്ദ്രമായി നിങ്ങൾക്ക് അവരുടെ മനസ്സിൽ ശാശ്വത സ്ഥാനം ലഭിക്കുമോ? ഇത്തരം ചോദ്യങ്ങൾ ജീവിച്ചിരിക്കുമ്പോൾ നാം നമ്മോടുതന്നെ സ്വയം ചോദിക്കണം. ഇത്തരം ചിന്തകൾ നമ്മുടെ വ്യക്തിജീവിതത്തിൽ മാറ്റം വരുത്താൻ നമ്മേ സഹായിക്കും; ജീവിതത്തിന്റെ ദിശാമാറ്റത്തിനു പ്രേരിപ്പിക്കുന്നു. "നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുന്ന പുതിയ മനുഷ്യനാകാൻ" (2 കോരി. 4:16,17) സാധിക്കുന്നു." അതുകൊണ്ടാണ് ജീവിച്ചിരിക്കുമ്പോൾത്തന്നെ മരണത്തെക്കുറിച്ച് പ്ലാൻ ചെയ്യണമെന്ന് ശലോമോൻ പറയുന്നത്.

എല്ലാ മരണവും മറ്റൊരു മഹത്തായ ജീവന്റെ തുടക്കമാവണം. പ്രകൃതിയിൽ അതാണ് നാം കാണുന്നത്. ഫ്രാങ്ക് മിതാലിക്ക് എന്ന ഗ്രന്ഥകാരൻ "ടോണിക് ഫോർ ഹാർട്ട്" എന്ന ഗ്രന്ഥത്തിൽ പറയുന്നതു ശ്രദ്ധിക്കുക. "ഒരു ഗോതമ്പുമണി കുഴിച്ചിട്ടാൽ അതൊരു ചെടിയായി രൂപാന്തരപ്പെടുന്നു. ഐസ്കട്ട വെള്ളത്തെ തണുപ്പിച്ചുകൊണ്ട് അലിഞ്ഞ് ഇല്ലാതെയാകുന്നു. ഒരു തിരിനാളം കത്തി അമരുന്നത് ചുറ്റുപാടും പ്രകാശം പരത്തിയിട്ടാണ്. ശുദ്ധജലം നിങ്ങളെ കഴുകി വെടുപ്പാക്കിയതിനു ശേഷമാണ് അശുദ്ധമാകുന്നത്. ജന്തുക്കളും സസ്യങ്ങളും ജീവൻ വെടിയുന്നത് നിങ്ങൾക്ക് ആഹാരമായി സ്വയം അർപ്പിച്ചതിനു ശേഷമാണ്. ഈ പ്രവൃത്തികളിലൂടെ ഇവയുടെയെല്ലാം അസ്ഥിത്വം ഉൽകൃഷ്ടമായ മറ്റൊരു തലത്തിലേക്ക് സ്വയം ഉയരുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ പരിത്യാഗവും ഈ രീതിയിലുള്ള ആരോഹണം ആവണം." അവശേഷിക്കുന്നവരുടെ ജീവിതത്തെ ധന്യമാക്കിയിട്ട് യാത്ര പറയുന്നവർക്ക് മരണദിവസം ജന്മദിവസത്തേക്കാൾ ഉത്തമമാണ്. ഒരു "ഹാപ്പി ഡെത്ത് ഡേ" അവർ മരണത്തിലും വിജയം കണ്ടെത്തുന്നു. അവരെക്കുറിച്ചുള്ള ഓർമ്മ ജീവിച്ചിരിക്കുന്നവരിൽ എന്നും പച്ചപിടിച്ചു നിൽക്കും.

*(കെ.പി.ജെ.)*



# ബൈബിൾ പഠനം

*ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി – 682 308*

## ചോദ്യം — 1 തെസ്സലോന്യർ –3/4

1. "കഷ്ടങ്ങളിൽ കുടുങ്ങിപ്പോകുന്നവരെ സ്ഥിരപ്പെടുത്തുവാൻ വിശ്വാസം പഠിപ്പിക്കാൻ ആൾ വേണം" ഈ പ്രസ്താവന ശരിയോ തെറ്റോ?
2. മേല്പറഞ്ഞ വിധത്തിലായ തെസ്സലോനിക്യരെ പഠിപ്പിക്കാൻ വിട്ടത് ആരെ?
3. തെസ്സലോനീക്യരുടെ വിശ്വാസം എങ്ങനെയുള്ളതായിരുന്നു?
4. ആത്മീയമക്കൾ പിന്മാറ്റത്തിൽ പോയാൽ നാം എന്തു ചെയ്യണം?
5. 3:11–13 വരെയുള്ള പ്രാർത്ഥനയിലെ മൂന്ന് കാര്യങ്ങൾ ഏവ?
6. ജനത്തെ സംബന്ധിച്ച് ദൈവത്തിന്റെ ഇഷ്ടം എന്താണ്?
7. അശുദ്ധിയിൽ ജീവിക്കുന്നവൻ യഥാർത്ഥത്തിൽ എന്താണ് ചെയ്യുന്നത്?
8. 4:9–12 വരെ പറയുന്ന പ്രധാനപ്പെട്ട ഏഴ് കാര്യങ്ങൾ ഏവ?
9. സെമിറ്ററി എന്ന വാക്കിന്റെ അർത്ഥം?
10. 4:13–18 വരെയുള്ള വേദഭാഗം ശവസംസ്ക്കാരക്രമത്തിലെ ശ്ലീഹാ വായനയാണ്. ആരുടെ?

## ഉത്തരം — 1 തെസ്സലോന്യർ – 2

I a) വ്യർത്ഥമായിട്ടല്ല ദൈവത്തെ സ്തുതിക്കേണ്ടത് (2:1)
b) കഷ്ടവും അപമാനവും ഏല്ക്കണം (vv:2)
c) പോരാട്ടത്തോടെ സുവിശേഷം പ്രസംഗിക്കണം (2)
d) അബദ്ധത്തിൽ നിന്നോ (error) അശുദ്ധിയിൽ നിന്നോ (impurity) വ്യാജത്തോടെയോ അല്ല വേല ചെയ്യേണ്ടത് (V: 3, 4)
e) ദൈവത്തിന് കൊള്ളാകുന്നവരെ ദൈവം സുവിശേഷം ഭരമേല്പിക്കും (V:4)
f) മനുഷ്യരെ അല്ല, ദൈവത്തെ പ്രസാദിപ്പിക്കണം (V:4)
g) മുഖസ്തുതി പാടില്ല (V:5)
h) ദ്രവ്യാഗ്രഹത്തിന്റെ മുഖമൂടിപോലും പാടില്ല. (V:5)
i) അംഗീകാരവും ബഹുമാനവും ആഗ്രഹിക്കരുത് (V:6)
j) വാത്സല്യമുള്ള മാതാവ് സ്വന്ത ശിശുവിനെ കരുതുന്നതുപോലെ കരുതണം (V:7)
k) പ്രാണൻകൂടി വച്ചു കൊടുക്കുവാൻ തയ്യാറാകണം (V:8)
l) രാത്രി കൂടാരപ്പണി ചെയ്തു ചിലവ് നടത്തി, പകൽ സുവിശേഷ വേലചെയ്തു (S:9)
m) സമ്പൂർണ്ണ വിശുദ്ധിയും സമർപ്പണവും ഉണ്ടാകണം (10)
n) അപ്പൻ മക്കളെ എന്നപോലെ ജനത്തെ ഉപദേശിച്ചും പഠിപ്പിച്ചും ശീലിക്കണം. (V:12)

II
1) യേശുവിനെയും സ്വന്ത പ്രവാചകരെയും കൊന്നു. (V:13)
2) ഞങ്ങളെ ഓടിച്ചു കളഞ്ഞു (V:14)
3) മനുഷ്യരെ പീഡിപ്പിക്കുന്നതു പോലെ
4) സകല മനുഷ്യരുടെയും വിരോധികൾ ആകുന്നു (V:15)
5) ജാതികളോടു സുവിശേഷം താല്പര്യപൂർവ്വം അറിയിക്കണം (V:16)

III സാത്താൻ (V:18)

IV ആശയും, സന്തോഷവും, പ്രശംസാ കിരീടവും (V:19)

V പത്രോസ് മാർ ഒസ്താത്തിയോസ്

**Seek Proposals From Medical Doctors (MD/MS/MBBS)**

For a fair, Good looking, God Fearing girl, 24 years, 152 cms tall, completing house surgency in Christian Dental College, Ludhiana. She hails from an ancient Syrian Christian family in Mulanthuruthy, Ernakulam District. Father working in an Orthodox Church Mission Hospital. Please write all particulars and a recent photograph to P.O. Box. 53, Kunnamkulam 680503.

Phone: 04885-222939, Mob: 9847034161

*For Favours Received*



**Abraham Mathew**
**Rosamma**
**Biju-Vijila & Binu**

*Mumbai-78*

## ജോസഫ് മാർ പക്കോമിയോസ് മെഡിക്കൽ സെന്റർ നിർമ്മാണം അവസാന ഘട്ടത്തിൽ



കണ്ടനാട് ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സ്മരണയ്ക്കായി മെത്രാപ്പോലീത്തായുടെ ജന്മനാടായ പിറവത്ത് ജോസഫ് മാർ പക്കോമിയോസ് മെഡിക്കൽ സെന്റർ (ജെ.എം.പി) എന്ന പേരിൽ ആശുപത്രി സമുച്ചയം പണി തീർക്കുന്നു.

മാർ പക്കോമിയോസ് കബറടങ്ങിയിട്ടുള്ള മുളക്കുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കർമേൽകുന്ന് പള്ളി ആസ്ഥാനമായുള്ള പീസ് ഫൗണ്ടേഷനാണ് ആശുപത്രിക്കു നേതൃത്വം നൽകുന്നത്.

മൂന്നു ഘട്ടങ്ങളിലായി നിർമിക്കുന്ന ആശുപത്രി സമുച്ചയത്തിന്റെ അഞ്ചു നിലകളും നാൽപ്പതിനായിരം ചതുരശ്ര അടിയുമുള്ള ഒന്നാം ഘട്ടമാണ് ഇപ്പോൾ പൂർത്തിയാകുന്നത്. ജനറൽ മെഡിസിൻ, ഓർത്തോ, ഗൈനോക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങൾക്കായി നൂറു കിടക്കകളോടെയാണ് പുതിയ ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നത്. ഇ.എൻ.ടി, നേത്ര വിഭാഗം, വിവിധ സ്പെഷലൈസ്ഡ് വിഭാഗങ്ങളും താമസിയാതെ പ്രവർത്തനമാരംഭിക്കും. അടുത്ത ഘട്ടങ്ങളിലായി നഴ്സിങ്ങ് സ്ക്കൂൾ, ഓൾഡ് എയ്ജ് ഹോം, വിവിധ പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയും തുടങ്ങും.


### സുവിശേഷ ഗീതങ്ങൾ

(പരിഷ്ക്കരിച്ച അഞ്ചാം പതിപ്പ്)

പേജ്: 240, ലാമിനേറ്റ് കവർ

*മലങ്കര ഓർത്തഡോക്സ്സഭ പ്രാർത്ഥനായോഗം പ്രസിദ്ധീകരിക്കുന്നത്.*

270 ഗീതങ്ങൾ, 110 ആശ്വാസ വേദവചനങ്ങൾ, നിത്യ കുടുംബാരാധന ക്രമങ്ങൾ, പ്രത്യേക സന്ദർഭങ്ങളിലെ പ്രാർത്ഥനകൾ, മാർ അപ്രേമിന്റെ അനുതാപ കീർത്തനങ്ങൾ, പെരുനാൾ ഭവന വാഴ്വ് ഗീതങ്ങൾ, കുക്കിലിയോൻ. ഈക്കൊല്ലത്തെ മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം സെപ്റ്റം. 7-ന് എല്ലാ പള്ളികളിലും ആചരിക്കുന്നു. അതിനുത്തമമായ പ്രാർത്ഥനാപുസ്തകമാണിത്.

ലഭിക്കുന്ന സ്ഥലങ്ങൾ

പ്രാർത്ഥനായോഗം കേന്ദ്ര ഓഫീസ്, ദേവലോകം (ഫാ. സി. സി. ജോൺ, 0481 2578060)

പബ്ലിഷർ (ഫാ. റ്റി. ജെ. അലക്സാണ്ടർ, പാവൂർ ഹൗസ്, നന്തൻകോട്, തിരുവനന്തപുരം - 3, ഫോൺ: 0471- 2316980)

പരുമല (0479- 2314994)തുടങ്ങി സഭയുടെ മറ്റു കേന്ദ്രങ്ങളിലും പുസ്തകം ലഭിക്കുന്നതാണ്.

വില : 20 രൂപ (അച്ചടിച്ച പരിമിതമായ സ്റ്റോക്ക് തീരുന്നതുവരെ മാത്രം)


### നിയമിതനായി



നാഗപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി വൈസ് പ്രിൻസിപ്പലായി ഓതറ കൊട്ടയ്ക്കാട്ടു പുത്തൻവീട്ടിൽ ഫാ. നൈനാൻ കെ. ജോർജ്ജിനെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമിച്ചിരിക്കുന്നു. സെമിനാരിയുടെ ആരംഭ കാലം മുതൽ സെമിനാരിയിലെ മല്പാനായി പ്രവർത്തിക്കുന്ന അച്ചൻ വേദശാസ്ത്ര അദ്ധ്യാപകൻ കൂടിയാണ്.

### റാങ്ക്



അഖില മലങ്കര മർത്തമറിയം വനിതാ സമാജത്തിന്റെ വാർഷിക പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ശ്രീമതി മറിയാമ്മ മാത്യൂസ് പട്ടിയാണിക്കൽ മലബാർ ഭദ്രാസനത്തിലെ എരുമമുണ്ട സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി വികാരി ബ. മാത്യൂസ് പട്ടിയാനിക്കലച്ചന്റെ സഹധർമ്മിണിയും, ഭദ്രാസന ബസ്ക്യാമ അസ്സോസിയേഷൻ സെക്രട്ടറിയുമാണ്.

### സെന്റ് ബേസിൽ ബൈബിൾ സ്ക്കൂൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ ശാസ്താം കോട്ടയിലുള്ള സെന്റ് ബേസിൽ ബൈബിൾ സ്ക്കൂളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി ഒരു മാസത്തേ വേദപുസ്തക പഠനവും സഭാ വിശ്വാസ ആചാരാനുഷ്ഠാന പരിശീലനവും നടത്തി വരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒന്നിടവിട്ടുള്ള മാസങ്ങളിൽ ഇവിടെ താമസിച്ച് പഠിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ഇപ്പോൾ 40-ാമത്തെ ബാച്ച് സ്ത്രീകൾക്കായി നടന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞത് എസ്.എസ്.എൽ.സി. കഴിഞ്ഞവർക്ക് അപേക്ഷിക്കാം. കൂട്ടിയ പ്രായ പരിധി ഇല്ല. ഇടവക വികാരിയുടെ ശുപാർശ കത്തുമായി താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Fr. V.M. James, Director, St. Basil Bible School, Lake View, Muthupilakkadu P.O., Via-Poruvazhy, Sasthamkotta, Pin-690520, Ph: 0476-2831712 / 2830778

### മദ്ധ്യസ്ഥ പ്രാർത്ഥനാദിനം: സെപ്റ്റം. 7

മലങ്കര ഓർത്തഡോക്സ് സഭ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി സെപ്റ്റംബർ 7 ഞായറാഴ്ച ആചരിക്കും.

അന്നേ ദിവസം വി. കുർബ്ബാനയ്ക്കു ശേഷം സഭാ പ്രവർത്തകർക്കു വേണ്ടി സഭയ്ക്കു വേണ്ടിയും വിശ്വാസികൾക്കു വേണ്ടിയും വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ, രോഗികൾ, ആലംബഹീനർ, പ്രയാസം അനുഭവിക്കുന്നവർ, ദുശീലങ്ങൾക്ക് അടിമപ്പെട്ടവർ, എന്നിവർക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്ന് പ. കാതോലിക്കാ ബാവായുടെ നമ്പർ 122/2003 കല്പനയിൽ അറിയിക്കുന്നു.





### ഓർത്തഡോക്സ് യുവസംഗമം അൽബേനിയായിൽ

കോട്ടയം:- ലോകത്തിലെ ഓർത്തഡോക്സ് യുവജന പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ സിൻഡസ്മോസിന്റെ 17-ാമത് ജനറൽ അസംബ്ലി 14 മുതൽ 22 വരെ അൽബേനിയായിൽ നടക്കും. ഡൂറസിലെ ഓർത്തഡോക്സ് തിയോളജിക്കൽ അക്കാഡമിയിൽ നടക്കുന്ന സമ്മേളനത്തിന്റെ ചിന്താവിഷയം "നിങ്ങൾ എന്റെ സാക്ഷികൾ ആകും" എന്നതാണ്. 45 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ എത്തിച്ചേരുന്ന ജനറൽ അസംബ്ലിയിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഫാ. ഡോ. എം. സി. ചെറിയാൻ, ഫാ. വിൽസൻ മണലേത്ത്, ഫാ. കുര്യൻ ദാനിയേൽ, ജേക്കബ് ജോൺ എന്നിവർ സംബന്ധിക്കും.


### ജൂണിയർ നാംസ് ഏകദിന കൂട്ടായ്മ

ജൂണിയർ നാംസ് 2003 മെയ് മാസം നടത്തിയ കോൺഫറൻസിന്റെ തുടർച്ചയായുള്ള ഏകദിന സമ്മേളനം 2003 സെപ്തം. 13 ശനിയാഴ്ച രാവിലെ 9.30-ന് മാവേലിക്കര സെന്റ് പോൾസ് എം.റ്റി.സി.യിൽ നടത്തപ്പെടും. 2003 മെയ് കോൺഫറൻസിന്റെ അംഗങ്ങളും അതിനു നേതൃത്വം നല്കിയവരും ഇതിൽ പങ്കെടുക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ പങ്കുകൊണ്ടിട്ടുള്ളവർക്ക് മുന്നറിയിപ്പോടെ ഇതിൽ പങ്കെടുക്കാം.

കോഴ്സ് ഡയറക്ടർ-ഡോ. പി. എം. തോമസ്

### 16-ാം ഓർമ്മ

22-08-2003



**വയലത്തല വെള്ളാട്ടേത്തു**
**ഫാ. വി. സി. ഏബ്രഹാം (കാട്ടൂരച്ചൻ)**

(അന്നേ ദിവസം വയലത്തല സ്ലീബാപള്ളിയിൽ വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും നടത്തുന്നു.)

### സ്പെഷ്യൽ സ്ക്കൂൾ ആരംഭിക്കുന്നു

സുൽത്താൻ ബത്തേരി ഭദ്രാസനം വകയായി ബത്തേരി K.S.R.T.C. ക്കു സമീപം ഒലിവ് മലയിൽ മന്ദബുദ്ധികൾക്കായി സ്പെഷ്യൽ സ്ക്കൂൾ തുടങ്ങും.

സ്പെഷ്യൽ സ്ക്കൂളിൽ പ്രവർത്തിക്കാൻ സേവനസന്നദ്ധരും, പരിചയമുള്ളവരുമായവരെ ആവശ്യമുണ്ട്. 5 നും 20 നും മദ്ധ്യെ പ്രായമുള്ളവരും, മാനസിക വൈകല്യമുള്ളവരും ഈ സ്ക്കൂളിൽ ചേരാൻ താല്പര്യമുള്ളവരുമായവരുടെ രക്ഷിതാക്കൾ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ, നിർമലഗിരി അരമന, പൂമല പി.ഓ., സുൽത്താൻ ബത്തേരി, വയനാട് ജില്ല എന്ന വിലാസത്തിലൊ (04936) 220969, 240898 എന്നീ ഫോൺ നമ്പരുകളിലൊ ബന്ധപ്പെടണമെന്ന് ഭദ്രാസന സെക്രട്ടറി ഫാ. റ്റി. പി. മാത്യൂസ് അറിയിച്ചു.


### "യേശുവിനെ നോക്കുക"

ഫാ. റ്റി. ജെ. ജോഷ്വയുടെ അഞ്ചു പ്രസംഗങ്ങൾ

കോട്ടയം ബസേലിയോസ് കോളജ് ഓഡിറ്റോറിയത്തിൽ, കൃപ എന്ന ഓർത്തഡോക്സ് പ്രാർത്ഥനാ സംഘത്തിൽ "യേശുവിനെ നോക്കുക" എന്ന ശീർഷകത്തിൽ ഫാ. റ്റി. ജെ. ജോഷ്വാ നടത്തിയ അഞ്ചു പ്രസംഗങ്ങൾ ഓഡിയോ കാസറ്റിൽ പ്രസിദ്ധീകരിക്കുന്നു. ഫാ. എം. പി. ജോർജ്ജ് നയിക്കുന്ന ഗായക സംഘങ്ങളുടെ ഗാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ചു കാസറ്റുകളും ഒരുമിച്ചെടുക്കുമ്പോൾ വില 200 രൂപാ. സിംഗിൾ കാസറ്റിനു വില 50 രൂപാ.





### ഷേർലിക്യാന്റിൽ വർക്സ്

ഇളകൊള്ളൂർ പി. ഓ. കോന്നി,
പത്തനംതിട്ട
Ph: 0468-2245319 (O)
2362611 (R)

1) കവർ തിരികൾ എല്ലാ ഇനങ്ങളും
2) ചർച്ച് ക്യാന്റിൽ ഹാൻഡ് മെയ്ഡ് & മോൾഡ് കുറ്റിതിരികൾ, സ്റ്റാൻഡ് ക്യാന്റിൽ.
3) ആവശ്യാനുസരണം ഏതു സൈസിലും വലുപ്പത്തിലും മെഴുകുതിരികൾ നിർമ്മിച്ചു നൽകുന്നതാണ് ബർത്ത്ഡേ, വെഡിംഗ്, ഫങ്ഷൻ etc.

പത്തനംതിട്ട ജില്ലയിലെ ഏക വനിതാസ്ഥാപനം. വിതരണക്കാരെ ആവശ്യമുണ്ട് മേൽ കാണിച്ച അഡ്രസിലോ ഫോൺ നമ്പരിലോ സമീപിക്കാം.







ഒരു വിശ്വാസി

Omana Jacob
Mumbai

## ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മലങ്കരസഭ *10-ാം പേജിൽ നിന്നു തുടർച്ച*

ക്കുകയും വേണം.

**യുവാക്കളുടെ സന്നദ്ധ സംഘടന (Youth Voluntary Programme)**

സഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള യുവതീയുവാക്കൾക്കായി ഒരു യുവജന സന്നദ്ധ സംഘടന സഭയിൽ രൂപീകരിക്കുന്നതു നന്നായിരിക്കും. സഭയ്ക്ക് വിപുലമായ പ്രവർത്തന മേഖലകളുണ്ടെങ്കിലും ആ രംഗങ്ങളിൽ സേവനം നടത്താനുള്ള സാദ്ധ്യതകളെക്കുറിച്ച് യുവാക്കൾക്ക് വേണ്ടത്ര ധാരണ ഉണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ, ആശ്രമങ്ങൾ, സെമിനാരികൾ, സാമൂഹിക സേവന പ്രവർത്തനങ്ങൾ തുടങ്ങിയവയിലൊക്കെ സേവന സന്നദ്ധരായ യുവതീയുവാക്കൾക്ക് പ്രവർത്തിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നത് നന്നായിരിക്കും. വിവിധ പ്രവർത്തന മേഖലകളുമായി പരിചയപ്പെടാൻ യുവാക്കളെ സഹായിക്കുന്ന ഒരു പ്രവൃത്തി പരിചയം എന്ന നിലയിലും സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ പ്രത്യേക മേഖലകളിൽ പരിശീലനം ലഭിച്ചിട്ടുള്ള യുവതീയുവാക്കളുടെ സേവനം സഭയ്ക്ക് ലഭ്യമാകുന്ന ഒരു പരിപാടി എന്ന നിലയിലും സന്നദ്ധ സംഘടനയ്ക്ക് പ്രസക്തിയുണ്ട്. സഭയുടെ പ്രവർത്തനങ്ങളുമായി സഭാംഗങ്ങൾക്ക് കൂടുതൽ അടുത്ത് ബന്ധപ്പെടുന്നതിനുള്ള ഒരു അവസരമാണ് ഇതിലൂടെ ലഭ്യമാകുന്നത്. സഭാസേനവത്തിന് തല്പരരായ ആത്മാർത്ഥതയുള്ള യുവതീയുവാക്കളെ കണ്ടെത്തുന്നതിനും അവർക്ക് അവസരങ്ങൾ നൽകുന്നതിനും 'ഇത് ഏറെ പ്രയോജനപ്പെടും. യുവജന പ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, വിദ്യാർത്ഥി പ്രസ്ഥാനം എന്നീ ആദ്ധ്യാത്മിക സംഘടനകളിൽനിന്ന് യൂത്ത് വോളണ്ടറി പ്രോഗ്രാമിലേക്ക് സന്നദ്ധ പ്രവർത്തകരെ ക്ഷണിക്കാവുന്നതാണ്.

**സഭാചരിത്ര പഠന കേന്ദ്രം**

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തെ സംബന്ധിച്ച് ഒട്ടനവധി ഗ്രന്ഥങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമായി ഇന്ന് ലഭ്യമാണ്. എന്നാൽ ആഴത്തിലുള്ള ഗവേഷണത്തിന്റെ ഫലമായി രൂപം കൊണ്ട ചരിത്ര ഗ്രന്ഥങ്ങൾ എണ്ണത്തിൽ കുറവാണ്. ഏറിയ പങ്കും ചർവ്വിതചർവ്വണങ്ങളായി അനുഭവപ്പെടുന്നതും ഗവേഷണത്തെ ഒരു തപസ്യയായി കാണാത്തതുകൊണ്ടാണ്.

പോർട്ടുഗീസുകാരുടെ വരവിനുശേഷമുള്ള മലങ്കരസഭയുടെ ചരിത്രത്തെ സംബന്ധിച്ച് ഏറെക്കുറെ ധാരണകൾ നമുക്കുണ്ടെങ്കിലും പലമേഖലകളിലും ഇപ്പോഴും അവ്യക്തതകൾ നിഴലിക്കുന്നുണ്ട്. പോർട്ടുഗീസ് കാലത്തിനു മുമ്പുള്ള ചരിത്രം ഇപ്പോഴും ഊഹാപോഹങ്ങളിലും കേട്ടുകേഴ്വികളിലും മാത്രം അധിഷ്ഠിതമായിരിക്കുന്നു. പേർഷ്യൻ സഭയുമായി മലങ്കര സഭയ്ക്കുണ്ടായിരുന്ന ബന്ധത്തെ സംബന്ധിച്ചും വ്യക്തമായ ധാരണ ഇല്ലാതാണിരിക്കുന്നത്. ഇപ്പോൾ വിവിധ രാജ്യങ്ങളായി ചിതറിക്കിടക്കുന്ന പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിൽ മലങ്കര സഭയുടെ പുരാതന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന രേഖകൾ ഉണ്ടായിരിക്കില്ലേ? പോർട്ടുഗീസ് കാലത്തിനുമുമ്പുള്ള കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതരീതിയും വിശ്വാസവും എന്തായിരുന്നു? ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങൾക്കുള്ള മറുപടി ശാസ്ത്രീയമായ ഗവേഷണ പഠനത്തിലൂടെ മാത്രമേ നൽകാൻ സാധിക്കുകയുള്ളു.

ഇത്തരം ഗവേഷണ പഠനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു സഭാചരിത്ര ഗവേഷണ കേന്ദ്രം സഭയ്ക്ക് സ്ഥാപിക്കാൻ സാധിച്ചാൽ അതും വളരെ പ്രയോജനകരമായിരിക്കും.

**സഭയ്ക്ക് ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം**

സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മലങ്കരസഭ മാസിക' നിലവാരമുള്ള ഒരു നല്ല പ്രസിദ്ധീകരണമായി പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം തന്നെ സഭയുടെ പ്രവർത്തനങ്ങളെ കേരളത്തിനു പുറത്തും ഇന്ത്യയ്ക്കു പറത്തും ഇതര സഭാവിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിന് സഹായകരമായ ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം നമുക്ക് ആവശ്യമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ ലോകത്തിലെ വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളിൽ എത്തിക്കുന്നതിന് ഇത് സഹായകമാവും. ഇതര സഭകളുമായുള്ള സഭയുടെ ബന്ധവും സഭയുടെ ഔദ്യോഗിക പരിപാടികളും പ്രവർത്തനങ്ങളും വിവിധ മേഖലകളിലുള്ള സഭയുടെ പ്രവർത്തനങ്ങളും സഭാചരിത്രവും വിശ്വാസവും എല്ലാം മറ്റു സഭാവിഭാഗങ്ങൾക്ക് ഗ്രഹിക്കാൻസഹായകമാവുന്ന വിധത്തിലുള്ള ഒരു പ്രസിദ്ധീകരണമായിട്ടുവേണം അത് ആസൂത്രണം ചെയ്യേണ്ടത്.

**കാതോലിക്കേറ്റ് ശതാബ്ദി**

മലങ്കര ഓർത്തഡോക്സ് സഭയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതിന്റെ ശതാബ്ദി 2012 സെപ്തംബർ 15-ന് ആണ്. ഈ നൂറു വർഷങ്ങൾ സഭയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരുന്നു. സഭയിൽ വിവിധ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ രൂപം കൊണ്ടതും സാമൂഹിക സേവന രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ചതും വിദ്യാഭ്യാസ-ആരോഗ്യ പരിപാലന രംഗങ്ങളിൽ വലിയ കാൽവയ്പുകൾ നടത്തിയതും എല്ലാം ഈ കാലയളവിലാണ്. അതോടൊപ്പംതന്നെ ഇക്കാലത്ത് വിഘടിത വിഭാഗം അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി എന്ന കാര്യവും നമുക്ക് വിസ്മരിക്കാൻ സാദ്ധ്യമല്ല. കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുമ്പോഴേക്കും മലങ്കര ഓർത്തഡോക്സ് സഭ ഏക സഭയാണെന്നും അത് സ്വതന്ത്രമായ കാതോലിക്കേറ്റിൽ അധിഷ്ഠിതമാണെന്നും വൈദേശിക ശക്തികൾക്ക് അതിൽ യാതൊരു സ്വാധീനവുമില്ലെന്നുമുള്ള യാഥാർത്ഥ്യം എല്ലാവരെയും അംഗീകരിപ്പിക്കുവാൻ നമുക്ക് സാധിക്കണം. വ്യവഹാരങ്ങൾക്ക് അറുതിയുണ്ടായി വികസനത്തിന്റെ പാതയിൽ മുമ്പോട്ടുപോകുവാൻ പുതിയ നൂറ്റാണ്ടിൽ സഭയ്ക്ക് കഴിഞ്ഞാൽ ക്രൈസ്തവ സാക്ഷ്യം ലോകത്തിന് വേണ്ട വിധത്തിൽ വെളിപ്പെടുത്തിക്കൊടുക്കുവാൻ നമുക്ക് സാധിക്കും. അതിന് വ്യക്തമായ ആസൂത്രണത്തോടുകൂടിയുള്ള കർമ്മ പദ്ധതികളാണ് ആവശ്യം. കാതോലിക്കേറ്റിന്റെ ശതാബ്ദിയെ മുന്നിൽ കണ്ടുകൊണ്ട്, അത് ആഘോഷിക്കുമ്പോഴേക്കും സഭയ്ക്ക് ഒരു പുതിയ മുഖച്ഛായ ഉണ്ടാക്കുവാൻ നമുക്ക് സാധിക്കണം. അതിനുള്ള കർമ്മ പദ്ധതികൾക്ക് ഇപ്പോൾത്തന്നെ തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. സഭാ മാനേജിംഗ് കമ്മറ്റിയും പ. സുന്നഹദോസും ഇക്കാര്യത്തിൽ ഉചിതമായതു ചെയ്യും എന്ന് പ്രത്യാശിക്കാം.




**Academic Publishers, Kottayam announces the Publication and Pre-publication scheme of**

**Orthodox Christianity in India**
**A History of the Malankara Orthodox Church, AD 52-2002**

*By*

**Dr. C. V. Cheriyan**

*formerly*

*Director and Professor, School of International Relations, and Dean, Faculty of Social Sciences, Mahatma Gandhi University, Kottayam*

Hard-bound. Pp. XXXIV + 512(546), Dy. 1/8. Price in India : Rs. 300/. Price outside India $ 30/-

**Chapters :** 1) The Tradition of the Mission of St. Thomas in India; 2) Early Landmarks : From the Martyrdom of St. Thomas to the Visit of Cosmas Indicopleustes, AD 72-522; 3) Christianity in Malabar: From the Departure of Cosmas Indicopleustes to the Arrival of Vasco da Gama, AD 522-1498; 4) Religious and Socio-Political Life of Christians During Ancient and Medieval Times; 5) Portuguese Presence in Keralam, the Synod of Udayamperur, and Roman Hegemony, AD 1599-1653; 6) The Era of Pakalomattom Episcopacy, AD 1653-1817; 7) A Mission of Help From Britain and its Aftermath; 8) The Antiochene Interlude, AD 1876-1912 and 9) The Malankara Church Since AD 1912. Also, Epilogue; Appendices; Bibliography and Index.

**The Supreme Head of the Malankara Church His Holiness Baselius Mar Thoma Mathews II in Kalpana No. 114/2003 dated 7 June 2003 writes :**

"We are happy to say that Dr. Cheriyan has brought out an authentic and objective account of the major events in the long history of the Malankara Orthodox Church spanning over a period of twenty centuries. His experience as a teacher, researcher and author in the areas of History and International Relations has stood him in good stead in writing this history of the Malankara Church.

"We hope that the book will be well-received by the Indian Orthodox community all over the world, and also by all those who are interested in the history of Christianity in India. We bless him and wish him all success."

**Rev. Fr. Dr. K. M. George, Principal, Orthodox Theological Seminary, Kottayam in his Foreword writes:**

"... Dr. Cheriyan is deeply aware of the socio-political and cultural dimensions of the historical vicissitudes of the ancient Malankara Church over the centuries. In writing this history, he is inspired by the vision of a truly Indian Church, deeply rooted in the Indian religious-cultural context and open to the world heritage of Christianity.

"Dr. Cheiryan's theological understanding and his faith-commitment are integral to his philosophy of church history as it is presented in the present volume.

" I am sure that Dr. Cheriyan's committed vision and his close spiritual ties with various Church traditions and his desire for Christian unity as expressed in this volume will bear fruit in the years to come. I wish all success to his remarkable academic and spiritual initiatives."

**Date of Publication :** 1 September 2003

**Pre-publication Scheme**

**Pre-publication Price:** In India, Rs. 200/- The books will be supplied at the Pre-publication price for all orders received on or before 1 September 2003 at our expense by Postal/Courier/ Parcel Service, or through messenger at some common place like church premises to be specified.

All orders should be accompanied by the price of the books ordered by Money Orders/Demand Drafts drawn in favour of Academic Publishers, Kottayam.

All orders should be addressed to : Academic Publishers,
IX-193, College Road, Kottayam-686001,
Kerala State. Telephone : 0481-2566 507

Kottayam. 1 August 2003

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05
THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038

## 2–ാം ചരമവാർഷികം

11-08-2003



*"പ്രാർത്ഥനയിൽ മേൻമേൽ എന്നെ ഓർപ്പീൻ
എന്നെ മറന്നീടാൻ ഇടയാകരുതെ"*

# M. MATHEW MUTHOOTTU

**Founder - Muthoott Group**
**Chairman - Muthoott Mini Group**

*Inserted by: Sorrowing Family*

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 · FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-